സുറിയാനി സഭയിലെ
ഹെവോറൊ ആഴ്ചയിലെയും
പരിശുദ്ധന്മാരുടെയും പ്രുമിയോൻ

# സുറിയാനി സഭയിലെ
# ഹെവോറൊ ആഴ്ചയിലെയും
# പരിശുദ്ധന്മാരുടെയും പ്രുമിയോൻ

പരിഭാഷകൻ
മ്ശബ്ലോനൊ തോബൊ
ദീവന്നാസിയോസ് ഗീവർഗ്ഗീസ് മെത്രാപ്പോലീത്താ
മഞ്ഞനിക്കര ദയറാ

*(Malayalam)*

**SURIANI SABHAYILE**
**HEVORO AAZHCHAYILEYUM**
**PARISUDHANMARUDEYUM PRUMIYON**

Translated in Malayalam by
Metropolitan Deevannasios Geevarghese
© Rights Reserved
First Impression: 12-12-12

Published by Metropolitan Deevannasios Geevarghese
Mor Ignathios Dayara, Manjinikkara

Printed at Alois Graphics, Kottayam. Tel: 2569847
aloisgraphics@gmail.com

Price ₹ 80.00

# സുറിയാനി സഭയിലെ ഹെവോറൊ ആഴ്ചയിലെയും പരിശുദ്ധന്മാരുടെയും പ്രുമിയോൻ

സുറിയാനിയിലുള്ള പെൻകീസാക്രമത്തിൽനിന്നും
ശ്രേഷ്ഠാനുമതിയോടെ പരിഭാഷപ്പെടുത്തിയത്

പരിഭാഷകൻ:

**ദീവന്നാസിയോസ് ഗീവർഗ്ഗീസ് മെത്രാപ്പോലീത്താ**
**മഞ്ഞനിക്കര ദയറാ**

# സമർപ്പണം

എന്റെ ഗുരുഭൂതനായ
മ്ശബലോനോ തോബോ യാക്കോബ്
മാർ യൂലിയോസ് മെത്രാപ്പോലീത്തായുടെ
പാവന സ്മരണയ്ക്ക്

## ഉള്ളടക്കം


**ഹെവോറെ ആഴ്ചയിലെയും**
**പരിശുദ്ധന്മാരുടെയും പ്രുമിയോൻ സെദ്റാകൾ**

തിങ്കൾ സന്ധ്യ 9

തിങ്കൾ പ്രഭാതം 14

ചൊവ്വാ സന്ധ്യ 20

ചൊവ്വാ പ്രഭാതം 25

ബുധൻ സന്ധ്യ 31

ബുധൻ പ്രഭാതം 36

വ്യാഴം സന്ധ്യ 41

വ്യാഴം പ്രഭാതം 46

വെള്ളിയാഴ്ച സന്ധ്യ (മൗദ്യോനേ) 51

വെള്ളി പ്രഭാതം 56

ശനിയാഴ്ച സന്ധ്യ 60

ശനി പ്രഭാതം 65

**പരിശുദ്ധന്മാരുടെ പ്രുമിയോൻ**

പരിശുദ്ധ ഏലിയാസ് തൃതീയൻ
പാത്രീയർക്കീസ് ബാവായുടെ ഓർമ്മ 71

കോതമംഗലത്ത് കബറടങ്ങിയിരിക്കുന്ന
പരിശുദ്ധ യൽദോ മോർ ബസ്സേലിയോസ് ബാവാ

സന്ധ്യയുടെ 75

പ്രഭാതത്തിന്റെ 79

സ്ലീബാ മോർ ഒസ്ത്താത്തിയോസ് ബാവായുടെ ഓർമ്മ 81

പരിശുദ്ധ മോർ കൂറീലോസ് പൗലൂസ് മെത്രാപ്പോലീത്തായുടെ ഓർമ്മ 84

മേൽപ്പട്ടക്കാരുടെ ഓർമ്മ നടത്തുമ്പോൾ 85

# ഹെവോറെ ആഴ്ചയിലെയും പരിശുദ്ധന്മാരുടെയും പ്രുമിയോൻ സെദ്റാകൾ

## തിങ്കൾ സന്ധ്യ

### സ്ലൂസോ

ദൈവമായ കർത്താവേ! നിന്നെ നിരപ്പാക്കുന്ന സൽപ്രവൃത്തികളോടും നിനക്കു പ്രീതികരമായ വെണ്മയുള്ള വസ്ത്രങ്ങളോടുംകൂടെ നിന്റെ പുനരുത്ഥാനത്തിന്റെ ഈ വിശുദ്ധ ദിവസത്തിൽ ഞങ്ങൾ വിളങ്ങി ശോഭിക്കുകയും, നിന്റെ ആഹ്ലാദകരമായ വ്യാപാരത്തിന്റെ പെരുന്നാളുകളിലും, പെസഹാകളിലും ഞങ്ങൾ പെരുന്നാൾ കൊണ്ടാടി ആഹ്ലാദിച്ച് സന്തോഷിക്കുകയും പ്രതീക്ഷിക്കപ്പെടുന്ന നിന്റെ ആഗമനത്തെ ഈ ദിവസത്തിന്റെ വെണ്മയോടുകൂടെ വെടിപ്പുള്ള വസ്ത്രങ്ങളാൽ എതിരേൽക്കുകയും ചെയ്യുവാൻ ഞങ്ങളെ യോഗ്യരാക്കണമെ. ഞങ്ങൾ നിനക്കും നിന്റെ പിതാവിനും, നിന്റെ പരിശുദ്ധ റൂഹായ്ക്കും സ്തുതിയും സ്തോത്രവും കരേറ്റും, ഹോശോ വബ്കുൽ സ്ബാൻ ലഒൽമ്മീൻ ആമ്മീൻ.

### പ്രുമിയോൻ

രാജകീയമായ തന്റെ സ്വരൂപത്തെ രക്ഷിച്ച് വീണ്ടെടുക്കുവാനായി തന്റെ ബഹുലമായ കരുണകളാൽ മാനുഷികമായ ജനനത്തിനു വരുകയും വിവാഹബന്ധം കൂടാതെ ജാതനാകുകയും വഞ്ചക ശിഷ്യനാൽ തിരുഹിതമായപ്രകാരം മരണത്തിനു ഏല്പിക്കപ്പെടുകയും, താൻ മരത്തിന്മേൽ യാഗമാക്കപ്പെട്ടപ്പോൾ ആദാമിന്റെ കടച്ചീട്ടിനെ കീറിക്കളയു

കയും, പാതാളത്തിൽ ശേഖരിക്കപ്പെട്ടിരുന്ന കൊള്ളയെ രക്ഷിക്കുകയും ചെയ്തവനും തന്റെ ദൈവീകമായ ഉത്ഥാനത്താൽ ശ്ലൈഹീക നിരയേയും രക്ഷിതരായ എഴുപതുപേരുടെ കൂട്ടത്തെയും ഉറപ്പിക്കുകയും യീഹൂദന്മാരായ ഭ്രാന്തജനത്തിന് സൃഷ്ടിയിൽ വലിയ ആക്ഷേപവും നിന്ദയും നൽകുകയും ചെയ്ത കാരുണ്യവാനായ കർത്താവിനു സ്തുതി. തനിക്ക് സന്ധ്യാപ്രാർത്ഥനയുടെ ഈ നേരത്തും സകല പെരുന്നാളുകളിലും, നേരങ്ങളിലും കാലങ്ങളിലും സമയങ്ങളിലും ഞങ്ങളുടെ ആയുഷ്കാലം മുഴുവനിലും സ്തുതിയും ബഹുമാനവും ആരാധനയും യുക്തമാകുന്നു. ബ്കുൽഹൂൻ യൗമ്മോസോ ദ്ഹായായ്ൻ ല്ഒൽമ്മീൻ.

### ഹൂസോയോ

മ്ഹസ്യോനൊ ഹോക്കിൽ....

### സെദ്റൊ

അദൃശ്യനായ പിതാവിൽനിന്നും വികാരമോ ചലനമോ കൂടാതെ ജനിക്കുകയും കന്യകമറിയാമിൽനിന്നും വിവാഹബന്ധം കൂടാതെ ഉദിക്കുകയും ഗ്രഹണശക്തിയുള്ള ബോധനീയ ആത്മാവാൽ പ്രസാദം തോന്നി ശരീരം ധരിക്കുകയും രക്ഷാകരമായ തന്റെ വ്യാപാരത്താൽ തന്റെ ശ്രേഷ്ഠസ്വരൂപമായ ആദാമിനെ ദുഷ്ടനിൽനിന്നും രക്ഷിക്കുകയും മരണത്തേയും സാത്താനേയും അവയുടെ അധികാരത്തേയും തന്റെ മരണത്താൽ മായിക്കുകയും തന്റെ ശക്തിയാൽ പാതാളത്തെ ചവിട്ടി മറിച്ചിടുകയും പ്രബലമായ അതിന്റെ ഓടാമ്പലുകളെ മുറിക്കുകയും ആദ്യംമുതലേ നിദ്രകൊണ്ടിരുന്നവരെ സന്ദർശിക്കുകയും തന്റെ പുനരുത്ഥാനത്താൽ കബറടക്കപ്പെട്ടവരെ കബറിൽനിന്നുദ്ധരിക്കുകയും തന്റെ മരണത്തിൽ വിലപിച്ചിരുന്ന ശിഷ്യന്മാരേയും ശിഷ്യസ്ത്രീകളേയും ആശ്വസിപ്പിച്ച് ധൈര്യപ്പെടുത്തുകയും മഹനീയമായ അത്ഭുതങ്ങളെ വിശ്വസിക്കാതിരുന്ന അക്രമികളായ യൂദന്മാരെ സൃഷ്ടിയിൽ എറിഞ്ഞ് ചിതറിച്ചുകളയുകയും ചെയ്ത മഹനീയ ശിശുവിന് സ്തുതിയും ബഹുമാനവും യോഗ്യമാകുന്നു. എമ്മവൂസിലേക്കുള്ള മാർഗ്ഗത്തിൽ യാത്രചെയ്യുകയും തന്റെ മരണത്തെക്കുറിച്ച് ദുഃഖത്തോടെ സംസാരിച്ചുകൊണ്ടിരുന്നവരായ ക്ലെയോഫായും ലൂക്കായുമാകുന്ന രണ്ട് സഹോദരന്മാരോട് ചേർന്നുനടക്കുകയും ഒന്നും അറിയാത്തവ



നെപ്പോലെ ഇപ്പോൾ നിങ്ങൾ എന്താണു സംസാരിക്കുന്നത് എന്നു ചോദിക്കുകയും ചെയ്തു. പരമാർത്ഥികളായ അവർ മറുപടിയായി, 'പക്ഷേ നീ ഊർശ്ലേമിൽനിന്നും അന്യനായിപ്പോയോ? അക്രമികളായ യൂദന്മാർ ഉത്തമനായവനോട് അസൂയയാൽ പ്രവർത്തിച്ചവയെക്കുറിച്ച് നീ അറിവില്ലാത്തവനാണോ? അവനെ അവർ മരത്തിന്മേൽ തറച്ചു. അവൻ ഇസ്രായേലിനെ രക്ഷിക്കുന്നവനെന്ന് ഞങ്ങൾ വിചാരിച്ചിരുന്നു. താൻ അരുളിച്ചെയ്തപ്രകാരം പാതാളത്തിൽ മടിഞ്ഞുകിടക്കുകയും മൂന്നാംനാൾ ഉയർത്തെഴുന്നേല്ക്കുയും പുനരുത്ഥാനം ചെയ്യുകയും നിങ്ങളെ സന്തോഷിപ്പിക്കുകുയും ചെയ്യും എന്നു പറഞ്ഞിട്ട് 'ഇതാ ഇപ്പോൾ മൂന്നുനാളായി' എന്നുപറഞ്ഞു. താൻ അവരോട് 'അല്പവിശ്വാസികളേ! നിങ്ങൾ എത്രത്തോളം വിശ്വസിക്കാതിരിക്കും.' കണ്ടാലും എഴുതപ്പെട്ടിരിക്കുന്നവയെല്ലാം അവനെക്കുറിച്ചാകുന്നു. അവയെ നിറവേറ്റുകയും മരണം രുചിക്കുകയും വാഗ്ദത്തം ചെയ്തതെല്ലാം നിവർത്തിക്കുകയും ചെയ്യേണ്ടത് യോഗ്യമാകുന്നു. സന്ധ്യാസമയത്ത് രാപാർക്കുവാനുള്ള സ്ഥലത്തോട് സമീപിച്ചപ്പോൾ അവർ വിശ്രമിക്കുവാൻ ആഗ്രഹിച്ചു. വാഴ്ത്തുവാൻ അവർ അവന് അപ്പം നല്കി. താൻ അതിനെ വാഴ്ത്തിയ ഉടൻ അവർ അത് സ്വീകരിച്ചു. ഉടനെ അവരുടെ കണ്ണുകൾ തുറക്കപ്പെട്ടു. അവരുടെ നിരൂപണങ്ങളിൽനിന്നും വൈകാരിക സംശയത്തെ അകറ്റി. അപ്പത്തിന്റെ വാഴ്വിനാൽ മൂന്നാം ദിവസമുള്ള തന്റെ ഉയർത്തെഴുന്നേൽപ്പിനെ ഉറപ്പായി സ്വീകരിച്ചു. അവരുടെ സഖിമാരെ ഉറപ്പിക്കുന്നതിനായി അവരുടെ നാഥനെ ക്രൂശിച്ച ഊർശ്ലേമിലേക്ക് അവർ സന്തോഷത്തോടെ മടങ്ങി. അവർക്ക് സംഭവിച്ചതെല്ലാം ശിഷ്യന്മാരോട് അറിയിച്ചു. കർത്താവ് കബറിൽനിന്ന് ഉയർത്തെഴുന്നേറ്റു എന്നും മടക്കത്തിൽ കീപ്പായ്ക്ക് കാണപ്പെട്ടു എന്നും അവർ അറിയിച്ചു. യൂദന്മാരെയുള്ള ഭയം നിമിത്തം എല്ലാവരും കൂടിയിരുന്ന രഹസ്യത്തിന്റെ മാളികയുടെ വാതിലുകൾ ബന്ധിച്ച് അവരിൽ ഓരോരുവനും തങ്ങളുടെ പക്കൽ പ്രവർത്തിക്കപ്പെട്ടിട്ടുള്ളവയെക്കുറിച്ചു സംസാരിക്കുകയും രഹസ്യത്തെ പരിചരിക്കുകയും ചെയ്തുകൊണ്ടിരുന്നപ്പോൾ സൃഷ്ടികളെ പ്രകാശിപ്പിക്കുന്ന സൂര്യൻ ശിഷ്യഗണത്തിന്റെ മദ്ധ്യേവന്നു നിന്നുകൊണ്ട് ഇപ്രകാരം പറഞ്ഞു. നിങ്ങൾക്ക് സമാധാനം! ഭയപ്പെടേണ്ട! ഞാൻ നിങ്ങളുടെ ഗുരുവാകുന്നു. നിങ്ങൾ എന്തിന് കലങ്ങുകയും സംഭ്രമിക്കുകയും ചെയ്യുന്നു? നിങ്ങളുടെ ഹൃദയങ്ങളിൽ ആകുലചിന്തകൾ കരേറിയതുമെന്ത്? ക്രൂശകരാൽ കഷ്ടപ്പാടുകൾ ഏറ്റ കൈകാലുകളും കുത്തേറ്റ വിലാവും പരിശോധിച്ച് സൂക്ഷിച്ച് നോക്കുക. നിങ്ങൾ അത്ഭുതപ്പെടേണ്ട. എന്തെന്നാൽ ഞാൻ നിങ്ങളുടെ ഗുരുവാകുന്നു എന്നെ വിശ്വസിപ്പിൻ. കഷ്ടതയും മരണവും സ്കീപ്പായും ഞാൻ

സഹിക്കുകയും ഞാൻ പറഞ്ഞിട്ടുള്ള പ്രകാരം മരിച്ചവരുടെ ഇടയിൽ നിന്നും മൂന്നാം നാൾ ഉയർത്തെഴുന്നേൽക്കുകയും ചെയ്യേണ്ടത് യുക്ത മാകുന്നു. നിങ്ങൾക്കുള്ള ഭക്ഷണം കൊണ്ടുവരുവിൻ എന്നു പറഞ്ഞു. അവർ അവന് വറുത്ത മീനും തേൻകട്ടയും നൽകി. അവരുടെ കൺമു മ്പിൽവെച്ച് താൻ അതു സ്വീകരിച്ചു ഭക്ഷിച്ചു. തന്റെ ഉയർപ്പിനെപ്പറ്റി അവരെ ഉറപ്പിച്ചു. ഉയർപ്പിനു മുമ്പും അതിനുശേഷവും താൻ ഏതു ശരീരത്തിലിരുന്നു ഭക്ഷിച്ചുവോ ആ നമ്മിൽ നിന്നെടുത്തതായ ശരീര ത്തിന്റെ നിജാവസ്ഥയെ താൻ ഉറപ്പിച്ചു. മോഹങ്ങളിൽ മുഴുകിയിരുന്ന നമ്മുടെ സ്വഭാവത്തെ തന്റെ ദൈവത്വമാകുന്ന അഗ്നിയുടെ യോജിപ്പാൽ ശക്തിപ്രാപിച്ചതിനെ മത്സ്യത്തിൽ കൂടെ താൻ സൂചിപ്പിച്ചു. തന്റെ മനു ഷ്യത്വത്താൽ ചൂടുപിടിച്ചവരെ വറുത്ത മത്സ്യമെന്നപോലെ ഉറപ്പിക്കു കയും തന്റെ ദൈവത്വത്തിൽ സംബന്ധപ്പെട്ടവരെ താൻ ഭക്ഷിച്ച തേൻകട്ടയാൽ സ്ഥിരീകരിക്കുകയും ചെയ്തു. താൻ എങ്ങനെ ഭക്ഷിച്ചു എന്ന് നമുക്കു പറയുവാൻ കഴിയുകയില്ല. ശ്ലൈഹീക വചനപ്രകാരം താൻ ഭക്ഷിക്കുകയും പാനം ചെയ്യുകയും ചെയ്തു എന്ന് നാം വിശ്വ സിക്കുന്നു. തന്റെ മരണത്തിൽ ശിഷ്യന്മാർ വിലപിച്ചുകൊണ്ടിരിക്കു മ്പോൾ അവരെ തന്റെ സമാധാനത്താലും ദർശനത്താലും തന്റെ ഭക്ഷണം മുഖാന്തിരവും സന്തോഷിപ്പിക്കുകയും ആനന്ദിപ്പിക്കുകയും ഉറപ്പിക്കുകയും ചെയ്തു. അദ്ദേഹം അവർക്ക് വീണ്ടും സമാധാനം നൽകി, അവരോട് നിങ്ങൾക്കു സമാധാനം എന്നരുളിച്ചെയ്തു. പാപ ത്താൽ പഴകിയിരുന്ന ലോകം മുഴുവനേയും ശിഷ്യപ്പെടുത്തുവാൻ ഞാൻ നിങ്ങളെ അയക്കുന്നു. ഞാൻ ഊതി നിങ്ങൾക്കു നല്കുന്ന പരി ശുദ്ധാത്മാവിനെ പ്രാപിപ്പിൻ. നിങ്ങൾ ആരുടെയെങ്കിലും പാപങ്ങൾ ക്ഷമിക്കുന്നുവോ അവ ക്ഷമിക്കപ്പെടും; ആരുടെയെങ്കിലും പാപങ്ങൾ പിടിച്ചാൽ അവ പിടിക്കപ്പെടും എന്നും അരുളിച്ചെയ്തു. ആചാര്യത്വ ത്തിന്റെ ശ്രേഷ്ഠദാനത്തെ പത്ത് ശ്ലീഹന്മാരും ക്ലെയോഫായും ലൂക്കോ യുമാകുന്ന രണ്ട് അറിയിപ്പുകാരും ഉൾപ്പെടെ പന്ത്രണ്ട് പേർക്കു നല്കി. എന്തെന്നാൽ തോമ്മാ ഓടിയൊളിച്ചിരുന്നു. യൂദാ നശിച്ചുപോയിരുന്നു. പന്ത്രണ്ട് എന്ന സംഖ്യയ്ക്ക് കുറവുവരാതിരിക്കുവാൻ തന്നെ. ഇരട്ട എന്നു വിളിക്കപ്പടുന്ന തോമ്മായോട് ശിഷ്യന്മാർ, “ഞങ്ങൾ നമ്മുടെ കർത്താവിനെ കണ്ടു” എന്നു പറഞ്ഞു. എന്നാൽ അവൻ അവരുടെ വചനത്തെ വിശ്വസിച്ചില്ല. അവൻ മറുപടിയായി അവരോട് “അവന്റെ ആണിപ്പാടുകളെ കണ്ട് വിശ്വസിച്ചവരെപ്പോലെ ഞാനും കാണാതെ വിശ്വസിക്കുകയില്ല” എന്നു പറഞ്ഞു. പരിശുദ്ധ ആചാര്യത്വത്തിന്റെ ശുശ്രൂഷയെ പാളയത്തിൽ താമസിച്ച യൽദാദും മേദാദും ആത്മദാന ത്താൽ പ്രാപിച്ചപ്രകാരം, പ്രാപിക്കുന്നതിനവനെ യോഗ്യനാക്കി. പരിശു



ദ്ധാത്മാവ് അവരുടെമേൽ വസിക്കുകയും അവർ പ്രവചിച്ചു തുടങ്ങു കയും ചെയ്തപ്രകാരം തന്നെ. അവരുടെ നിരൂപണയുടെ അഗാധങ്ങ ളിൽ അവരെ വേദനിപ്പിച്ചുകൊണ്ടിരുന്ന ദുഃഖകരമായ സങ്കടത്തെ മാറ്റു കയും അതിനുപകരം സന്തോഷവും ആനന്ദവും അവരെ ധരിപ്പിക്കു കയും ചെയ്തു. രഹസ്യത്തിനുപകരം പരസ്യമായി അവർ തലകളു യർത്തി. അവരുടെ ആത്മാക്കളിൽ സന്തോഷം വാണു. അവരുടെ താഴ്ന്നിരുന്ന കൊമ്പ് ഉയർത്തപ്പെട്ടു. ആകയാൽ സകല ശ്വാസത്തി ന്റെയും പുനരുത്ഥാനവും ജീവനുമായ മ്ശീഹാ തമ്പുരാനേ! നിന്നോടു ഞങ്ങൾ അപേക്ഷിക്കുന്നു. നിന്റെ ശിഷ്യന്മാർക്ക് വെളിപ്പെട്ട ഈ ദിവ സത്തിൽ അവരുടെ ഹൃദയങ്ങളിൽനിന്നും കഷ്ടതകൾ അകറ്റിക്കളയു കയും അപ്പത്തിന്റെ അനുഗ്രഹത്താൽ അവരുടെ ബോധത്തെ പ്രകാ ശിപ്പിക്കുകയും ചെയ്തപ്രകാരം, ഞങ്ങളുടെ ഹൃദയങ്ങളിൽനിന്നും കഷ്ടതകളെ മായിച്ച് നിന്റെ വെളിപാടു നാളിൽ ഞങ്ങളെ ആനന്ദിപ്പിക്ക ണമെ. അവരുടെ കലക്കത്തെ സമാധാനപ്പെടുത്തുകയും, നിന്റെ മുറി പ്പാടുകൾ അവരെ കാണിക്കുകയും ചെയ്തപ്രകാരം ഞങ്ങളുടെ നിരൂപ ണയെ സമാധാനപ്പെടുത്തുകയും, നിന്റെ പ്രകാശം ഞങ്ങളെ ദർശിപ്പി ക്കുകയും ചെയ്യണമെ. നിന്റെ ശ്ലീഹന്മാർക്കു സന്തോഷം ഉണ്ടായതു പോലെ ഞങ്ങളെയും സന്തോഷിപ്പിക്കണമെ. നാഥാ! നിന്റെ നിരപ്പും സമാധാനവും അവരുടെ ഹൃദയങ്ങളിൽ വിതച്ചപ്രകാരം ഞങ്ങളുടെ ആത്മാക്കളിലും ശരീരങ്ങളിലും അവയെ വിതയ്ക്കണമെ. സാത്താനെ ജയിക്കുവാൻ ഞങ്ങൾക്ക് കൃപ നല്കണമെ. ആശ്വാസദായകനായ പരി ശുദ്ധറൂഹായെ അവർക്ക് അയച്ചുകൊടുത്തപ്രകാരം നീങ്ങിപ്പോകാത്ത ആത്മാവിനെ ഞങ്ങൾക്കു പ്രദാനം ചെയ്യണമെ. ജഡത്തിന്റെയും ആത്മാവിന്റെയും സകല അശുദ്ധിയിൽനിന്നും ഞങ്ങളെ ശുദ്ധീകരി ക്കണമെ. നിന്റെ തിരുമുഖ ദർശനത്താൽ അവരെ സന്തോഷിപ്പിച്ചതു പോലെ, നിന്റെ ആഗമനത്തിൽ നിന്റെ ദർശനം മുഖാന്തിരം ഞങ്ങ ളെയും സന്തോഷിപ്പിക്കേണമെ. നിന്നിലുള്ള പ്രത്യാശയിൽ നിദ്രപ്രാ പിച്ച വിശ്വാസികളായ പരേതരെ ആശ്വസിപ്പിക്കേണമെ. ഞങ്ങളും അവരും നിനക്കും നിന്റെ പിതാവിനും നിന്റെ പരിശുദ്ധറൂഹായ്ക്കും സ്തുതിയും സ്തോത്രവും ഇടവിടാതെ സമർപ്പിക്കും. ഹോശോ....

## എത്രൊ

ഞങ്ങളുടെ കർത്താധികർത്താവേ! നിന്നോടു ഞങ്ങൾ അപേക്ഷി ക്കുന്നു. തിരുമുമ്പിൽനിന്നും ഞങ്ങളെ തള്ളിക്കളയരുതെ. സന്തോഷങ്ങ ളുടെ ഈ പരിശുദ്ധ പെരുന്നാളിൽ ഞങ്ങൾ സമർപ്പിക്കുന്ന ഈ

ധൂപത്തെ നിരസിക്കരുതെ. പരിശുദ്ധ പിതാക്കന്മാരുടെ ധൂപത്താൽ അവർ നിന്നെ പ്രസാദിപ്പിച്ചപ്രകാരം ഈ ധൂപത്തേയും അംഗീകരിക്കുമാറാകേണമേ. ഈ ദിവസത്തിന്റെ വെണ്മയാൽ വിളങ്ങി ശോഭിക്കുവാനും, നിന്റെ വിരുന്നിനു വെണ്മയുള്ള വസ്ത്രങ്ങളെ തയ്യാറാക്കുവാനും നിന്റെ വിശുദ്ധ മണവറയിലേക്കു പ്രവേശിക്കുന്നതിനും, ക്ഷണിക്കപ്പെട്ടവരും വിളിക്കപ്പെട്ടവരും ആയവരോടൊപ്പം ഇമ്പപ്പെടുന്നതിനും ഞങ്ങൾക്ക് കൃപയരുളേണമെ. ഞങ്ങൾ നിനക്കും നിന്റെ പിതാവിനും നിന്റെ വിശുദ്ധ റൂഹായ്ക്കും സ്തുതിയും സ്തോത്രവും ഇടവിടാതെ സമർപ്പിക്കുമാറാകണമെ. ഹോശോ......

## ഹൂത്തോമ്മോ

ന്യായാധിപതിമാരുടെ ന്യായാധിപതിയായിരിക്കെ ന്യായപ്രമാണ രഹിതരായവരോടുകൂടെ ന്യായവിധി സ്വീകരിച്ച നീതിമാനും സത്യവാനും ആയ കർത്താവേ! കല്പന ലംഘനത്താൽ കുറ്റക്കാരായി ത്തീർന്ന ഞങ്ങളുടെ വർഗ്ഗത്തെ നീ വിജയികളാക്കി. എന്റെ നാഥാ! ഞങ്ങളുടെ ഇടയിൽനിന്ന് ഭിന്നതകളേയും തർക്കങ്ങളേയും മായിച്ചുകളയണമേ. സാത്താനെ ഞങ്ങളുടെ കാൽക്കീഴിൽ ചതയ്ക്കണമേ. ഞങ്ങളെ അടിമപ്പെടുത്താതിരിപ്പാൻ തക്കവണ്ണം അവന്റെ ശക്തിയെ തകർക്കണമേ. എന്നാലോ, ഞങ്ങളുടെ നഷ്ടപ്രായമായ അവസ്ഥയിൽ നിന്നും ഞങ്ങളെ ശേഖരിക്കണമെ. പാപികളോടും ലംഘനക്കാരോടും കരുണ ചെയ്യണമെ. ഞെരുങ്ങിയിരിക്കുന്നവരെ ആശ്വസിപ്പിക്കണമെ. നിദ്രപ്രാപിച്ചവരെ സ്വതന്ത്രരാക്കുകയും നിന്റെ വലതുഭാഗത്ത് അവരെ നിർത്തുകയും ചെയ്യേണമെ. ഞങ്ങൾ നിന്നെയും നിന്റെ പിതാവിനെയും നിന്റെ വിശുദ്ധറൂഹായേയും ഇപ്പോഴും എപ്പോഴും എന്നേക്കും സ്തോത്രം ചെയ്യുവാനായിട്ടുതന്നെ. ഹോശോ......

# തിങ്കൾ പ്രഭാതം

## സ്ലൂസോ

ജ്ഞാനിയായ സ്രഷ്ടാവേ! നീ മുകളിലും താഴെയുമുള്ള വെള്ളങ്ങൾക്കു മദ്ധ്യേ രണ്ടാം ദിവസം കർതൃകല്പനാശക്തിയാൽ ആകാശവിതാനത്തെ സൃഷ്ടിച്ചു. സകലത്തിലും ദൈവമായ നാഥാ! നിന്റെ കർതൃത്വത്തിന്റെ മഹനീയ ഉദയത്താൽ ഞങ്ങളെ സന്തോഷിപ്പിക്കണമെ. ഞങ്ങളുടെ കർത്താവും എന്നേക്കും ഞങ്ങളുടെ ദൈവവുമെ! നിന്റെ ഉയിർത്തെഴുന്നേല്പു ദിവസത്തിൽ ഞങ്ങളെ ആഹ്ലാദിപ്പിക്കണമെ. മോറാൻ വാലോഹാൻ........



## പ്രുമിയോൻ

സമർത്ഥനായ നിർമ്മിതാവും, പ്രഗത്ഭനും, ജ്ഞാനിയുമായ ശില്പിയും തന്റെ കർതൃത്വത്തിനടുത്ത ആംഗ്യത്താൽ അഗ്നിയാലും ആത്മാവിനാലും മാലാഖമാരേയും റാബ്ബെ മാലാഖമാരേയും തന്റെ ദൈവത്വത്തിനു ശുശ്രൂഷകരായി സൃഷ്ടിച്ചവനും ആയുള്ളോവേ! നിന്റെ കർതൃത്വത്തിന്റെ മഹിമയ്ക്കായി തന്റെ ശ്രേഷ്ഠസ്വരൂപമായ ആദാമിനെ ആത്മാവാലും ശരീരത്താലും അലങ്കരിച്ച് സൃഷ്ടിച്ചു. സന്ധ്യയും പ്രഭാതവുമായ രണ്ടിനേയും സൃഷ്ടിച്ചവനായ നീ മരണത്തിന്റെയും പുനരുത്ഥാനത്തിന്റെയും രഹസ്യം ചിത്രീകരിക്കുവാൻ അവയ്ക്കധികാരം നല്കി. ദുഃഖവും ഇരുട്ടുമുള്ള രാത്രിയെ മരണമെന്ന് നീ നാമകരണം ചെയ്യുകയും പ്രകാശം ഉദിയ്ക്കുന്ന പകലിനെ പുനരുത്ഥാനനാളിനോട് ഉപമിക്കുകയും ചെയ്തു. തനിക്ക് പ്രഭാതപ്രാർത്ഥനയുടെ ഈ സമയത്തും..... ബ്കുൽഹൂൻ.....

## ഹൂസോയോ

മ്ഹസ്യോനൊ ഹോക്കിൽ....

## സെദറാ

ആദിമുതലേ ഉള്ള ഉന്നതനും തന്റെ അധികാരം ഒരുനാളും അഴിഞ്ഞുപോകാത്തവനും തന്റെ തിരുനാമം എന്നേക്കും നിലനിൽക്കുന്നവനും ആയി തലമുറകളാൽ അറുതിയാക്കപ്പെടാത്ത ദൈവമേ! രണ്ടാം ദിവസം അസംക്ഷേപിതമായ നിന്റെ ജ്ഞാനത്താൽ ആകാശ വിരിവിനെ നീ സൃഷ്ടിച്ചു. മുകളിലുള്ള വെള്ളവും താഴെയുള്ള വെള്ളവും തമ്മിൽ നീ വേർതിരിച്ചു. നിഴലായിരുന്ന ശരീരം അതിനാൽ കണ്ടെത്തപ്പെടുകയും ശരീരികളായ നമുക്ക് ശാരീരിക വസ്ത്രങ്ങളെ ഉണ്ടാക്കുകയും ചെയ്തു. ആകാശവിരിവിന്മേൽ നീതിമാന്മാർ വസിക്കുന്നു. അതിന്റെ കീഴിൽ ഭൂമി സ്ഥിതിചെയ്യുന്നു. അതിൽ പ്രകാശം കുടികൊള്ളുന്നു. രണ്ടാമത്തെ ദിവസം ആകാശമണ്ഡലം നിലവിൽ വന്നു. അത് ശാരീരികമായവയ്ക്കും ആത്മീയമായവയ്ക്കും മദ്ധ്യേ ആഴത്തിൽ അടി

സ്ഥാനമിടപ്പെട്ടു. വിശുദ്ധ റൂഹാ അവയുടെ പ്രവാഹത്തെ ബന്ധിക്കുകയും അത് ഒരു കൂടാരംപോലെ നിലകൊള്ളുകയും ചെയ്തു. പൂർണ്ണമായും അലംകൃതമായ ഭവനമല്ലെങ്കിലും ലോകത്തിന് ഭവനമായി ആകാശത്തിൽ അവ നിലനിന്നു. നാലാം ദിവസം രണ്ട് പ്രകാശഗോളങ്ങൾ അതിൽ നിരന്നു. ഒന്ന് പകലിന്മേലും ഒന്ന് രാത്രിയിന്മേലും അധികാരം വഹിച്ചു. "തന്റെ ആംഗ്യത്താൽ അവ സൃഷ്ടിക്കപ്പെട്ടു എന്ന വിവേകമുള്ളവയിൽനിന്നും വിവേകമില്ലാത്തവയിൽനിന്നും കർത്താവിനു സ്തുതി" എന്ന വിഹിതം ദാവീദ് ആവശ്യപ്പെട്ടു. ആദിഭൂതങ്ങൾ കലർത്തപ്പെടുവാനും ആകാശങ്ങൾ വിരിക്കപ്പെടുവാനുംവേണ്ടി, പ്രകാശഗോളങ്ങൾ കാലങ്ങളും നേരങ്ങളുമായി ക്രമപ്പെടുത്തുവാൻ തക്കവണ്ണം അവ ചരിക്കുന്നതിന് നിയമം വച്ചു. തന്റെ ശ്രേഷ്ഠതയുടെയും മഹിമയുടെയും സ്വരൂപമായ ആദാമിനെ ശാരീരികവും അല്ലാത്തവയുമായ രണ്ട് പ്രവൃത്തികളാൽ ആത്മാവിലും ശരീരത്തിലും അലങ്കരിച്ചു. ഇരുവിഭാഗങ്ങളുടെയും മദ്ധ്യേ ഏദന്റെ പറുദീസ്സായിൽ അവനെ നിയമിച്ചാക്കി. അവന്റെ വാസസ്ഥാനം ഉയരങ്ങളിലുള്ളവർക്കും താഴെയുള്ളവർക്കും മദ്ധ്യേ ആക്കി. ജീവകരമായ കല്പനയെ അവൻ പരിപാലിക്കുമ്പോൾ സ്വർഗ്ഗത്തിലേക്ക് പ്രവേശിക്കുന്നതിനും ആത്മീയരോടുകൂടെ കലരുന്നതിനുമായി കർതൃപരമായ കല്പന അവനു നല്കി. എന്നാൽ അവനു നൽകിയ കല്പനയെ അവൻ നിന്ദിക്കുകയും ദൈവീക വചനത്തെ നിസ്സാരമാക്കുകയും ചെയ്തപ്പോൾ പറുദീസായിൽനിന്നും, മുള്ളുകളുള്ള ഭൂമിയിലേക്ക് അവൻ തള്ളപ്പെട്ടു ജന്തുക്കളോടും മൃഗങ്ങളോടും കൂടെ അവൻ പാർത്തു. സാത്താന്യ ആലോചനയാൽ ഇപ്രകാരം അവനു സംഭവിച്ചു. ശരീരവിശുദ്ധിക്കും ആത്മവിശുദ്ധിക്കുംവേണ്ടി രണ്ട് ജീവനുള്ള പക്ഷികളെ കൊണ്ടുവരുവാൻ മൂശെ കല്പിച്ചു. ഒറ്റുകാരായ രണ്ടുപേർ യീറീഹൂവിൽനിന്നും ഒരു മുന്തിരിക്കുല പറിച്ചെടുത്ത് ഒരു കുട്ടയിലാക്കി ഒരു കമ്പിൽ വച്ചുകെട്ടി രണ്ടുപേരുടെയും മദ്ധ്യേ വഹിച്ചുകൊണ്ടുവന്നു. അത് ഭാരമുള്ളതായിരുന്നില്ല. പിന്നെയോ പിഴിയപ്പെടാത്തതായിരുന്നു. രണ്ടുപേർ അതിനെ വഹിച്ച് ദൂരദേശത്തുനിന്നും അന്യമായ ദേശത്തേക്കു കൊണ്ടുവന്നു. ഒരുവൻ അതിനെ കണ്ടു. അപരൻ അതിനെ കണ്ടില്ല. ഇത് തന്നെ കാണുകയും തന്റെ വീഞ്ഞു രുചിക്കാതിരിക്കുകയും ചെയ്ത സ്വന്തജനത്തിന്റേയും കാണാതിരിക്കുകയും തന്നെ രുചിക്കുകയും തന്നിൽ വിശ്വസിക്കുകയും ചെയ്ത വിജാതികളുടെയും സാദൃശ്യമത്രെ. ബലവാനായ കർത്താവ് പരിശുദ്ധൻ, പരിശുദ്ധൻ എന്ന് മൂന്നു പ്രാവശ്യം മഹത്വപ്പെടുത്തി അട്ടഹസിക്കുന്ന രണ്ടുകൂട്ടം റൂഹോനേന്മാരെ വിശുദ്ധാലയത്തിൽവച്ച് ഏശായാ ദീർഘദർശി കണ്ടു. അവർ രണ്ടു ചിറകുകൾ



കൊണ്ട് മുഖം മൂടുകയും രണ്ടുകൊണ്ട് കാലുകൾ മൂടുകയും രണ്ടുകൊണ്ട് പറന്നുനിന്ന് കാദീശ്, കാദീശ്, കാദീശ് എന്ന് അട്ടഹസിക്കുകയും ചെയ്തു. രാജത്വവും പൗരോഹിത്യവുമാകുന്ന രണ്ട് വടികൾ താൻ പ്രാപിച്ചുവെന്ന് സഖറിയാ അട്ടഹസിച്ചു. "അതിൽ ഒന്നിനെ ഇമ്പകരം എന്നും മറ്റതിനെ നാശകരം" എന്നും വിളിച്ചു. ആത്മാവും ശരീരവുമാകുന്ന രണ്ടുഭാഗങ്ങളെ അവ ഭരിച്ച് നേരെയാക്കും" എന്നും പറഞ്ഞു. എന്റെ ജനം രണ്ട് തിന്മകൾ ചെയ്തു, അതായത്, ഒന്ന് ജീവന്റെ ഉറവിടമായ ദൈവത്തെ അവർ ഉപേക്ഷിച്ചു, മറ്റൊന്ന്, അവർ വെള്ളമില്ലാത്ത പൊട്ടക്കിണറുകൾ കുഴിച്ചു. അതായത് ശക്തിയില്ലാത്ത വിഗ്രഹങ്ങളെ അവർ നിർമ്മിച്ചു, എന്ന് ഏറമിയ ദീർഘദർശി പ്രവചിച്ചു. രണ്ട് പരിശുദ്ധ നിയമങ്ങളെ ഹസ്ക്കിയേൽ ദീർഘദർശി വെളിവാക്കി, വണ്ടിച്ചക്രത്തിനുള്ളിൽ വണ്ടിച്ചക്രം, പഴയതിന്റെ മടിയിൽ പുതിയത് രൂപീകരിക്കപ്പെ്ീരിക്കുന്നു എന്നു പറഞ്ഞു. ഇത് പിതാവിൽനിന്നും ജനിച്ച അനാദ്യന്ത പുത്രനായ മ്ശിഹായുടെ ശരീരധാരണം വെളിവാക്കുന്നു. ശ്ലേമ്മൂന്യ മണവാട്ടിക്ക് രണ്ട് സ്തനങ്ങൾ, അതായത് ശാരീരികവും ആത്മീകവുമായ രണ്ട് ഉപദേശങ്ങൾ തന്നെ. ആത്മാവും ശരീരവുമാകുന്ന രണ്ട് കലമാൻ കുട്ടികൾ ഒത്തൊരുമിച്ച് സൃഷ്ടിക്കപ്പെടുന്നു. അനാദ്യന്ത ശിശുവിനെ ശുശ്രൂഷിക്കുന്ന രണ്ട് ജനനങ്ങൾ. സൃഷ്ടിയുടെ രണ്ട് ഭാഗങ്ങൾ ആത്മാവിനടുത്തതും ശരീരത്തിനടുത്തതുമായ ഭാഗങ്ങളെ ധരിച്ചു. ഒന്നാമത്തേത് ചലനം കൂടാതെ പിതാവിൽനിന്നുള്ള ആദ്യശിശു. പിതാവിനെ കൂടാതെയും വികാരരഹിതമായും മാതാവിൽനിന്നുള്ളത് രണ്ടാമത്തെ ശിശു തന്റെ ജീവദായകമായ സുവിശേഷത്തിനു പ്രസംഗകരും, അറിയിപ്പുകാരുമായ രണ്ടുകൂട്ടത്തെ തനിക്കായി തെരഞ്ഞെടുത്തു. ഒന്ന് പന്തിരുവർക്കടുത്തതും മറ്റേത് എഴുപത് പേർക്കടുത്തതുമത്രേ. ക്രൂശകിയായ സെഹിയൂനെപ്രതി നമ്മുടെ രക്ഷകൻ രണ്ടുപ്രാവശ്യം കരഞ്ഞു. ഒന്ന് ലോവോസാറിന്റെ പുനരുത്ഥാനദിനത്തിലും, മറ്റേത് പൈതങ്ങളുടെയും ശിശുക്കളുടെയും സ്തുതിപ്പുകളോടുകൂടി ദൈവാലയത്തിലേക്ക് പ്രവേശിച്ചപ്പോഴും തന്നെ. തനിക്ക് കരേറുവാൻ കഴുതക്കുട്ടിയേയും പെൺകഴുതയേയും കൊണ്ടുവരുവാൻ നമ്മുടെ രക്ഷകൻ ശിഷ്യന്മാരിൽ രണ്ടുപേരെ അയച്ചു. ആ രാത്രിയിൽ രണ്ട് പെസഹാകളെ ശുശ്രൂഷിച്ചു. മൂശൈക പെസഹായെ മായിച്ചുകളയുകയും തന്റെ ശരീരവും രക്തവുമാകുന്ന പെസഹായെ തന്റെ ശിഷ്യന്മാർക്ക് ഭരമേല്പിക്കുകയും ചെയ്തു. ഹന്നാനും കായ്യാഫായുമാകുന്ന രണ്ട് ശപിക്കപ്പെട്ട പട്ടക്കാർ കുറ്റക്കാരനെന്നപോലെ താൻ മരണയോഗ്യനെന്നു വിധിച്ചു. ഹേറോദേസും പീലാത്തോസുമാകുന്ന രണ്ട് ഭരണാധികാരികളാൽ അടിക്കപ്പെടുകയും പരിഹസിക്കപ്പെടു

കയും ചെയ്തു. തിന്മ പ്രവർത്തിക്കുന്ന രണ്ട് കള്ളന്മാർ തന്നോടുകൂടെ സ്കീപ്പായിലേക്ക് കൂട്ടിക്കൊണ്ടുപോകപ്പെട്ടു. അവരുടെ മദ്ധ്യേ താൻ ക്രൂശിക്കപ്പെട്ടു. തന്റെ രണ്ട് കൈകളുടെയും നീട്ടലാൽ അന്ധകാരത്തിന്റെ രണ്ട് അധികാരികളെ താൻ ലജ്ജിപ്പിച്ചു. തന്റെ വിലാവിൽ നിന്നും രക്തവും വെള്ളവും ആകുന്ന രണ്ട് ഉറവുകൾ പ്രവഹിച്ചു. തന്റെ രക്തം, തന്റെ ദൈവത്വത്തിൽ താൻ ജീവനുള്ളവനാണെന്ന് കാണിക്കുന്നു. വെള്ളം തന്റെ ശരീരത്തിൽ താൻ മരണം രുചിച്ചു എന്നറിയിക്കുന്നു. രണ്ട് പരിശുദ്ധ സ്ത്രീകൾ, അതായത്, മഗ്ദലന മറിയാമും തന്റെ ജനനിയായ മറിയാമും പ: കബറിങ്കലേക്ക് പോയി. കല്ലുരുട്ടിക്കളഞ്ഞ മാലാഖയാലും തങ്ങളോട് സംസാരിച്ച മ്ശീഹായാലും രണ്ട് സന്തോഷ വാർത്തകൾ അറിയിക്കപ്പെട്ടു. എമ്മവൂസിലേയ്ക്കുള്ള മാർഗ്ഗത്തിൽ രണ്ട് ശിഷ്യന്മാർ യാത്ര ചെയ്തു. അവർ തന്റെ കഷ്ടാനുഭവത്തെക്കുറിച്ച് സംസാരിച്ചു. താൻ അവരോട് ചേർന്നു നടക്കുകയും "നിങ്ങൾ എന്താണ് സംസാരിക്കുന്നത്" എന്നു ചോദിക്കുകയും ചെയ്തു. എന്നാൽ അവർ തന്നോട് "പക്ഷേ നീ ഊർശ്ലേമ്മിൽ നിന്നും അന്യനായിപ്പോയോ? ദൈവത്തിൽനിന്നുള്ള മനുഷ്യനായ യേശുവിനെപ്പറ്റി ഈ ദിവസങ്ങളിൽ സംഭവിച്ചവ നീ അറിഞ്ഞില്ലയോ? ജനമെല്ലാം അവൻ യിസ്രായേലിനെ രക്ഷിക്കുന്നവൻ എന്ന് വിചാരിച്ചിരുന്നു. പ്രധാനാചാര്യന്മാർ അവനെ പിടിച്ച് മരണശിക്ഷയ്ക്ക് ഏല്പിച്ചു. കണ്ടാലും ഇവയെല്ലാം നിറവേറിയിട്ട് ഇപ്പോൾ മൂന്നു ദിവസമായിരിക്കുന്നു, എന്നു പറഞ്ഞു." താൻ അവരോട് തന്നെക്കുറിച്ച് പ്രവാചകന്മാർ പ്രസംഗിച്ചിട്ടുള്ളവയെല്ലാം സംസാരിച്ചിട്ട് താൻ കഷ്ടമനുഭവിക്കുന്നത് യുക്തമാകുന്നുവെന്ന് സമർത്ഥിച്ചു. ആഴ്ചയുടെ ആരംഭത്തിൽ മാളികയിൽ വച്ച്, ഭയംമൂലം വാതിലുകളും ഓടാമ്പലുകളും ബന്ധിച്ചിരിക്കെ, രണ്ടു പ്രാവശ്യം താൻ അവരുടെ മദ്ധ്യേ പ്രത്യക്ഷനായി അവർക്ക് സമാധാനം നല്കി. താൻ അവരോട് "നിങ്ങൾക്കു സമാധാനം" എന്നുപറഞ്ഞു ആ സന്ധ്യയിൽ താൻ അവരുടെ മേൽ ഊതിയതിനാൽ മാമ്മൂദീസായും, ആചാര്യത്വവുമാകുന്ന വിശുദ്ധ റൂഹായുടെ രണ്ട് നൽവരങ്ങൾ അവർക്ക് നല്കപ്പെട്ടു. ആ സന്ധ്യയിൽ തന്റെ ശിഷ്യന്മാരുടെ കൂട്ടത്തിന്റെ മുമ്പാകെ വറുത്ത മത്സ്യവും തേൻകട്ടയുമാകുന്ന രണ്ട് പദാർത്ഥങ്ങൾ താൻ ഭക്ഷിച്ചു. ജീവദായകമായ തന്റെ ഉയർപ്പിനെപ്പറ്റി അവരെ ഉറപ്പിക്കുന്നതിനായിരുന്നു ഇപ്രകാരം താൻ പ്രവർത്തിച്ചത്. "എന്റെ പിതാവിനാൽ അനുഗ്രഹിക്കപ്പെട്ടവരേ! തന്റെ കർതൃത്വത്തിന്റെ ഇഷ്ടം പ്രവർത്തിച്ചവർക്കുള്ള ജീവനെ നിങ്ങൾ അവകാശിച്ചുകൊള്ളുവീൻ", എന്നുള്ളതും ശാസിച്ചുകൊണ്ട് "അന്യായക്കാരേ! നിങ്ങൾ പുറത്തെ അന്ധകാരത്തിലേക്കു പോകുവീൻ" എന്ന്



മാലാഖമാരുടെയും മനുഷ്യരുടെയും മുമ്പാകെ നമ്മുടെ നാഥൻ സംസാരിപ്പാനിരിക്കുന്ന രണ്ട് വചനങ്ങളെ ഇത് സൂചിപ്പിക്കുന്നു. ഇതിനാൽ ഇരുകൂട്ടങ്ങളും രണ്ട് ഭാഗങ്ങളിലേക്ക് വേർതിരിക്കപ്പെടുന്നു. ഉത്തമന്മാർ വലതുഭാഗത്തേയ്ക്കും, അധമന്മാർ ഇടതുഭാഗത്തേയ്ക്കും തന്നെ. നല്ലവരെ ഉന്നതത്തിലേക്ക് പ്രവേശിപ്പിക്കുന്നു. ദുഷ്ടന്മാരെ പുറത്തെ അന്ധകാരത്തിലേക്ക് തള്ളിക്കളയുന്നു. കാരുണ്യവാനായ കർത്താവേ! നിന്റെ സ്വരൂപത്തിന്മേൽ മനസ്സലിയണമെ. ആ ദിവസത്തിൽ വിലയേറിയ നിന്റെ രക്തത്താൽ മുദ്രയിടപ്പെട്ട ആടുകളെ ന്യായം വിധിപ്പാൻ നിന്റെ ദാസരോട് കൂടെ ന്യായവിധിയിലേക്ക് നീ തിരിയരുതെ. നിന്റെ രണ്ടാമത്തെ എഴുന്നള്ളത്തുനാളിൽ മുഖപ്രസാദത്തോടുകൂടെ നിന്നെ എതിരേൽക്കുവാൻ ഞങ്ങളെ എല്ലാവരെയും യോഗ്യരാക്കണമേ, ഞങ്ങൾ നിനക്കും നിന്റെ പിതാവിനും നിന്റെ വി. റൂഹായ്ക്കും.... ഹോശോ.....

## എത്രോ

ഗോഗുൽത്തായുടെ ഉന്നതികളിൽ അർപ്പിക്കപ്പെടുകയും സ്കീഫായിലേക്കുള്ള തന്റെ പ്രവേശനത്താൽ ലോകത്തിന്റെ അന്യായം പരിഹരിക്കപ്പെടുകയും ചെയ്ത പാപപരിഹാരയാഗവും, നിരപ്പിന്റെ ധൂപകലശവുമായുള്ളോവേ! എന്റെ നാഥാ! നിന്റെ മനുഷ്യസ്നേഹത്താൽ നിസ്സാരന്മാരായ നിന്റെ ദാസരാകുന്ന അടിയങ്ങൾ അർപ്പിക്കുന്നതായ ഈ ധൂപത്തെ അംഗീകരിക്കുമാറാകണമെ. അത് നിന്റെ ബഹുമാന്യതയുടെ ശുദ്ധതയിൻ ശുദ്ധസ്ഥലത്തേക്ക് പ്രവേശിക്കുമാറാകണമെ. തിരുസന്നിധിയിൽനിന്നും കടങ്ങൾക്കു പരിഹാരവും പാപങ്ങൾക്ക് മോചനവും ഞങ്ങൾക്ക് അയച്ചുതരണമെ. ഞങ്ങളുടെ കർത്താവും എന്നേക്കും ഞങ്ങളുടെ ദൈവവുമേ! നിന്റെ മനുഷ്യസ്നേഹത്താൽ ഞങ്ങളുടെ വാങ്ങിപ്പോയവരെ ആശ്വസിപ്പിക്കണമെ. മോറാൻ വാലോഹാൻ ല് ഒല്മ്മീൻ.

## ഹൂത്തോമോ

നാഥാ! നിന്റെ ഇടവകയിൽനിന്നും ശീശ്മകളേയും ശണ്ഠകളേയും, യുദ്ധങ്ങളേയും, പോരാട്ടങ്ങളേയും, തർക്കങ്ങളേയും നിരോധിക്കേണമെ. ഞങ്ങളുടെ ഇടയിൽനിന്നും പൈശൂന്യത്തേയും, വൈരാഗ്യ

ത്തേയും, ഏഷണിയേയും ഉന്മൂലനം ചെയ്യേണമേ. നിരപ്പും സമാധാനവും, സ്നേഹവും, ഐക്യവും ഞങ്ങൾക്ക് പ്രദാനം ചെയ്യേണമേ. നിന്റെ കൃപയുടെ ബഹുലമായ കരുണകളെ സ്തോത്രം ചെയ്യുന്നതിനും നിന്റെ ഉയർത്തെഴുന്നേൽപ്പിന്റെ ഈ പെരുന്നാളിൽ കരുണാസമുദ്രമായ നിനക്കും നിന്റെ പിതാവിനും നിന്റെ വി. റൂഹായ്ക്കും മഹത്വം കരേറ്റുവാനും ഞങ്ങളെ യോഗ്യരാക്കേണമേ. ഹോശോ

## ചൊവ്വാ സന്ധ്യ

### സ്ലൂസോ

ദൈവമായ കർത്താവേ! ആത്മാവിലും ശരീരത്തിലും ദേഹിയിലും, ത്രിവിധമായി സ്ഥിരീകരിക്കപ്പെടുവാനും വിശ്വാസം, പ്രത്യാശ, സ്നേഹം ഇവയാൽ നിറയപ്പെടുവാനും, നിന്റെ മഹത്തരങ്ങളായ ശുദ്ധസ്ഥലങ്ങളിലേക്കും വെടിപ്പുള്ള കൂടാരങ്ങളിലേക്കും, നിർമ്മലതയോടെ പ്രവേശിക്കുവാനും സ്തോത്രത്തോടെ നിന്റെ ശ്രേഷ്ഠമന്ദിരങ്ങളിൽ നടക്കുവാനും ഞങ്ങൾക്കിടയാക്കണമെ. ഞങ്ങളുടെ വായ് നിന്റെ സ്തുതിപ്പുകൾകൊണ്ടു നിറയുകയും ഞങ്ങളുടെ നാവ് സ്തോത്രം മുളപ്പിക്കുകയും ചെയ്യണമെ. നിന്റെ ശക്തിയാൽ ഞങ്ങൾ നയിക്കപ്പെടുകയും, നിന്റെ വലത്തേതിനടുത്ത വിജയത്താൽ ഞങ്ങൾ ശക്തരാവുകയും നിനക്കും നിന്റെ പിതാവിനും നിന്റെ വി. റൂഹായ്ക്കും ഇപ്പോഴും എപ്പോഴും എന്നേക്കും സ്തുതിയും സ്തോത്രവും കരേറ്റുകയും ചെയ്യുമാറാകണമെ. ഹോശോ.....

### പ്രുമിയോൻ

വന്ദ്യവും അവിഭാജ്യവുമായ ത്രിത്വത്തിനും അസംക്ഷേപിതവും അപരിശോധ്യവും അന്വേഷണത്തിനു പിടിച്ചടക്കുവാൻ കഴിയാത്തതുമായ ഏകദൈവത്വവും പിതാവും പുത്രനും പരിശുദ്ധറൂഹായുമായ സത്യകർത്താവ് എന്ന മൂന്നുനാമങ്ങളാൽ ത്രിത്വമായും ഏകത്വമായും അറിയപ്പെടുകയും ചെയ്യുന്നവനും പരിശുദ്ധ ത്രിത്വമായി വിശ്വസിക്കപ്പെടുന്ന പരിശുദ്ധ മൂന്നു ക്നൂമാകളുടെ വെളിപാടിനെപ്പറ്റി നിബിയന്മാർ പ്രവചിച്ചവനായി വെളിപാടുകളെയും ദൈവീക ദർശനങ്ങളെയും മുദ്രയിടുന്നവനുമായ കർത്താവിനു സ്തുതി. തനിക്ക് സന്ധ്യാപ്രാർത്ഥനയുടെ ഈ സമയത്തും..... ബ്കുല്ഹൂൻ.....



### ഹൂസോയോ

ശ്ഹസ്യോനൊ ഹോക്കിൽ....

### സെദറാ

പിതാവിൽനിന്നുള്ള ഏകജാതനായ ശിശുവും തന്റെ നാമത്തിന്റെ മഹത്വത്തിനായി അവ ഓരോന്നിലും മുമ്മൂന്നു കൂട്ടങ്ങളായി ക്രമീകരിച്ചവരായ പരിശുദ്ധങ്ങളും സ്വർഗ്ഗീയങ്ങളുമായ മൂന്നു സഭകളാൽ തന്റെ പിതാവിനോടും വി. റൂഹായോടുമൊന്നിച്ചു പുകഴ്ത്തപ്പെടുന്ന ഞങ്ങളുടെ ദൈവമായ മ്ശീഹാ തമ്പുരാൻ, മൂന്നാം ദിവസം വെള്ളത്തോട് ആജ്ഞാപിച്ചു കൂട്ടിച്ചേർത്ത് സമുദ്രങ്ങളുടെ ഉള്ളിൽ അവയെ ബന്ധിച്ചു. ഭൂമിയെ പതിവായി സന്ദർശിക്കുവാൻ പ്രവാഹത്തെ നല്കിയ മൂന്നാം നാളിൽ ധരിക്കപ്പെട്ടതായ വെള്ളമാകുന്ന വസ്ത്രത്തെ മുടയുകയും തന്റെ കർതൃകല്പനയാൽ വൃക്ഷങ്ങളെയും വിത്തുകളെയും പുല്ലുകളെയും രുചികരമായ വിവിധതരങ്ങളെയും മുളപ്പിക്കുകയും ചെയ്തു. തന്റെ കർതൃശക്തി മുഖാന്തിരം ഭൂമി മുഴുവനിലും പൂർണ്ണ ആകാരങ്ങളും അളവുകളും ദ്വിതീയവും അശരീരവുമായ ബോധങ്ങളുമുള്ളവരായി ചതുർഭൂതങ്ങൾകൊണ്ട് അവരെ ക്രമപ്പെടുത്തി. ബോധത്രയങ്ങളാകുന്ന ഏകസ്വഭാവം ത്രിത്വമായി നാമകരണം ചെയ്യപ്പെടുന്നു. അതായത് ബോധവും, മനസ്സും, ദേഹിയും തന്നെ. മനുഷ്യൻ, മനുഷ്യപുത്രൻ, ആദാം എന്നീ മൂന്നുപേരുകളാൽ, അവനെ നാമകരണം ചെയ്തു. മൂന്നാം തലമുറയിലെ ആനോശ് ആദ്യമായി കർത്താവിന്റെ നാമത്തെ വിളിക്കുവാൻ തുടങ്ങി. അവൻ അവനെ ഭയപ്പെട്ട് സ്വയം കായേന്യ ഭവനത്തിൽനിന്നും വിട്ടുമാറി. സകല മനുഷ്യരാലും അവനും അവന്റെശേഷം അവന്റെ മക്കളും ഏലോഹിം എന്നു വിളിക്കപ്പെട്ടു. മൂന്നുവിധത്തിൽ പെട്ടകം നിർമ്മിക്കുവാൻ നോഹയോട് ദൈവം കൽപ്പിച്ചു. മേൽത്തട്ട് മനുഷ്യർക്കും മൃഗങ്ങൾക്കും, മദ്ധ്യത്തിലുള്ളത് പക്ഷികൾക്കും, താഴെയുള്ളത് ഭൂമിയിലെ ഇഴജാതികൾക്കും. പ്രഭാതത്തിൽ വേലക്കാർ വേല ചെയ്യുവാൻ എഴുന്നേൽക്കുന്നതിനും മദ്ധ്യാഹ്നത്തിൽ ഭക്ഷണത്തിനും സന്ധ്യാസമയത്ത് വിശ്രമത്തിനുമായി എല്ലാദിവസവും മൂന്നുപ്രാവശ്യം മണി അടിക്കുവാൻ കല്പിച്ചു. ഭൂമിയിൽ വെള്ളം വറ്റിയോ എന്നറിയുവാൻ പ്രാവ് മൂന്നുപ്രാവശ്യം പോയി. ആദ്യത്തേതിൽ അതിന് കാൽ വയ്ക്കുവാൻ ഇടം കണ്ടെത്തിയില്ല. രണ്ടാമത്തേതിൽ അത് ഇല കൊത്തിക്കൊണ്ട് വന്നു. മൂന്നാം പ്രാവശ്യം അത് പോയിട്ടു മടങ്ങിവന്നില്ല. അങ്ങനെ ഭൂമിയിൽ ആശ്വാസം ഉണ്ടായെന്ന്

അറിയിച്ചു. തന്റെ ജനത്തിന്റെ രക്ഷയെ സൂചിപ്പിക്കുതിനായി ആണ്ടിൽ
മൂന്നു പ്രാവശ്യം പെരുന്നാൾ കൊണ്ടാടണമെന്ന് ദൈവം മോശയോട്
അരുളിച്ചെയ്തു. മേടമാസം പതിനാലാം തീയതി മിസ്രേമിൽനിന്നുള്ള
പുറപ്പാടിന്റെ പെസഹായും പിന്നെ പെന്തിക്കോസ്തിയും, കൂടാരപ്പെരു
ന്നാളും തന്നെ. പെസഹായിൽ താൻ കഷ്ടമനുഭവിക്കുകയും മരിക്കു
കയും ഉയർത്തെഴുന്നേൽക്കുകയും ചെയ്തു. പെന്തിക്കോസ്തിയിൽ
വിശുദ്ധ ശ്ലീഹന്മാർക്ക് വി. റൂഹായെ നൽകി. താബോർ പർവ്വതത്തിൽ
വച്ച് താൻ നിത്യനായ പിതാവിന്റെ വചനമാകുന്നുവെന്ന് തന്റെ ശിഷ്യ
ന്മാരായ ശെമവൂൻ, യാക്കൂബ്, യൂഹാനോൻ എന്നിവരെ ഉറപ്പിച്ചു.
താമാറിനു മൂന്ന് അച്ചാരങ്ങൾ നൽകി. വടിയും മോതിരവും ശോശ
പ്പായും തന്നെ. മാലാഖമാരുടെ മൂന്നു ക്രമങ്ങൾ ഉള്ള ആകാശത്തിലെ
മൂന്നുസഭകൾ ഭൗമീക സഭയിലുള്ള മൂന്നു ഗണങ്ങളെ സൂചിപ്പിക്കുന്നു.
ന്യായവിധി പതക്കത്തിൽ പന്ത്രണ്ട് കല്ലുകൾ പതിച്ചിരുന്നു. ഒന്നാം
നിരയിൽ ചുവപ്പുകല്ല് ഇത് അഗ്നിയെ സൂചിപ്പിക്കുന്നു. ഇളം മഞ്ഞക്കല്ല്
(പുഷ്യരാഗം) വീഞ്ഞിനെ സൂചിപ്പിക്കുന്നു. മധുരക്കിഴങ്ങ് പോലുള്ള
പച്ചക്കല്ല് മുകളിലുള്ള സഭയെ ദൃഷ്ടാന്തീകരിക്കുന്നു. അതായത്
സ്രോഫേന്മാരേയും, ക്രൂബേന്മാരേയും, മൗത്ത്ബേന്മാരേയും തന്നെ.
രണ്ടാമത്തെ സഭയിൽ മൂന്നു നിരകൾ. അവ അഞ്ജനംപോലുള്ള പത്മ
രാഗവും ആകാശനിറമുള്ള നീലക്കല്ലും തേനിന്റെ നിറമുള്ള ഒരുതരം
കറുത്ത രത്നവും അത്രേ. ഇത് മദ്ധ്യേയുള്ള സഭയെ ദൃഷ്ടാന്തീകരി
ക്കുന്നു. അതായത് മോറാവോസൊ, ഹൈലാവോസൊ, ശുൽത്തോനേ
എന്നിവരെത്തന്നെ. മൂന്നാമത്തെ നിരയിലും വേറെ മൂന്നു ക്രമങ്ങൾ,
മെഴുകു നിറമുള്ള മാണിക്യവും രക്തവർണ്ണമുള്ള വൈഢൂര്യവും
സ്വർണ്ണനിറമുള്ള ഗോമേദകവും തന്നെ. ഇത് റീശൻവോസേ, റാബൈ
മാലാഖേ, മാലാഖേ എന്നീ മൂന്നാമത്തെ സഭയിലെ മൂന്നുനിരകളെ
സൂചിപ്പിക്കുന്നു. ദാനിയേൽ ആഴ്ചവട്ടത്തെ മൂന്നായി ഭാഗിച്ചു. ഏഴ്
ആഴ്ചവട്ടം, അറുപത് ആഴ്ചവട്ടം, ഒരു ആഴ്ചവട്ടം. മൂന്നാമത്തെ ഭാഗ
ത്തിൽ ദൈവാലയം അശുദ്ധമാക്കപ്പെട്ടു. യാഗങ്ങൾ മാഞ്ഞുപോയി.
നാശം അധികാരപ്പെട്ടു. ദാനിയേൽ മൂന്നുകാര്യങ്ങളുടെ പ്രകാശത്തി
നായി മൂന്നാഴ്ചവട്ടം നോമ്പുനോറ്റു. പ: ത്രീത്വത്തിന്റെ ദൈവീക വെളി
പാടിനു യോഗ്യനാകുവാനും അപൂർണ്ണങ്ങളായ മൂന്നു സമയങ്ങളിൽ
നിന്നുള്ള രക്ഷയ്ക്കുവേണ്ടിയും പ: റൂഹായാൽ ഉച്ചരിക്കപ്പെട്ട പ്രവാചക
വചനങ്ങൾകൊണ്ട് ദൈവീകമായ തന്റെ ഉദയത്തെ പ്രതിയും തന്നെ.
അത്ഭുതങ്ങളായ സന്ദർശനങ്ങളെ മൂന്നുവിധം പ്രാവർത്തികമാക്കി.
ഉയരങ്ങളിലുള്ളവർക്കും താഴെയുള്ളവർക്കും ശുശ്രൂഷയ്ക്കുള്ള മൂന്നു
പൗരോഹിത്യ സ്ഥാനങ്ങൾ നല്കപ്പെട്ടു. ആരംഭത്തിൽ മൂശ മുഖാന്തി



രവും മദ്ധ്യത്തിൽ നമ്മുടെ രക്ഷകൻ വഴിയായും ദൈവീകമായും തന്നെ.
പ്രവചനത്തിന്റെ ഉറപ്പിനായി അവരെ ഈരണ്ടായി അയച്ചപ്പോൾ പ:
ശ്ലീഹന്മാർക്ക് വി. റൂഹായെ ത്രിവിധമായി നമ്മുടെ രക്ഷകൻ നല്കി.
അവരെ വെടിപ്പുവരുത്തുന്നവരും, പിശാചുക്കളെ ബഹിഷ്കരിക്കുന്ന
വരും, സുവിശേഷകരും ആയി നിയമിച്ചു. മാളികയിൽ വച്ച് പ: റൂഹായെ
അവർക്ക് നല്കിയപ്പോൾ അവരെ പ്രകാശിപ്പിക്കുന്നവരും, പാപങ്ങൾ
ക്ഷമിക്കുന്നവരും ആക്കിത്തീർത്തു. തന്റെ സ്വർഗ്ഗാരോഹണത്തിൽ
അവരുടെമേൽ ആവസിപ്പിച്ച് അവരെ പൂർണ്ണന്മാരും മരിച്ചവരെ
ഉത്ഥാനം ചെയ്യിക്കുന്നവരും ആക്കിത്തീർത്തു. പുത്രന്റെ കഷ്ടാനുഭവ
ത്തിൽ യൂദന്മാരും, റോമാക്കാരും, ഗ്രീക്കുകാരും ആയ മൂന്നു ജാതികൾ
സംബന്ധപ്പെട്ടു. മൂന്നുഭാഷകളിൽ മേലെഴുത്ത് എഴുതപ്പെട്ടു. അത്
താൻ രാജാവാകുന്നുവെന്ന് മൂന്നുപ്രാവശ്യം ഉറപ്പിക്കുതിനും തനിക്ക്
സാക്ഷ്യത്തിനുമായിട്ടത്രേ. മൂന്നു ദുഷ്ട ദാസന്മാർ തനിക്ക് ഉപദ്രവം
പകരം ചെയ്തു. തന്നെ കൊലയ്ക്ക് ഏല്പിച്ചുകൊണ്ട് യൂദായും,
തന്നെ നിന്ദിച്ച് ദണ്ഡിപ്പിച്ച ഹാനാനും, തന്റെ തിരുമുഖത്തു തുപ്പി മരണ
ശിക്ഷയ്ക്കേൽപിച്ച കയ്യാഫായും തന്നെ. മൂന്നു പ്രാവശ്യം, അതായത്,
സന്ധ്യാസമയത്തും, ഇരുട്ടുള്ള പ്രഭാതത്തിലും, സൂര്യനുദിച്ച സമ
യത്തും തന്റെ പുനരുത്ഥാനം സ്ത്രീകൾക്ക് കാണിച്ചുകൊടുത്തു.
തന്റെ ശിഷ്യന്മാരെ തന്റെ പുനരുത്ഥാനം അറിയിക്കുവാൻ മാലാഖ
മാരും ശ്ലീഹന്മാരും പരിപാകതയുള്ള സ്ത്രീകളും മൂന്നുപ്രാവശ്യം
കബറിനെ ചുറ്റി. മൂന്നു പ്രാവശ്യം മഗ്ദലനമറിയം തന്നെ ദർശിച്ചു.
ഞായറാഴ്ച ഉദിക്കുന്ന സന്ധ്യയിൽ കന്യകമറിയാമിനോടുകൂടെയും
പ്രഭാതത്തിൽ തോട്ടക്കാരന്റെ സാദൃശ്യത്തിലും സൂര്യോദയത്തിൽ
പരിപാകതയുള്ള സ്ത്രീവൃന്ദത്തോടൊപ്പവും തന്നെ. "താൻ മൂന്നു
ദിവസം പാതാളത്തിൽ സ്ഥിതിചെയ്തു" എമ്മവൂസിലേക്കുള്ള മാർഗ്ഗ
ത്തിൽ ക്ലെയോഫായും, ലൂക്കായും മ്ശീഹായോടു സംസാരിച്ചു.
"അവൻ രക്ഷകനായിരുന്നുവെന്നും വാഗ്ദത്തം ചെയ്തപ്രകാരം
മൂന്നാംനാൾ അവൻ ഉയർത്തെഴുന്നേൽക്കും എന്നും ഞങ്ങൾ വിചാരി
ച്ചിരുന്നു" എന്നും അവർ പറഞ്ഞു. മൂന്നു പ്രാവശ്യം താൻ അവർക്ക്
സമാധാനം നല്കി. "നിങ്ങൾക്കു സമാധാനം. എന്റെ പിതാവ് എന്നെ
അയച്ചതുപോലെ ഞാനും നിങ്ങളെ അയയ്ക്കുന്നു" എന്നു പറഞ്ഞു.
മൂന്നുവിധത്തിൽ തോമ്മാ ഉറപ്പിക്കപ്പെട്ടു. ദർശനത്തിലും സ്പർശന
ത്തിലും കേൾവിയിലും തന്നെ. അവൻ അവനോട് "നിന്റെ വിരൽ
കൊണ്ടുവരിക, എന്റെ കൈകൾ കാണുക, നിന്റെ കൈകൾ എന്റെ
വിലാവിൽ ഇടുകയും വിശ്വസിക്കുകയും ചെയ്യുക" എന്നു പറഞ്ഞു.
പരിശോധകരുടെ നിഗമനത്തിനതീതമായ മൂന്ന് അത്ഭുതങ്ങൾ നമ്മുടെ

രക്ഷകൻ ചെയ്തു. തന്റെ ജനനിയുടെ കന്യാവ്രതമുദ്ര അഴിയാതെയുള്ള തന്റെ ശാരീരിക ജനനവും, അടയാളവും, കബറിലുള്ള കാവൽക്കാരുടെ മുദ്രകളും അഴിക്കാതെ ഉള്ള തന്റെ ഉത്ഥാനവും, യഹൂദ ജനത്തെയുള്ള ഭയത്താൽ വാതിലുകളും ജനലുകളും ബന്ധിച്ചിരിക്കുമ്പോൾ മാളികയിലേക്കുള്ള തന്റെ പ്രവേശനവും തന്നെ. ഉയർത്തെഴുന്നേറ്റശേഷം ശ്ലീഹന്മാർക്കും, അറിയിപ്പുകാർക്കും ആയി മൂന്നു പ്രാവശ്യം പ്രത്യക്ഷപ്പെട്ടു. ഉയർത്തെഴുന്നേറ്റശേഷം ശ്ലീഹന്മാർക്കും, അറിയിപ്പുകാർക്കും മൂന്നുപ്രാവശ്യം അതായത്, മാളികയിലും, ഗ്ലീലോയിലും, തന്റെ സ്വർഗ്ഗാരോഹണനാളിൽ സൈത്ത് പർവ്വതത്തിൽ അഞ്ഞൂറ് സഹോദരന്മാർക്കും, മറ്റെല്ലാവർക്കും ആയി കാണപ്പെട്ടു.

ആകയാൽ പരിശുദ്ധ ത്രിത്വത്തിന്റെ വിശുദ്ധ ക്നൂമ്മോകളിൽ ഒരുവനായ പിതാവിന്റെ ഏകജാതനായ മ്ശീഹാ തമ്പുരാനേ! നിന്നോട് ഞങ്ങൾ അപേക്ഷിക്കുന്നതെന്തെന്നാൽ ആത്മാവിന്റെ മൂന്നു വികാരങ്ങളെ ഞങ്ങളുടെ അടുക്കൽനിന്നും നീ അകറ്റി, പൂർണ്ണതയുടെ ഉന്നതിയിലേക്ക് ഞങ്ങൾ മൂന്ന് അളവുകളാൽ പടിപടിയായി ഉയർന്ന് എത്തിച്ചേരുവാൻ കൃപയരുളണമേ. നിന്നിൽനിന്നും കരുണയും മനോഗുണവും വാഴ്‌വുകളും പാപപരിഹാരവും ഞങ്ങളുടെ സകല തെറ്റുകളുടെയും മോചനവും ത്രീത്വമായി ഞങ്ങൾ യാചിക്കുന്നു. കർത്താവേ! ദുഷ്ടന്റേയും മരണത്തിന്റേയും പാപത്തിന്റേയും പ്രതികൂല കെണികളിൽനിന്നും ഞങ്ങളെ മൂന്നുവിധത്തിൽ കാത്തുകൊള്ളേണമെ. മൂന്നു കൂട്ടങ്ങളോടുകൂടെ തിരുമുമ്പാകെ ഞങ്ങൾ നിൽക്കുകയും നിന്നേയും നിന്റെ പിതാവിനേയും നിന്റെ വിശുദ്ധ റൂഹായേയും ശുശ്രൂഷിച്ച് മഹത്വപ്പെടുത്തുകയും ചെയ്യുമാറാകണമേ. ഹോശോ..... മെൻ ആലോഹോ ന്കാബേൽ ഹൂസോയോ...... ആമ്മീൻ.

## എത്രോ

കർത്താവേ! ഞങ്ങളുടെ ആത്മാക്കളോടും, ദേഹികളോടുംകൂടെ ഞങ്ങളുടെ ശരീരങ്ങളെയും മുദ്രയിട്ടുകൊണ്ട് വിശ്വാസം, പ്രത്യാശ, സ്നേഹം എന്നീ മൂന്നു കാര്യങ്ങളിൽ ഞങ്ങളെ ഉറപ്പിക്കേണമെ. നിനക്ക് അർപ്പിക്കുന്നതായ സൃഷ്ടിക്കപ്പെട്ട മൂലികകളിൽനിന്നുമുള്ള ഞങ്ങളുടെ നിസ്സാരമായ ധൂപത്തേയും പരിമളവർഗ്ഗത്തേയും നിന്റെ കരുണയാൽ അംഗീകരിക്കുമാറാകേണമെ. ഞങ്ങളുടെ അധരങ്ങളുടെ സത്യത്തേയും ശരീരങ്ങളുടെ വിശുദ്ധിയേയും ആത്മാക്കളുടെ വിശ്വാസത്തേയും കാത്തുകൊള്ളണമെ. ഞങ്ങളെല്ലാവരുടെയുംമേൽ ദയ



തോന്നി കരുണ ചെയ്യണമെ. ഞങ്ങളുടെ സൃഷ്ടിക്ക് കരുണയോടെയുള്ള പുനരുത്ഥാനം ഉണ്ടാക്കണമെ. ഹോശോ.........

## ഹൂത്തോമോ

കലർപ്പോ കുഴച്ചിലോ കൂടാത്ത വന്ദ്യ മൂന്നു ക്നൂമാകളിൽ ഒരുവനാകുന്നുവെന്നു വിശ്വസിച്ചുകൊണ്ട് കരുണയും മനോഗുണവും പാപപരിഹാരവും മോചനവും ത്രിത്വമായി നിന്നോടു ഞങ്ങൾ യാചിക്കുന്നു. ദൈവിക ത്രിത്വമായുള്ളോവേ! മൂന്നു കാദീശ് പാട്ടുകൾ ത്രിവിധമായി നിനക്കും ഞങ്ങളുടെ രക്ഷയ്ക്കായി നിന്നെ അയച്ച നിന്റെ പരിശുദ്ധ പിതാവിനും, വന്ദ്യനായ റൂഹായ്ക്കും ഞങ്ങൾ കരേറ്റുന്നു. ഹോശോ.....

## ചൊവ്വാ പ്രഭാതം

## സ്ലൂസോ

തന്റെ ക്നൂമായിലും, അസ്തിത്വത്തിലും ബഹുമാനിക്കപ്പെടുന്ന വി. ത്രിത്വവും തന്റെ സ്വഭാവത്തിൽ വേർപിരിയപ്പെടാത്തവനും ഏകത്വമായി അറിയപ്പെടുകയും ഇഷ്ടപ്രകാരം അധികാരപ്പെടുകയും ചെയ്യുന്ന ദൈവവുമായുള്ളോവേ! നിന്റെ ഉയർപ്പിന്റെ ഈ ദിവസങ്ങളിലും ഈ ലോകം നിലനിൽക്കുന്ന എല്ലാനാളും നിന്നെ പരിശോധന കൂടാതെ സ്തോത്രം ചെയ്തു മഹത്വപ്പെടുത്തുമാറാകണമെ. പിതാവും, പുത്രനും വി. റൂഹായുമായുള്ളോവേ! വരുവാനിരിക്കുന്ന ലോകത്തിൽ നിനക്കു ഹാലേലൂയ്യാ പാടി കീർത്തിക്കുന്നതിനും ഞങ്ങൾക്കു സംഗതിയാക്കണമെ. ഹോശോ.....

## പ്രുമിയോൻ

പരിശുദ്ധവും സൃഷ്ടിയില്ലാത്തതും സ്വയംഭൂവും, അനാദ്യന്തനും മൂന്നു ക്നൂമ്മാകളായി വന്ദിക്കപ്പെടുന്നവനുമായ ഏക സത്യദൈവവും, സമ്മിശ്രമാകാതെ ഉന്നതമായിരിക്കുന്ന ഏകദൈവത്വവും, മൂന്നുനാമങ്ങളായും വ്യക്തികളായും പ്രസംഗിക്കപ്പെടുകയും അപ്പോഴും ഒരു ക്നൂമ്മോ മറ്റൊരു ക്നൂമ്മോയേക്കാൾ മൂപ്പുള്ളതോ ആദ്യമേ ഉള്ളതോ ഇളയതോ അല്ലാത്തതും ആയി ത്രിത്വമായിരിക്കുന്നവനും ഏക അസ്തിത്വമായി സ്വഭാവത്തിലും, സാരാംശത്തിലും അധികാരത്തിലും

കർതൃത്വത്തിലും രാജത്വത്തിലും ശക്തിയിലും പിരിയാതെ യോജിച്ചിരിക്കുന്നു എന്ന് അറിയപ്പെടുന്നവനുമായ തന്നെ പ്രഭാതപ്രാർത്ഥനയുടെ ഈ സമയത്തും സകല പെരുന്നാളുകളിലും നേരങ്ങളിലും..... ത്രിത്വമായി മഹത്വപ്പെടുത്തുമാറാകണമേ. ബ്കുല്ഹൂൻ......

## ഹൂസായോ

മ്ഹസ്യോനൊ ഹോക്കിൽ....

## സെദ്റാ

നിന്റെ കർതൃത്വത്തിൻമുൻപാകെ ദർശകന്മാർക്കും പ്രസംഗകന്മാർക്കും വെളിപാടുകാർക്കും സ്വയം ത്രിത്വമായി വെളിപ്പെടുത്തിയ ഏകമായി യോജിച്ചിരിക്കുന്ന ത്രിത്വമായുള്ളോവേ! നിനക്കു ത്രിത്വമായ സ്തുതി. ത്രിത്വത്തിൽ ഏകത്വമെന്നറിയപ്പെടുന്നവനായി ആരംഭത്തിൽ നീ ജനകനും പുത്രനാകുന്ന കാര്യത്തിന്റെ കാരണവും, സ്വഭാവ പ്രകാരമല്ലാതെ ക്നൂമാകളുടെ കാര്യമാകുന്ന റൂഹായും ആകുന്നു. ആദാമ്യ സൃഷ്ടിയുടെ വ്യാപാരത്തെ നീ അറിയിച്ചു പറഞ്ഞത് "വരുവീൻ നമുക്ക് നമ്മുടെ സ്വരൂപത്തിലും സാദൃശത്തിലും മനുഷ്യനെ ഉണ്ടാക്കാം. എതിർപ്പിനുശേഷം അതായത് ആദ്യസൃഷ്ടിയുടെ കർതൃകല്പന നിസ്സാരമാക്കലിനുശേഷം അവനെക്കുറിച്ച് പരിഹാസപൂർവ്വം ആദാം നമ്മിൽ ഒരുവനെപ്പോലെ ആയിത്തീർന്നിരിക്കുന്നുവെന്നരുളിച്ചെയ്തുകൊണ്ട് മൂന്നു ക്നൂമാകളെപ്പറ്റി ഗൂഢമായി അവനെ ഗ്രഹിപ്പിച്ചു. സകല പ്രവാചകന്മാരും നിന്റെ വെളിപാടിന്റെ ദർശകന്മാരും, നിന്റെ കർതൃത്വത്തെ നിരപ്പാക്കുന്നവരും നിന്റെ ശ്രേഷ്ഠ ക്നൂമാകളുടെ ത്രിത്വാവസ്ഥയെ വെളിവായി കാണിച്ചു. അവയിൽ കലർപ്പോ കുഴച്ചിലോ ഇല്ലാതെ അവർ ശരിയായി പ്രസംഗിച്ചു. അവരിൽ ഒരുവൻ "യിസ്രയേലേ! കേൾക്കുക നിന്റെ ദൈവമായ കർത്താവ് ഏകനാകുന്നു. കർത്താവ് മേഘത്തിൽ ഇറങ്ങി അവനോട് കൂടെ അവിടെ നിന്നു" എന്നു പറഞ്ഞു. കർത്താവിന്റെ നാമത്തിൽ അവനെ സംബോധന ചെയ്തു. "കർത്താവ്, കർത്താവിന്റെ മുൻപാകെ കടന്നുപോയി" എന്നും അവൻ പറഞ്ഞു. മറ്റൊരുവൻ "ദൈവത്തെ ദൈവാലയത്തിൽ ഞാൻ ദർശിച്ചു. ബലവാനായ കർത്താവ്, പരിശുദ്ധൻ, പരിശുദ്ധൻ, പരിശുദ്ധൻ എന്നു മൂന്നു പ്രാവശ്യം അട്ടഹസിക്കുന്ന ശബ്ദം ക്രൂബേന്മാരിൽനിന്നും, സ്രോഫേന്മാരിൽനിന്നും ഞാൻ ശ്രവിച്ചു" എന്നറിയിച്ചു.



വേറൊരുവൻ "ബാബേലിൽനിന്നുള്ള നെബുക്കദ്നേസറേ, നിന്നോട് പറയുന്നു. നിന്റെ അധികാരം നിന്നിൽനിന്നും നീങ്ങിപ്പോയി എന്ന് അട്ടഹസിച്ചു. ദുഷ്ടൻ, മരണം, പാപം എന്നീ മൂന്നു ശത്രുക്കളാൽ നിന്റെ ദൈവത്വത്തിന്റെ സ്നേഹിക്കപ്പെട്ട അടയാളം അടിമപ്പെടുന്നതു കണ്ടപ്പോൾ അതിന്റെ രക്ഷയ്ക്കായി നിന്റെ കരുണ നിന്നെ ഇളക്കി" ത്രിത്വത്തിൽ ഒരു ക്നൂമായായ വചനമാം ദൈവത്തെ വഴിതെറ്റിപ്പോയ ആടിനെ തിരിച്ചുകൊണ്ടുവരുവാനായി നീ അയച്ചു. പിതാവായുള്ളോവേ! നിന്റെ പുത്രൻ ശരീരം ധരിക്കുന്നതു നിനക്കു തിരുഹിതമായപ്പോൾ പുത്രൻ ശരീരം ധരിക്കുകയും പരിശുദ്ധറൂഹാ ശരീരം മെനയുകയും ചെയ്തു. അപ്പോഴും നിത്യനായ നിന്റെ മടിയിൽനിന്നും അവൻ മാറിപ്പോയില്ല. മറിയാമിൽനിന്നുള്ള തന്റെ ശരീരധാരണത്തിൽ അവന്റെ ദൈവത്വം നശിച്ചില്ല. താൻ ജ്ഞാനമുള്ളതും ബോധനീയവും വിവേകമുള്ളതുമായ ആത്മാവാൽ പ്രാണനുള്ള മനുഷ്യനായിത്തീർന്നു. താൻ ആദ്യം ശരീരം മെനയുകയും പിന്നീട് അതിൽ പ്രവേശിക്കുകയും, ആത്മാവിന്റെ സ്ഥലത്ത് ദൈവത്വം നിറയ്ക്കുകയും അല്ല ചെയ്തത്. പ്രത്യുത ദൈവമായിരിക്കുന്ന അവസ്ഥയിൽനിന്നും വ്യത്യാസം വരാതെ മനുഷ്യനായിത്തീർന്നു. യഥാർത്ഥമായ ഒന്നിപ്പിനുശേഷം, പിന്നെ രണ്ടല്ല എന്നാലോ, രണ്ടിൽനിന്നും ഒന്ന്, ഏക കർത്താവ്, യോജിച്ച ഏക ക്നൂമ്മ, ജഡം ധരിച്ച വചനമാം ദൈവത്തിന്റെ ഏക സ്വഭാവം ആകുന്നു. തന്റെ ക്നൂമ്മായിൽ ന്ബിയന്മാരുടെ വചനങ്ങൾ പൂർണ്ണമായി നിറവേറ്റി. ലോകത്തിലേക്കുള്ള തന്റെ ആഗമനത്തെപ്പറ്റി പ്രവചിക്കപ്പെട്ടിരുന്നു. അവരിൽ ഒരുവൻ "എന്റെ പുത്രന്മാരേ! നിങ്ങൾ പൊന്ന്, മൂർ, കുന്തിരിക്കം എന്നീ മൂന്നു സമ്മാനങ്ങൾ എടുത്ത് 'മ്ആറസ്ഗാസോ'യിൽ വയ്ക്കുവിൻ എന്റെ രക്ഷകൻ ഇന്നേക്ക് അഞ്ചു ദിവസങ്ങൾ കഴിഞ്ഞ് വരുന്നു എന്ന് ഞാനറിയുന്നു" എന്നുപറഞ്ഞു. മറ്റൊരുവൻ "ദൈവം യാഫേത്തിനു ശേഷിപ്പിനെ നൽകട്ടെ. അവൻ ശേമിന്റെ കൂടാരത്തിൽ പാർക്കട്ടെ" എന്നു പറഞ്ഞു. വേറൊരുവൻ "യീഹൂദായിൽനിന്നു ചെങ്കോലും, രാജത്വവുമുള്ളവൻ വരുവോളം അവന്റെ കാലുകൾക്കിടയിൽനിന്ന് അറിയിപ്പുകാരനും നീങ്ങിപ്പോകുകയില്ല" എന്നറിയിച്ചു. ഒരുവൻ "അവന്റെ വധത്താൽ ഊർശ്ലേം നശിക്കും" എന്നു പറഞ്ഞു. വേറൊരുവൻ അടിമയാക്കുന്നവനെപ്പോലെ നമ്മുടെ കർത്താധികർത്താവ് പാതാളത്തിലേക്ക് പ്രവേശിക്കുമെന്നും മറ്റൊരുവൻ "കർത്താവേ! എഴുന്നേറ്റ് ഞങ്ങളെ സഹായിച്ചു രക്ഷിക്കണമെ' 'യെന്നും പിന്നൊരുവൻ "അന്ധകാരത്തിലും മരണനിഴലിലും ഇരിക്കുന്നവർക്ക് പ്രകാശം ഉദിച്ചു" എന്നും ഉത്തരം പറഞ്ഞ് മൂന്നു പ്രതിഫലം പ്രാപിച്ചു. നയീനിൽനിന്നുള്ള പാപിനിക്ക് അവളുടെ കടങ്ങൾ ക്ഷമിച്ചു

കൊടുത്തു. ബേത്-അനിയോയിൽനിന്നുള്ള മറിയാമിനെ അവളുടെ സഹോദരന്റെ പുനരുത്ഥാനത്താൽ സന്തോഷിപ്പിച്ചു. മഗ്ദലക്കാരി മറിയാമിന് കഷ്ടാനുഭവത്തിന്റെ മൂന്നാം ദിവസം, അവളുടെ നാമം സുവിശേഷത്തിൽ എഴുതുകയും തന്റെ പുനരുത്ഥാനം അവളെ കാണിക്കുകയും ചെയ്തു. രക്ഷാകരമായ ബലിയിലേക്ക് മൂന്നാമത്തേതും ആദാമിനടുത്തതുമായ പ്രായത്തിൽ വന്നു. അതിൽ സകല ശക്തികളും അതിശയങ്ങളും പ്രവർത്തിച്ചു. കല്പന ലംഘനത്താലുണ്ടായ മൂന്നു ശാപങ്ങളെ ഉന്മൂലനം ചെയ്തു. യൗനാനടുത്തതായ മൂന്നു ദൃഷ്ടാന്തങ്ങളെ താൻ നിറവേറ്റി. കബറിൽ മൂന്നു ദിനം താൻ പാർത്തു. രാത്രിയുടെ മൂന്നാം യാമത്തിൽ കബറിൽനിന്നും നാശം കൂടാതെ താൻ ഉത്ഥാനം ചെയ്തു. തന്റെ പുനരുത്ഥാനം കാവൽക്കാരും സ്ത്രീകളും ശിഷ്യന്മാരുമായ മനുഷ്യരുടെ മൂന്നു നിരകൾക്ക് കാണിച്ചുകൊടുത്തുകൊണ്ട് ന്യായപ്രമാണകൽപ്പനയെ ഉറപ്പിച്ചു, എന്തുകൊണ്ടെന്നാൽ വിജയവും നീതീകരണവും മൂന്നു സാക്ഷികളാൽ ഉറപ്പാക്കപ്പെടുന്നു. തന്റെ പുനരുത്ഥാനനാളിൽ മൂന്നുപ്രാവശ്യം ശ്ലീഹന്മാർക്ക് കാണപ്പെട്ടു. അതായത് ശെമവൂനും, ക്ലെയോഫായ്ക്കും ലൂക്കോയ്ക്കും, മാളികയിൽ കൂടിയിരുന്ന പത്തു ശ്ലീഹന്മാർക്കു പരിശുദ്ധ റൂഹായെ നൽകുമ്പോഴും തന്നെ. ആദാമിന്റെ മുമ്പാകെ മൃഗങ്ങൾ മുന്നുമണിക്കൂർ നേരം കടന്നുപോവുകയും അവൻ അവയ്ക്ക് പേരിടുകയും അവ അനുസരിക്കുകയും ചെയ്തതുപോലെ ബലഹീനന്മാർ ന്യായസ്ഥലത്ത് തന്നെ മൂന്നു മണിക്കൂർ നേരം താമസിപ്പിച്ചു. മൂന്നാംമണി സമയത്ത് കുറ്റം ചെയ്തവനായ തന്റെ ദാസനുവേണ്ടി നമ്മുടെ കർത്താവ് സ്ലീബായിലേക്ക് കരേറി. മൂന്നു മണിക്കൂർനേരം ഭൂതലം ഒക്കെയും അന്ധകാരം വാഴുകയും കാർമേഘാവൃതമാവുകയും ചെയ്തു. നമ്മുടെ കർത്താവ് തന്റെ പിതാവിന്റെ പക്കലേക്കുള്ള നിലവിളിയാൽ, ദൈവാലയത്തിന്റെ വാതിൽമറ മദ്ധ്യേനിന്ന് കീറിപ്പോയതും ഭൂമി കുലുങ്ങിയതും, പാറകൾ പിളരപ്പെട്ടതും ആയ മൂന്നു അത്ഭുതങ്ങൾ സംഭവിച്ചു. തന്റെ മരണത്തിങ്കൽ മൂന്നു ശ്രേഷ്ഠ കാര്യങ്ങൾ താൻ പ്രവർത്തിച്ചു. തന്റെ പിതാവിനാൽ റൂഹായുടെ ആവസിപ്പുണ്ടായി. കള്ളനോടുകൂടെ പറുദീസായിലേക്കുള്ള വഴി നേരെയാക്കപ്പെട്ടു. കല്പനലംഘനത്താൽ അടയ്ക്കപ്പെട്ടിരുന്ന അതിന്റെ വാതിൽ തുറക്കുകയും പാതാളത്തിൽ ബന്ധിച്ചിരുന്ന ആത്മാക്കളെ സന്ദർശിക്കുകയും ചെയ്തു. തന്റെ കബറടക്കത്തിനു മൂന്നു സ്നേഹിതന്മാരുണ്ടായി. തന്റെ തിരുശരീരം ചോദിച്ച യൗസേപ്പും, തന്റെ ശരീരം സംസ്കരിക്കുവാൻ കല്പിച്ച പീലാത്തോസും തന്റെ മൃതശരീരത്തിൽ പരിമളം പൂശിയ നിക്കോദീമോസും തന്നെ. മാലാഖമാരുടെ മൂന്നു നിരകൾ തന്റെ കബറടക്കത്തെ എതിരേറ്റു. മൂന്നു ഗണം



മാലാഖമാരെ തന്റെ കബറിങ്കൽ പ്രതിഗാനം പാടുന്നവരായി യൗസേഫും, നിക്കോദിമോസും കണ്ടു. ദൈവത്വത്തിന്റെ മദ്ധ്യസ്ഥനായുള്ളോവേ നിന്നെ സ്തുതിക്കുന്നത് യോഗ്യമാകുന്നു എന്ന് അവർ പറഞ്ഞു. ദൈവമായിരിക്കുമ്പോൾ മനുഷ്യനായിത്തീർന്ന ദൈവമേ! നീ പരിശുദ്ധനാകുന്നു. നീ ദരിദ്രനാക്കപ്പെട്ടപ്പോഴും നിന്റെ ശ്രേഷ്ഠത വ്യത്യാസപ്പെടാതിരിക്കുകയും. നിന്റെ സ്വഭാവത്തിൽ നീ ശക്തനായിരിക്കുമ്പോൾ മനുഷ്യർക്കുവേണ്ടി ശരീരം ധരിക്കുകയും ദുഷ്ടനെ ജയിക്കുവാനായി ബലഹീനനായി കാണപ്പെടുകയും ചെയ്ത ബലവാനേ! നീ പരിശുദ്ധനാകുന്നു. നീ മരണമില്ലാത്തവനായിരിക്കെ തിരുവിഷ്ടപ്രകാരം ജഡത്തിൽ മരിക്കുകയും, അങ്ങനെ മൃതരെ ഉദ്ധരിക്കുകയും ചെയ്ത മരണമില്ലാത്തവനേ! നീ പരിശുദ്ധനാകുന്നു. മൂന്നു കാദീശ് പാട്ടുകൾ മാലാഖമാരിൽനിന്നും കേൾക്കപ്പെട്ടു. ഞങ്ങൾക്കുവേണ്ടി ക്രൂശിക്കപ്പെട്ടവനേ! എന്നു പ്രാർത്ഥിച്ചത്. മാലാഖമാരെ പ്രതിയല്ല, പിന്നെയോ നീ ഞങ്ങളിൽനിന്നെടുത്ത ശരീരത്തെപ്രതിയത്രെ. ദൈവത്തിന്റെ മദ്ധ്യസ്ഥനായുള്ളോവേ! നീ മുഖാന്തിരം ഞങ്ങളുടെ പ്രാർത്ഥനകൾ പ്രവേശിക്കുന്നതിനത്രേ നീ പ്രാർത്ഥിച്ചത്. ആകയാൽ വചനമായ ദൈവമേ! നിന്നോട് ഞങ്ങൾ അപേക്ഷിക്കുന്നതെന്തെന്നാൽ നിന്റെ പുനരുത്ഥാന സന്തോഷത്താൽ ഞങ്ങളെ സന്തോഷിപ്പിക്കുകയും നിന്റെ ഉയിർപ്പുനാളിൽ ഞങ്ങളെ എല്ലാവരെയും ആഹ്ലാദിപ്പിക്കുകയും ചെയ്യണമെ. കാലാന്ത്യത്തിൽ നീ നടത്തുവാനിരിക്കുന്ന സന്തോഷകരമായ പെസഹായ്ക്കു നീ ഞങ്ങളെ എല്ലാവരെയും യോഗ്യരാക്കണമേ. എല്ലാവർക്കും അവനവന്റെ പ്രവൃ ത്തികൾക്കനുസരിച്ചുള്ള പ്രതിഫലം നൽകണമെ. നിന്റെ രാജ്യത്തിൽ സിംഹാസനത്തിൽ നീ ഉപവിഷ്ടനാകുകയും, നിന്റെ ഉയിർപ്പിന്റെ യാഥാർത്ഥ്യത്തെ തള്ളിപ്പറയുകയും ചെയ്ത യൂദന്മാരേയും ജാതികളേയും നീ ന്യായം വിധിക്കുകയും നിന്നിൽ വിശ്വസിച്ചവരെ മോഹനീയ ആനന്ദങ്ങളിൽ വസിപ്പിക്കുകയും പരിശുദ്ധ ശ്ലീഹന്മാർക്ക് സിംഹാസനങ്ങൾ തയ്യാറാക്കുകയും, നീതിയുടെ ന്യായവിധിക്കായി ഇസ്രായേൽമക്കളുടെ തലമുറകൾ പ്രവേശിക്കുകയും എബ്രായക്കാരുടെ സന്താനങ്ങൾ ശ്ലീഹന്മാരാൽ വിധിക്കപ്പെടുകയും, കഠിനമായ നിന്റെ ശാസന അവർക്കുണ്ടാകുകയും കരുണയില്ലാത്ത ന്യായവിധിയിലേക്ക് പ്രവേശിക്കുകയും ചെയ്യുന്നതായ ആ നാഴികയിൽ ഞങ്ങളുടെ കർത്താവേ! ഞങ്ങളുടെ മേൽ കരുണ ചെയ്യേണമേ ഞങ്ങൾ നിന്നിൽ ഏറ്റുപറഞ്ഞതുകൊണ്ട് ഞങ്ങളെ നീയും ഏറ്റുപറയേണമെ. ഞങ്ങളുടെ കടങ്ങളും പാപങ്ങളും ഞങ്ങളോട് ക്ഷമിക്കണമെ. ഞങ്ങളുടെ തെറ്റുകളെ മായിച്ചു കളയുകയും നിന്നിലുള്ള ശരണത്തിന്മേൽ നിദ്ര പ്രാപിച്ച് നിന്റെ വെളിപാടിനെ

കാംക്ഷിച്ചിരിക്കുന്ന ഞങ്ങളുടെ വാങ്ങിപ്പോയവരെ ആശ്വസിപ്പിക്കുകയും ചെയ്യേണമേ. ഞങ്ങളും അവരും നിനക്കും നിന്റെ പിതാവിനും നിന്റെ വിശുദ്ധ റൂഹായ്ക്കും സ്തുതിയും സ്തോത്രവും കരേറ്റുമാറാകണമെ. ഹോശോ

## എത്രോ

ദൈവത്വത്തിന്റെ മദ്ധ്യസ്ഥനായുള്ളോവേ! അവിടുത്തെ പുനരുത്ഥാനത്തിന്റെ മൂന്നാം നാളിനെക്കുറിച്ച് അക്രമികൾ പീലാത്തോസിന്റെ മുമ്പിൽ നിലവിളിച്ചു പറഞ്ഞത്, “യജമാനനേ! യേശു ജീവിച്ചിരിക്കുമ്പോൾ, ഞാൻ മൂന്നാംനാൾ ഉയർത്തെഴുന്നേൽക്കുമെന്നു പറഞ്ഞത് ഞങ്ങളോർക്കുന്നു. ആകയാൽ കബറിനെ സൂക്ഷിക്കുന്നതിന് കാവൽക്കാരെ നിയമിക്കുവാൻ കൽപ്പിക്കണമെ.” എന്റെ നാഥാ! ഞങ്ങളുടെ ധൂപം നിന്റെ സന്നിധിയിലേക്ക് പ്രവേശിക്കുമാറാകേണമേ. ഞങ്ങൾ നിന്നെയും നിന്റെ പിതാവിനേയും നിന്റെ വി. റൂഹായെയും മഹത്വപ്പെടുത്തുവാനായി ഞങ്ങളുടെ യാചനകളും അപേക്ഷകളും നിന്റെ കരുണയാൽ അംഗീകരിക്കുകയും നിന്റെ നിരപ്പും സമാധാനവും ഞങ്ങളുടെ ഇടയിൽ വസിപ്പിക്കുകയും ചെയ്യുമാറാകണമെ. ഹോശോ......

## ഹൂത്തോമ്മോ

ഭൂമിയുടെ ഉള്ളിൽ മൂന്നു നാൾ വസിച്ച ത്രിയേകനായുള്ളോവേ! മൂന്നാം മണി നേരത്ത് ഭൂമിയിൽ വലിയ അന്ധകാരം ഉണ്ടായി. താൻ കബറിൽനിന്ന് ഉയിർത്തെഴുന്നേൽക്കുകയും അന്ധകാരത്തെ ജയിക്കുകയും അതിന്റെ അധികാരത്തെ മായിച്ചുകളയുകയും ചെയ്തു. താൻ പ്രകാശവും സൃഷ്ടികളെ പ്രകാശിപ്പിക്കുന്നവനുമാണെന്ന് കാണിച്ചു. നാഥാ! നീങ്ങി പോകാത്ത നിന്റെ പ്രകാശത്താൽ ഞങ്ങളെ പ്രകാശിപ്പിക്കണമെ. അഴിഞ്ഞുപോകാത്ത നിന്റെ ഉദയത്താൽ ഞങ്ങളെ ആഹ്ലാദിപ്പിക്കണമെ. നിന്നെ സ്നേഹിക്കുന്നവർക്കു വാഗ്ദാനം ചെയ്യപ്പെട്ട സന്തോഷപ്രദമായ ആ പെരുന്നാൾ ദിവസത്തിന്റെ വെണ്മയാൽ ഞങ്ങളെ ധവളീകരിക്കണമെ. അങ്ങനെ അവരോടുകൂടെ ഞങ്ങൾ നിനക്കും നിന്റെ പിതാവിനും നിന്റെ വിശുദ്ധ റൂഹായ്ക്കും സ്തുതിയും സ്തോത്രവും കരേറ്റുമാറാകണമെ. ഹോശോ......



# ബുധൻ സന്ധ്യ

## സ്ലൂസോ

ദൈവമായ കർത്താവേ! നിന്റെ ഉയർപ്പിന്റെ ഈ ദിവസത്തിൽ ഞങ്ങളെ സന്തോഷിപ്പിക്കുകയും നിന്റെ പെരുന്നാളുകളിൽ ഞങ്ങളെ എല്ലാവരെയും ആനന്ദിപ്പിക്കുകയും ചെയ്യണമേ. സകലത്തേയും പ്രകാശിപ്പിക്കുന്ന നിന്റെ പ്രകാശത്താൽ ഞങ്ങളെ പ്രകാശിപ്പിക്കണമേ. ആകൽക്കർസായുടെ ദാസ്യത്തിൽനിന്നും ഞങ്ങളെ സ്വതന്ത്രരാക്കണമേ. തിരുവിഷ്ടം അനുഷ്ഠിച്ചുകൊണ്ട് ഞങ്ങളുടെ ആയുഷ്ക്കാലം മുഴുവനും തിരുമുമ്പാകെ ഞങ്ങൾ വേലചെയ്യുമാറാകണമെ. നിന്റെ കല്പനകളിൽനിന്നും ഞങ്ങൾ വ്യതിചലിക്കുമാറാകരുതേ. നിന്റെ തിരുഹിതാനുവർത്തികൾക്കു വാഗ്ദത്തം ചെയ്യപ്പെട്ട നല്ല അന്ത്യത്തിനു ഞങ്ങളെ എല്ലാവരേയും യോഗ്യരാക്കണമേ. ഞങ്ങൾ നിനക്കും നിന്റെ പിതാവിനും നിന്റെ വിശുദ്ധ റൂഹായ്ക്കും........ ഹോശോ.......

## പ്രുമിയോൻ

തന്റെ പ്രകാശത്താൽ പ്രകാശഗോളങ്ങളെ പ്രകാശിപ്പിക്കുന്ന ആദ്യപ്രകാശവും, സകല കിരണങ്ങളേയും ശോഭിപ്പിക്കുന്നവനും, സകല അറുതികളെയും പ്രോജ്വലിപ്പിക്കുന്നവനും, സകലഭാഗങ്ങളിലും വ്യാപരിച്ച് പ്രകാശിക്കുകയും ചെയ്യുന്നവനും, നാലാം ദിവസം പകലിൽ അധികാരമുള്ള ഒന്നും, രാത്രിയിൽ വാഴുവാൻ മറ്റൊന്നും ആയി രണ്ട് വലിയ പ്രകാശഗോളങ്ങളെ സൃഷ്ടിച്ചു ക്രമീകരിച്ച സാക്ഷാൽ പ്രകാശമായവനും, അവയുടെ, ചലനവും അയനവും മുഖാന്തിരം നാലു ദിക്കുകളിലും തന്റെ മഹിമയെ നിലനിർത്തിയവനും, ചതുർഭൂതങ്ങളിൽനിന്നും മനുഷ്യനെ സൃഷ്ടിക്കുകയും തന്റെ രാജകീയ സ്വരൂപത്തിൽ അവനെ ആകൃതിപ്പെടുത്തി അലങ്കരിക്കുകയും, നാലു ഭാഗങ്ങളുടെമേലും അവനെ അധികാരിയാക്കിത്തീർക്കുകയും രഥത്തിൽ പൂട്ടപ്പെട്ടിരുന്ന നാലു മൃഗങ്ങളോടുകൂടെ സകലത്തേയും വഹിക്കുന്ന ശക്തിയെ മഹത്വപ്പെടുത്തുന്നവനാക്കിത്തീർക്കുകയും ചെയ്തവനുമായ കർത്താവിനു സ്തുതി. ഉത്തമനായ തന്നെ സന്ധ്യാപ്രാർത്ഥനയുടെ ഈ സമയത്തും...... നാം ഓർത്തു മഹത്വപ്പെടുത്തണം. ബ്കുൽഹൂൻ.....

## ഹൂസോയോ

മ്ഹസ്യോനൊ ഹോക്കിൽ....

### സെദ്റാ

അതിശയനീയനും, അവർണ്ണനീയനും, മഹനീയനും, അറുതിയില്ലാത്തവനും പരാക്രമനുമായ ദൈവവും നാല് മുഖങ്ങളുള്ള രഥത്തിന്മേൽ മഹിമപ്പെട്ട് ബഹുമാനിക്കപ്പെടുന്നവനും, തന്റെ നിത്യതയുടെ മഹിമയ്ക്കായി നാല് മൃഗങ്ങൾ അതിൽ പൂട്ടപ്പെട്ടിരിക്കുന്നവനും സകല സൃഷ്ടികളേയും പ്രകാശിപ്പിക്കുന്ന പ്രകാശവുമായവനു സ്തുതി. അതിൽനിന്നും ഉത്തമവും പൂർണ്ണവുമായ ദാനങ്ങൾ സൃഷ്ടിയിലേക്ക് ഒഴുകുന്നു. അവർണ്ണനീയമായ പ്രഭയെ കൊണ്ടുവരുന്നതും, സൃഷ്ടിക്കപ്പെട്ടവയെ ജ്വലിപ്പിക്കുന്നതും ബോധനീയങ്ങളും, ബോധനീയങ്ങളല്ലാത്ത വയുമായ സകലവും അതിൽനിന്ന് ധന്യമായിത്തീരുന്നു. നാലാം ദിവസം നിന്റെ കർതൃകല്പനയാൽ വലിയ പ്രകാശഗോളങ്ങളേയും, പല അളവിൽ വിവിധങ്ങളായ നക്ഷത്രനിരകളേയും ക്രമപ്പെടുത്തി. ചലിക്കുന്ന ചക്രങ്ങളുടെ ക്രമം വഴിയായി സകല പ്രകാശഗോളങ്ങളുടെയും മേൽ രാജാവായി വലിയ സൂര്യനെ നീ നിയമിച്ചു. നാലാം ദിവസം പക്ഷമായിരിപ്പാനായി ചന്ദ്രനെ സൃഷ്ടിച്ചു. മൃഗങ്ങളെപ്പോലെയും വൃക്ഷങ്ങളെപ്പോലെയും അളവിൽ പൂർണ്ണതപ്പെട്ട മനുഷ്യനെപ്പോലെയും തന്നെ. രാജാവായ സൂര്യനിൽനിന്ന് അത് പ്രകാശം കൈക്കൊള്ളുന്നു. നാലാം ദിവസം നാലു ഭാഗങ്ങളും പേർ ചൊല്ലി വിളിക്കപ്പെട്ടു. കിഴക്കുനിന്നും പ്രകാശിപ്പിക്കുവാനായി സൂര്യൻ ഉദിക്കുന്നു. തന്റെ അയനത്തോട് കൂടെ തെക്കിനാൽ യാത്ര ചെയ്യപ്പെട്ട് വളർത്തപ്പെടുന്നു. പടിഞ്ഞാറിനാൽ ആശ്വസിക്കപ്പെട്ട് അസ്തമിക്കുന്നു. വടക്കിനാൽ ഉദയത്തിനു വരുവാൻ വെളിവായി കടന്നുപോകുന്നു. സ്വഭാവവിരുദ്ധമായ ചതുർഭൂതങ്ങളിൽനിന്നും, അതായത് വെള്ളം, മണ്ണ്, ഓയാർ, അഗ്നി എന്നിവയാൽ മനുഷ്യനെ സൃഷ്ടിച്ചു. ഭൂമിയുടെ നാല് അറുതികളിൽനിന്നും അവനെ മെനയുവാൻ പരിശുദ്ധങ്ങളായ തൃക്കരങ്ങളിൽ മണ്ണെടുത്തു. തന്റെ ശ്രേഷ്ഠതയുടെ മഹനീയ സ്വരൂപത്തിൽ അവനെ ഉണ്ടാക്കുകയും, ഏകസ്വഭാവം അവനിൽ നിക്ഷേപിക്കുകയും ചെയ്തു. ചതുർഭൂതങ്ങളാൽ ലോകം നിലനിൽക്കുന്നു. നാല് യാമങ്ങളായി പകലിന്റെയും രാത്രിയുടെയും നാഴികകളെ ഭാഗിക്കുന്നു. ഓരോ യാമവും മൂന്നു മണിക്കൂർ വീതം. പകലിനു നാലും രാത്രിക്കു നാലും യാമങ്ങൾ



അത്രേ. സൂര്യനെ നയിക്കുവാൻ നാല് കാറ്റുകളെ കൽപ്പിച്ചാക്കി. ഒന്ന് കിഴക്കിനടുത്തായ 'കാ-ആക്കീസ്' എന്ന കിഴക്കൻകാറ്റ് അതിൽ ബന്ധിക്കപ്പെട്ടിരിക്കുന്നു. രണ്ടാമത്തേതായ 'മായാസീസ്' എന്ന പടിഞ്ഞാറൻ കാറ്റ് അതിനെ കൈക്കൊള്ളുന്നു. മൂന്നാമത്തേതോ 'ബാറൂസ്' എന്ന വടക്കൻ കാറ്റ്. അത് അതിനെ നേരേ നയിക്കുന്നു. 'കാത്യൂസ്' എന്ന തെക്കൻ കാറ്റ് അതിനെ താങ്ങി നിർത്തുന്നു. സംവത്സരത്തിന്റെ ഭ്രമണവും, അതിന്റെ കലർച്ചയും നാലായി ഭാഗിച്ചിരിക്കുന്നു. ഹേമന്തം, ശരത്, വസന്തം, വർഷം എന്നിവയെ നയിക്കുവാൻ നാല് കാറ്റുകളാലുള്ള നാല് വ്യത്യാസങ്ങൾ അതിൽ വച്ചു. കിഴക്ക് വസന്തകാലത്തിനൊത്ത ഉണങ്ങിയ കരയും വടക്ക് വർഷത്തിനൊത്ത തണുത്തതും, പടിഞ്ഞാറ് ഹേമന്തംപോലെ കുതിർന്നതും, തെക്ക് ശരത്തുപോലെ ചൂടുള്ളതും ആകുന്നു. സൃഷ്ടിയെ നാലുഭാഗങ്ങളായി ക്രമപ്പെടുത്തുകയും അവയിൽനിന്നും മനുഷ്യനെ നിർമ്മിക്കുകയും ചെയ്തു. സ്നേഹിക്കപ്പെട്ടിരുന്ന അവന്റെ ശുശ്രൂഷയ്ക്കായി സകലത്തേയും സംരക്ഷിച്ചു. നാലു പുരുഷന്മാരോടും നാല് സ്ത്രീകളോടും പെട്ടകത്തിലേക്ക് പ്രവേശിക്കുവാൻ കല്പിച്ചു. സ്ലീബായുടെ ദൃഷ്ടാന്തത്തിൽ നാലു ഭാഗത്തേക്കും അതു പാഞ്ഞു. നോഹയേയും അവന്റെ മക്കളേയും അവരുടെ സ്ത്രീകളേയും ജലപ്രളയത്തിൽനിന്നും ലോകത്തിന്റെ ചതുർഭൂതങ്ങളുടെ ദൃഷ്ടാന്തമുണ്ടാക്കിയതിനാലും രക്ഷിച്ചു. സീനായ് പർവ്വതത്തിൽവച്ച് മൂശെയോട് നാലു മൂലികളിൽനിന്ന് രാജാക്കന്മാരെയും, പുരോഹിതന്മാരെയും പ്രവാചകന്മാരെയും അഭിഷേകം ചെയ്യുവാനുള്ള തൈലം ഉണ്ടാക്കുവാൻ ആജ്ഞാപിച്ചു. ഒന്ന് മൂർ, രണ്ട് ഖിനോമൂൻ (കറുവാ), മൂന്ന് കവാക്കിയോ (കുങ്കുമം), നാല് സൈത്ത്. ഈ നാല് കൂട്ടംകൊണ്ട് അത് തയ്യാറാക്കി. ഭവനാംഗങ്ങൾ അതിനാൽ അഭിഷേകം ചെയ്യപ്പെടുവാൻ കല്പിച്ചു. അന്യന്മാർ അതിനോട് അടുക്കരുതെന്നു നിർദ്ദേശിച്ചു. സീനായ് പർവ്വതം വ്യത്യസ്തമായ നാമങ്ങളുള്ള നാലു ഭാഗങ്ങൾ ഉൾപ്പെട്ടതായിരുന്നു. സീനായിയും, സേയ്റും, ഫോറോനും, ഹൂറീബും തന്നെ. അത് നാലുമുഖമുള്ള രഥത്തെ ദൃഷ്ടാന്തപ്പെടുത്തുന്നു. യിസ്രായേലിന്മേൽ അതിന്റെ നാശത്തിനായി നാലു കൊമ്പുകൾ നീട്ടപ്പെട്ടിരുന്നത്, തഗ്ളത്ത് പലേസർ ശൽമനേസർ, സൻഹറീബ്, നെബുക്കദ്നേസ്സർ എന്നിവരാകുന്നു. ഭൂമിയുടെ സാദൃശ്യം ചതുർഭൂതങ്ങളാലുള്ളവൻ ധരിച്ചു. അവ നാലും നിപതിച്ചപ്പോൾ ദൈവമാകുന്ന താൻ ചതുർഭൂതങ്ങൾ ധരിച്ച് അവനെ ഉദ്ധരിച്ചു. അവ നാലിൽനിന്നും അവന് ഭക്ഷണം തയ്യാറാക്കി. സംയോജിച്ച ആദ്യസ്വഭാവത്തിൽ അവയെ വച്ചു. കബറിലേക്ക് നാലു പ്രാവശ്യം സ്ത്രീകൾ പോയി. ആഴ്ചയുടെ ആദ്യദിവസം സന്ധ്യയിലും, ഇരുട്ടുള്ള പ്രഭാതത്തിലും,

വെളുപ്പിനും, സൂര്യോദയ സമയത്തും അത്രേ. പുനരുത്ഥാന സുവിശേഷം വഹിച്ചുകൊണ്ട് നാല് പ്രാവശ്യം സ്ത്രീകൾ മാളികയിലേക്കു മടങ്ങി. മഹത്വമുള്ള ഉയർപ്പിനെ നാലുകൂട്ടങ്ങൾ കണ്ടു. കബറിനടുത്തിറങ്ങിയ മാലാഖമാരും, മുദ്രകളും അടയാളങ്ങളും യഥാർത്ഥമാണെന്നു കണ്ട കാവൽക്കാരും, തന്റെ കബറടക്കത്തിന് പരിമളവർഗ്ഗങ്ങൾ തയ്യാറാക്കിയ സ്ത്രീകളും തന്നെ. അഗ്നിരഥത്തിൻകീഴിൽ പ്രവാചകൻ ദർശിച്ചപ്രകാരം നാല് ഏവൻഗേലിസ്ഥന്മാർ മുഖാന്തിരം ഏവൻഗേല്യോന്യ സുവിശേഷം നാലു ഭാഗങ്ങളിലും വ്യാപിച്ചു. നമ്മുടെ രക്ഷയ്ക്കായി ജഡധാരണം ചെയ്ത വചനമായ ഏകജാതന്റെ കർതൃപരമായ ഉയർപ്പിനെ സുവിശേഷിപ്പാൻ അയക്കപ്പെട്ടപ്പോൾ നാലുകോണും കെട്ടി ആകാശത്തുനിന്നും ഭൂമിയിലേക്കിറക്കിയ തുപ്പെട്ടി ശെമവൂൻ കണ്ടു. ശീമോൻ ആ തുപ്പട്ടിയേയും അതിലുണ്ടായിരുന്നതായ വെടിപ്പുള്ളതും അല്ലാത്തതുമായ മൃഗങ്ങളേയും കണ്ട് ഭയപ്പെട്ടു. "ശെമവൂനെ! നീ മലിനപ്പെടുകില്ല. എഴുന്നേറ്റ് അറുത്തു തിന്നുക" എന്ന് മൂന്നു പ്രാവശ്യം അവനോട് കൽപ്പിച്ചു. "കർത്താവിനെ സ്വീകരിക്കുന്ന സകല ജാതികളിലേക്കും ഞാൻ നിന്നെ അയയ്ക്കും എന്നും, വിശ്വസിക്കുകയും ഏവൻഗേല്യോന്യ സുവിശേഷത്തിനു ശിഷ്യപ്പെടുകയും ചെയ്യുന്ന ഏവനും സ്വർഗ്ഗോന്നതിയിലേക്ക് കരേറ്റപ്പെടും, എന്നും അരുളിച്ചെയ്തു. വചനമായ ദൈവമേ! നീ പ്രവർത്തിച്ച ഈ കാര്യങ്ങളെല്ലാം ഞങ്ങളുടെ ഹൃദയപലകകളിൽ ഞങ്ങൾ എഴുതുന്നു. ഞങ്ങളുടെ നിരൂപണയുടെ ബോധനീയ അസ്തിവാരത്തിൽ അവ സ്ഥാപിക്കുന്നു. ഞങ്ങൾ നിന്റെ ശ്രേഷ്ഠമായ അത്ഭുതങ്ങളിൽ അതിശയിക്കുന്നു. നിന്റെ രക്ഷാകരമായ ഉയർത്തെഴുന്നേൽപ്പിന്റെ ഈ പെരുന്നാൾദിവസം ആത്മാവിന്റെ ചൂടോടും ചതുർഭൂതങ്ങളുടെ ആശ്വാസത്തോടും ഈ പരിമളധൂപത്തെ നിനക്ക് ഞങ്ങൾ സമർപ്പിക്കുന്നു. ചതുർവിധമായി നിന്റെ ശുശ്രൂഷയ്ക്ക് കീഴ്പ്പെടുവാൻ കൃപ അരുളണമേ. നിന്റെ പ്രകാശത്താൽ ഞങ്ങളുടെ ആത്മശരീരങ്ങളെ പ്രകാശിപ്പിക്കണമെ. നാലു യാമങ്ങളിലും നിനക്കു ഞങ്ങൾ സ്തുതി പാടുമാറാകേണമേ. ഞങ്ങളുടെ അടുക്കലുള്ള നിന്റെ പരിപാലനത്തെപ്രതി നിനക്കു ഞങ്ങൾ സ്തോത്രം പാടുമാറാകേണമെ. പ്രളയ സമുദ്രത്തിൽനിന്നും ഞങ്ങളെ കോരിയെടുക്കണമെ. ദൈവീക തൈലത്താൽ ഞങ്ങളെ ശുദ്ധീകരിക്കേണമേ. കോപവടികളിൽനിന്നും ഞങ്ങളെ സ്വതന്ത്രരാക്കണമെ. ചതുർഭൂതങ്ങളാൽ നിന്നെ ദർശിപ്പാനും കൈവേലകളെ നിരസിപ്പാനും കൃപയരുളണമേ. ഞങ്ങളുടെ രക്ഷയെ പ്രതിയും, സാത്താൻ, മരണം എന്നീ ഞങ്ങളുടെ ശത്രുക്കളിൽനിന്നുള്ള വീണ്ടെടുപ്പിനായും, മരത്തിന്മേലുള്ള നിന്റെ ഉയർത്തപ്പെടൽ വഴി ചതുർഭൂതങ്ങളെ സ്വാതന്ത്ര്യപ്പെടുത്തിയതിനായും നിന്റെ കൃപയെ ഞങ്ങൾ



സ്തോത്രം ചെയ്യുന്നു. വെടിപ്പിന്റെ വാസസ്ഥലങ്ങളായ നാല് ഏവൻഗേലിസ്തന്മാരുടെ പ്രസംഗങ്ങളാൽ നീ മുഖാന്തിരം ഞങ്ങൾ ശുദ്ധീകരിക്കപ്പെടണമേ. ശ്ലീഹന്മാരോടും ശിഷ്യസ്ത്രീകളോടും, മാലാഖമാരോടും കാവൽക്കാരോടുംകൂടെ സന്തോഷം നിറഞ്ഞ നിന്റെ ഉയർപ്പിനെ ഞങ്ങൾ പ്രസംഗിക്കുമാറാകണമേ. സംശയരഹിതമായ വിശ്വാസത്താൽ നിന്റെ പുനരുത്ഥാനത്തെ ഞങ്ങൾ ബഹുമാനിക്കുമാറാകണമേ. ഭിന്നിച്ചു പോകാത്ത വിശ്വാസത്താൽ നിന്റെ തിരുമുറിവുകളെ ഞങ്ങൾ വാത്സല്ലിക്കുമാറാകണമേ. ഞങ്ങളും ഞങ്ങളുടെ നിദ്രപ്രാപിച്ചവരും വിശ്വാസികളായ സകല വാങ്ങിപ്പോയവരും നിന്നെ എതിരേൽക്കുവാൻ യോഗ്യതയുള്ളവരായിത്തീരേണമേ. ഞങ്ങൾ നിനക്കും നിന്റെ പിതാവിനും..... ഹോശോ....

## എത്രോ

തന്റെ പിതാവിനെ തന്റെ സൃഷ്ടിയോടു നിരപ്പാക്കുകയും, ലോകം അതിനാൽ പുതുക്കവും സ്വാതന്ത്ര്യവും നേടുകയും ചെയ്തു എന്ന ജീവകരധൂപമായുള്ളോവേ! ശെമവൂനോടും യൂഹാനോനോടും കൂടെ ജീവന്റെ തൊഴുത്തിലേക്ക് ഞങ്ങൾ പ്രവേശിക്കുകയും ആത്മീയ ആട്ടിൻപറ്റത്തിൽ ഞങ്ങളെല്ലാവരും ക്രമപ്പെടുത്തപ്പെടുകയും, ഈറേന്മാരോടും, മാലാഖമാരോടുംകൂടെ ഞങ്ങൾ കലർത്തപ്പെടുകയും, ജീവദായകമായ സുവിശേഷം സ്വീകരിക്കുകയും ആത്മശരീരങ്ങളുടെ അശുദ്ധിയിൽനിന്നും രക്ഷപെടുകയും ചെയ്തു എന്ന് ഞങ്ങൾ വിശ്വസിച്ചുറയ്ക്കുവാൻ ഞങ്ങളെ യോഗ്യരാക്കണമേ. നിന്നാൽ ഞങ്ങൾ സന്തോഷിച്ചുകൊണ്ട് നിന്നെയും നിന്റെ പിതാവിനെയും പരിശുദ്ധ റൂഹായേയും സ്തോത്രം ചെയ്തു മഹത്വപ്പെടുത്തി വന്ദിക്കുമാറാകണമെ. ഹോശോ......

## ഹൂത്തോമ്മോ

കർത്താവേ! നീ മഹോന്നതങ്ങളിൽനിന്നും അഗാധങ്ങളിലേക്കിറങ്ങി പാതാളത്തെ സന്ദർശിച്ചു. അതിൽ ബന്ധിക്കപ്പെട്ടിരുന്നവരെ സ്വതന്ത്രരാക്കി നിന്നോടുകൂടെ നീ ജീവനെ കൊണ്ടുവന്ന് ഞങ്ങൾക്കെല്ലാവർക്കും ഭാഗിച്ചുതന്നു. "അപ്പോഴും നിന്റെ നിത്യതയെ നീ കൈവിട്ടില്ല", എന്ന് ദൈവീകനായ പൗലൂസിനോടുകൂടെ ഞങ്ങളും അട്ടഹസിച്ചു പറയുന്നു. കർത്താവേ! നിരപ്പും സമാധാനവും, സ്നേഹവും ഐകമത്യവും ഞങ്ങളുടെ ഇടയിൽ വാഴുമാറാകണമേ! ഞങ്ങളുടെ

എല്ലാ സമ്പാദ്യങ്ങളെയും ഐശ്വര്യപ്പെടുത്തണമെ! ഞങ്ങളേയും ഞങ്ങളുടെ മരിച്ചുപോയവരേയും ഇപ്പോഴും എപ്പോഴും എന്നുമെന്നേക്കും പുണ്യപ്പെടുത്തുമാറാകണമേ. ഹോശോ....

## ബുധൻ പ്രഭാതം

### സ്‌ലൂസോ

ത്രീയേകനും ജീവാരംഭവും സകലത്തിന്റെയും ദൈവവും ഗോഗുൽത്തായുടെ ഉന്നതത്തിൽ സ്വന്ത ഇഷ്ടപ്രകാരം യാഗാർപ്പണം ചെയ്യുകയും, ഭൗമീകരെ സ്വർഗ്ഗീയരോട് സംയോജിപ്പിക്കുകയും ചെയ്ത കർത്താവേ! വെടിപ്പുള്ള ശുഭ്രവസ്ത്രങ്ങളാലും നീതിയുടെ നടപടികളാലും മഹനീയവും പൊതുവായതുമായ നിന്റെ ഉയർപ്പിനെ എതിരേൽക്കുവാനും നിന്നെ പ്രസാദിപ്പിച്ചവരോടുകൂടെ മഹത്വത്തിന്റെ പെരുന്നാളുകളെ ആഘോഷിപ്പാനും ഞങ്ങളെ യോഗ്യരാക്കിത്തീർക്കണമെ. മോറാൻ വാലോഹാൻ......

### പ്രുമിയോൻ

സകലത്തിലും മഹനീയവും എല്ലാവരാലും വന്ദിക്കപ്പെടുന്നതും എല്ലാറ്റിലും നിർമ്മലവും സകല സാരാംശത്തിലും, നന്മയിലും ഉയർന്നിരിക്കുന്നതും സ്വഭാവത്തിലും അധികാരത്തിലും, രാജത്വത്തിലും, സൃഷ്ടികർതൃത്വത്തിലും യോജിച്ചിരിക്കുന്നതും, സ്വഭാവത്തിൽ ഏകമായും ത്രിത്വമായും, സാരാംശത്തിൽ അപ്രകാരം തന്നെ സ്ഥിതിചെയ്യുന്നതും ക്നൂമാകളുടെ വേർതിരിവ് ഗ്രഹിക്കപ്പെടുന്നതുമായ ത്രീത്വവും കർതൃപരമായ നിലയിൽ ആകാശത്തിലും ഭൂമിയിലും ഭൂമിക്കു താഴെയുമുള്ള സകലരും മുട്ടുമടക്കുന്നവനും സകല നാവും സ്തോത്രം ചെയ്തു ഔന്നത്യപ്പെടുത്തി പുകഴ്ത്തുവനുമായ തനിക്കു സ്തുതി. ജനകനും നിത്യവുമായ പിതാവ് വന്ദ്യനും മഹത്വമുള്ളവനുമാകുന്നു. തനിക്കും കാലത്തികവിൽ തന്നിൽനിന്നും ജനിക്കുവാനും ജഡം ധരിക്കുവാനും മൂന്നാം നാളിൽ ഉത്ഥാനം ചെയ്യുവാനും മരണമുള്ള നമ്മുടെ വർഗ്ഗത്തെ ഉദ്ധരിക്കുവാനും, അതിന്റെ അവർണ്ണ്യമഹത്വത്തോടെ തന്റെ പിതാവിന്റെ വലതുഭാഗത്ത് ഇരുത്തുവാനും തിരുഹിതമായ പുത്രനും പിതാവിൽനിന്ന് പുറപ്പെടുകയും പുത്രനിൽനിന്നെടുക്കുകയും തന്നോടുകൂടെ സാരാംശത്തിലും ശക്തിയിലും ബഹുമാനത്തിലും യോജിച്ചി



രിക്കുന്നവനുമായ വിശുദ്ധറൂഹായ്ക്കും പ്രഭാതപ്രാർത്ഥനയുടെ ഈ സമയത്തും സകല പെരുന്നാളുകളിലും....... ബ്കുല്ഹൂൻ......

### ഹൂസോയോ

മ്ഹസ്യോനൊ ഹോക്കിൽ....

### സെദ്റാ

തന്റെ നന്മാപ്രവാഹം അളക്കപ്പെടാത്തവനും സ്രഷ്ടാവ് എന്ന ശ്രേഷ്ഠയോഗ്യത മണ്മയമായ വാക്കുകളാലും, നാവുകളാലും അവർണ്ണ്യമായിരിക്കുന്നവനും, ബലഹീനമാക്കപ്പെടാത്തവനും മേലുള്ളവരുടെയും താഴെയുള്ളവരുടെയും നിത്യപ്രകാശവും ആയ ഉന്നതനും ഭയങ്കരനും ധനവാനുമായ കർത്താവും തന്റെ ദൈവീക കല്പനയാൽ രാത്രിയിലും പകലിലും പ്രകാശിക്കുവാനായി നാലാം ദിവസം ആകാശത്തട്ടിൽ പ്രകാശജോഡിയെ സൃഷ്ടിച്ച നിത്യപ്രകാശവും സംവത്സരത്തിന്റെ ഭ്രമണത്തെ സൃഷ്ടിയുടെ നാല് ഭാഗങ്ങൾക്കും നാലു കാലങ്ങളായി അലങ്കരിച്ചവനും, ഓരോ ദിവസത്തിനും നാല് യാമങ്ങളെ ഉണ്ടാക്കുകയും, അവയെ നയിക്കുവാൻ നാലു കാറ്റുകളെ നിയമിക്കുകയും ചെയ്തവനും, ഭൂമിയുടെ നാല് ഭാഗത്തുനിന്നും മണ്ണെടുത്ത് തന്റെ സ്വരൂപത്തിലും സാദൃശ്യത്തിലും ആദാമിനെ മെനഞ്ഞുണ്ടാക്കുകയും നാല് നദികൾ ക്രമീകരിച്ചിരിക്കുന്ന പർദീസായ്ക്കടുത്ത ശരീരത്തിൽ അവനെ വസിപ്പിക്കുകയും ചെയ്തവനുമായ ദൈവം ഹൃദയത്തിലുള്ള ജീവശക്തിയും, തലച്ചോറിലുള്ള പ്രാണനും, കരളിലുള്ള സ്വഭാവവും, വൃഷണങ്ങളിലുള്ള സന്താനോൽപ്പാദന ശക്തിയും ഉള്ളവനായി അവനെ സൃഷ്ടിച്ചു. ഭൂമിയെ നനയ്ക്കുവാൻ നാല് നദികളെ നിയമിച്ചു. അവയിൽ ഒന്നിന്റെ പേർ 'പീശോൻ' അത് ഹാവില ദേശമൊക്കെയും ചുറ്റുന്നു. രണ്ടാമത്തേത് 'ഗീഹോൻ' അത് കൂശ് ദേശമൊക്കെയും ചുറ്റുന്നു. മൂന്നാമത്തേത് അർമ്മീനിയായുടെ ഉൾഭാഗത്തൊക്കെയും ചുറ്റുന്ന 'ദക്കിലാസ്' നദിയും. 'ഫ്രാത്ത്' എന്ന പേരുള്ളതും അർമ്മേനിയായുടെ പുറംഭാഗത്തൊക്കെയും ചുറ്റി ഒഴുകുന്നതുമായ നാലാമത്തെ നദിയുമാണ്. പ്രതികൂലസ്വഭാവമുള്ള ചതുർഭൂതത്താൽ മനുഷ്യ സ്വഭാവത്തെ നിലനിർത്തി. അനേക ദീർഘദർശിമാരെയും നാല് അത്ഭുതങ്ങളാൽ നീ അലങ്കരിച്ചു. മൂശയേയും, യോശുവായേയും, ഈലിയായേയും, ദാവീദിനേയും, ഹൂശോയേയും, യൗനാനേയും, മീഖായേയും തന്നെ. രാജാക്കന്മാരിൽ നാലാമനായ രഹബ്ബയാം വൃദ്ധന്മാരുടെ ആലോച

നയെ ചെവിക്കൊള്ളാതിരുന്നതിനാൽ രാജ്യം വിഭാഗിക്കപ്പെട്ടു. പത്ത്
ഗോത്രങ്ങളിന്മേൽ യൂരോബ്ബയാം ആധിപത്യം ചെയ്തു. യിഹൂദാ,
ബന്യാമീൻ ഗോത്രങ്ങൾ രഹബ്ബയാമിനു ശേഷിച്ചു. നാല് മൃഗങ്ങളാൽ
പൂട്ടപ്പെട്ടതും നാലുമുഖങ്ങൾ ഉള്ളതുമായ രഥത്തിന്മേൽ അത്യുന്നതായ
വനെ നാലാം മാസത്തിൽ കേബാർ നദീതീരത്തുവച്ച് ഹസ്കിയേൽ
കണ്ടു. അതിൽ സിംഹം സകല വന്യമൃഗങ്ങളേയും, കാള സകല നാട്ടു
മൃഗങ്ങളെയും, കഴുകൻ സകല പറവജാതികളെയും മനുഷ്യൻ ലോകം
മുഴുവനെയും സൂചിപ്പിക്കുന്നു. നാലുകാറ്റുകളിൽനിന്നും കൂട്ടിച്ചേർത്ത
ആത്മാവിനെ പ്രവാചകൻ ദർശിച്ചു. ഇത് മിസ്രേനിൽനിന്നു പുറപ്പെട്ട
ആറുലക്ഷം പേരുടെ ഉത്ഥാനത്തെ സൂചിപ്പിക്കുന്നു. ഊർശ്ലേമ്മിലേക്ക്
മടങ്ങുന്നതിൽ അവിശ്വസ്തരായിരുന്ന ഹെബ്രായരുടെ ശിക്ഷയേയും
സൂചിപ്പിക്കുന്നു. നാലു പ്രാവശ്യം നെബുക്കദ്നേസ്സർ യെറുശലേമി
ലേക്ക് പ്രവേശിക്കുകയും അതിനെ ബന്ധിക്കുകയും, നശിപ്പിക്കുകയും
ദൈവാലയം ചുട്ടുകളയുകയും ചെയ്തു. കർതൃഭവനത്തിലെ ശുശ്രൂ
ഷയ്ക്കുള്ള ഉപകരണങ്ങളെ എടുത്തുകൊണ്ടുപോകുകയും ചെയ്തു.
ദാനിയേലും തന്റെ തലമുറയിൽപ്പെട്ട ഹാനനിയ, അസറിയ, മീശായേൽ
എന്നിങ്ങനെ നാലുപേരും നിയോഗപ്രകാരം അച്ചാരങ്ങളും തെരഞ്ഞെ
ടുക്കപ്പെട്ടവരുമായി അവനു സമ്മാനിക്കപ്പെട്ടു. കാരുണ്യവാനായ
കർത്താവേ! യിസ്രായേൽ ജനം നാലു മുഖങ്ങളുള്ള മൃഗത്തെ വന്ദിക്കു
ന്നതും നാലുകാലുള്ള രൂപങ്ങളുടെ ആരാധനയ്ക്കായി നാലുഭാഗത്തും
അടുത്തുവരുന്നതും കണ്ടപ്പോൾ നശിച്ചുപോകുന്ന തന്റെ സ്വരൂപത്തെ
അന്വേഷിക്കുന്നതിനായി നീ ഇറങ്ങിവന്നു. ചതുർഭൂതങ്ങളിൽനിന്നുള്ള
സൃഷ്ടിയുടെ രക്ഷയ്ക്കായി രക്ഷകൻ വന്നു. മൂന്നാമത്തെ യാമത്തിൽ
ന്ബീയന്മാരേയും ദർശകന്മാരേയും അവനായി അയച്ചിരുന്നു. എന്നാൽ
അവർക്ക് അവനെ രക്ഷിപ്പാൻ കഴിഞ്ഞില്ല. ചതുർഭൂതങ്ങളുടെ ധരിക്ക
ലാൽ നാലാം തലമുറയിൽ വാണിരുന്ന മരണത്തെ നാലു പ്രാവശ്യം
നമ്മെപ്രതി വധിക്കുകയും അതിന്റെ അധികാരത്തെ തകർക്കുകയും
സൃഷ്ടി മുഴുവനും ജീവനെ പ്രദാനം ചെയ്യുകയും ചെയ്തു. ചതുർഭൂത
ങ്ങളിൽനിന്ന് ചൂടുള്ളതും, തണുപ്പുള്ളതും നനവുള്ളതും, ഉണങ്ങിയവ
യുമായവയിൽനിന്ന് സകല ശരീരങ്ങളേയും എഴുന്നേൽപ്പിച്ചു. ഇവ
നാലിൽനിന്നും പ്രാണമയമായതിനെ നിലനിർത്തി. പൂഴിമണ്ണിനു പകരം
മാവ്, വെള്ളം വെള്ളത്തെ സൂചിപ്പിക്കുന്നു. ഉപ്പ് അഗ്നിയേയും, പുളിപ്പ്
ഓയാറിനെയും സൂചിപ്പിച്ച് ദൃഷ്ടാന്തീകരിക്കുന്നു. എണ്ണ ആത്മാവിന്റെ
സാദൃശ്യമാകുന്നു. ഇവയാൽ പ: സഭ കൂട്ടായ്മ (വി. കുർബാന) ആചരി
ക്കുന്നു. വംശാവലിപ്രകാരം വിജാതികളിൽനിന്നുള്ള നാലു വേശ്യാ
സ്ത്രീകൾ സ്വന്തജനത്തിന്റെ മക്കളോടുകൂടി പങ്കാളികളായി. അങ്ങനെ



നാലുഭാഗത്തും സ്വാതന്ത്ര്യം ഉദയം ചെയ്തു. ജാതികളിൽനിന്നുള്ള
വളും അവളുടെ ഭർതൃപിതാവുമായി അവിഹിതബന്ധം പുലർത്തിയ
വളുമായ 'താമാർ'. ഒറ്റുകാരെ സ്വീകരിച്ച 'റാഹാബ്'. മോവാബ്യയായ
രൂത്ത്, ഹിത്യയായ 'ബേർ-ശേബ' എിങ്ങനെ നാലു വിജാതീയ സ്ത്രീ
കൾ ആകുന്നു അവർ. സ്ലീബായിലേക്കുള്ള തന്റെ കരേറ്റത്താൽ ദഹന
ബലിയാൽ അശുദ്ധപ്പെട്ടിരുന്ന നാലു ഭാഗത്തേയും ശുദ്ധീകരിച്ചു. അതാ
യത് വിജാതീയരിൽനിന്നുള്ള നാലു വേശ്യാസ്ത്രീകൾ സ്വന്ത ജനവുമാ
യിച്ചേർന്ന് ശുദ്ധീകരിക്കപ്പെട്ട പ്രകാരം തന്നെ. നാലു സൈന്യാധിപന്മാ
രാൽ തന്റെ അങ്കി നാലായി വിഭാഗിക്കപ്പെട്ടു. ലോകമൊക്കെയുടെയും
പാപത്തിനുവേണ്ടി കുപ്പായം, പുറങ്കുപ്പായം, അരക്കെട്ട്, ചെരുപ്പ്
എന്നിവ താൻ ധരിച്ചിരുന്നു. കീറപ്പെടാതിരുന്ന കുപ്പായം ജാതികൾക്ക്
എത്തിച്ചേർന്നത് വിശ്വാസം വാഗ്ദത്തം ചെയ്തതിനെ സൂചിപ്പിക്കുന്നു.
അതായത് നാല് ഏവൻഗേലിസ്ഥന്മാർ മുഖാന്തിരമായി ദൈവീക സുവി
ശേഷം ചിന്തിപ്പോകാതെ ജാതികളുടെ അടുത്ത് എത്തിച്ചേർന്നു. നാല്
സമയങ്ങളിൽ സ്ത്രീകൾ ജീവദായകമായ കബറിങ്കലേയ്ക്ക് പോയി.
തന്റെ പുനരുത്ഥാന സുവിശേഷം വീണുപോയ നാലിനെയും ഉദ്ധരിച്ചു
റപ്പിച്ചു. മാലാഖമാരുടെയും, കാവൽക്കാരുടെയും, ശിഷ്യന്മാരുടെയും,
സ്ത്രീകളുടെയും ആയ നാല് ഭാഗത്തേയ്ക്കും തന്റെ ഉയർപ്പിനെ സംബ
ന്ധിച്ച് വെളിവായി അറിയിച്ചു. എല്ലാഭാഗത്തും നാലു ഏവൻഗേലിസ്ഥ
ന്മാർ വഴിയായി ദൈവീകസുവിശേഷം പറന്നെത്തി. അവർ ഉന്നതമായ
അസ്തിത്വം വഹിച്ച ക്രൂബേന്മാർക്കടുത്ത രഥത്തിനു സദൃശരാണ്.
അതായത് നാലു മുഖമുള്ള ആ അഗ്നിരഥം നാല് ഏവൻഗേലിസ്ഥ
ന്മാരെ സൂചിപ്പിക്കുന്നു. സിംഹം അവരുടെ ധൈര്യത്തെയും, അവരുടെ
കാലടികൾ മറഞ്ഞിരുന്നതിനേയും, കാള അവരുടെ കൃഷിയേയും,
ഉഴവുചാലുകളുടെ വലിപ്പത്തേയും, കഴുകൻ അവരുടെ വേട്ടയേയും,
സൂക്ഷ്മദൃഷ്ടിയെയും പറക്കലിനെയും സൂചിപ്പിക്കുന്നു. മനുഷ്യൻ
വിശേഷബുദ്ധിയുള്ള അവരുടെ സ്വഭാവത്തെ കാണിക്കുന്നു. ശെമവൂൻ
കണ്ട (തുപ്പെട്ടിയുടെ) നാലുകോണുകളുടെയും യോജിപ്പ്, തന്റെ സുവി
ശേഷത്താൽ ബന്ധിക്കപ്പെട്ട നാനാദേശത്തിന്റെയും യോജിപ്പിനെ
സൂചിപ്പിക്കുന്നു. ആ പാത്രത്തിന്റെ സ്വർഗ്ഗത്തിലേക്കുള്ള കരേറ്റം സർവ്വ
ജാതികളുടെയും സ്വർഗ്ഗരാജ്യത്തിലേക്കുള്ള കരേറ്റത്തെ സൂചിപ്പി
ക്കുന്നു. തന്റെ വ്യാപാരകാലം പൗലൂസ് നാലായി ഭാഗിച്ചു. ഉന്നതം
തന്റെ അനദ്യാന്താവസ്ഥയേയും ആഴം തന്റെ താഴാഴ്മയെയും നീളവും
വീതിയും, അബ്രഹാം തന്റെ കാലടികളാലും നടപ്പിനാലും സൂചിപ്പിച്ച
പ്രകാരം തന്റെ പാതാളത്തിലേക്കുള്ള ഇറക്കത്തെയും സൂചിപ്പിക്കുന്നു.
താൻ രാജ്യത്തിന്റെ നാലുഭാഗത്താൽ അതിനെ സൂചിപ്പിച്ചു. പ്രോത്തോ

നിക്കി രാജ്ഞി മുഖാന്തിരം വിശുദ്ധ സ്ലീബായെ തന്റെ സഹോദരനായ യാക്കൂബിനു ഭരമേൽപ്പിച്ച് യൂദന്മാരെ ലജ്ജിപ്പിച്ചു. ശിഷ്യന്മാരായ പരിശുദ്ധ ശ്ലീഹന്മാർ സകല ജാതികളുടെയും മുമ്പിൽ ശ്രേഷ്ഠരായി ത്തീർന്നു. ഇതു ഹേതുവായി ഞങ്ങളുടെ ദൈവമായ മ്ശീഹോ തമ്പു രാനേ! നിന്റെ ഉയർപ്പിന്റെ ഈ ഹേവോറൊയുടെ നാലാം ദിവസത്തിൽ നിന്നോടു ഞങ്ങൾ അപേക്ഷിക്കുന്നതെന്തെന്നാൽ നിന്റെ ദൈവത്വ ത്തിനു ഞങ്ങൾ സമർപ്പിക്കുന്ന ഈ പരിമളധൂപം മുഖാന്തിരം, നിന്റെ കൃപയാൽ ഞങ്ങളെ ശുദ്ധീകരിക്കണമെ. നിന്നിലുള്ള വിശ്വാസത്താൽ ഞങ്ങളെ സ്ഥിരപ്പെടുത്തണമേ. നിന്റെ തൊഴുത്തിൽ ഞങ്ങളെയും എണ്ണുമാറാകണമേ. നിന്റെ നന്മയാൽ ഞങ്ങളെ പുതുക്കണമെ. നിന്റെ സ്നേഹത്താൽ ഞങ്ങളുടെ നിരൂപണങ്ങളെ സംയോജിപ്പിക്കണമെ. നിന്റെ കരുണയാൽ ഞങ്ങളെ സഹായിക്കണമെ. നിന്റെ സോപ്പായാൽ ഞങ്ങളുടെ അകൃത്യങ്ങളെ വെണ്മയാക്കണമേ. നിന്റെ വെളിപാടുനാ ളിൽ നിന്റെ വലതുഭാഗത്തു ഞങ്ങളെയും അവരെയും നിർത്തണമേ. ഞങ്ങൾ നിനക്കും നിന്റെ പിതാവിനും നിന്റെ വിശുദ്ധ റൂഹായ്ക്കും..... ഹോശോ. മെൻ ആലോഹോ..... ആമ്മീൻ.

## എത്രോ

പാപികൾക്കുവേണ്ടി സ്ക്കീപ്പായിൽ യാഗമായി അർപ്പിക്കപ്പെട്ട പാപപരിഹാരയാഗവും എല്ലാ ഭാഗത്തേയും തന്റെ ആരാധനയ്ക്കായി ആകർഷിക്കുകയും വീണുപോയ ചതുർഭൂതങ്ങളെ തന്റെ ഉയർപ്പിനാൽ ഉദ്ധരിക്കുകയും ചെയ്ത കർത്താവേ! ഇപ്പോൾ അവിടുന്ന് ഞങ്ങളുടെ ധൂപത്തെ കൈക്കൊണ്ട് ഞങ്ങളുടെ പ്രാർത്ഥനകളുടെ ധൂപത്തിൽ പ്രസാദിക്കണമെ. ഞങ്ങളെ കഷ്ടപ്പെടുത്തുന്ന നാലു വികാരങ്ങളാ കുന്ന വ്യഭിചാരം, ആക്രമണം, മദ്യപാനം, നിദ്ര എന്നിവയെ നശിപ്പിക്കേ ണമേ. ഗിദയൂന്റെ നാളുകളിൽ ഊറീബ്, സീബ്, സേബഹ്, സൽമൂന്ന എന്നിവരെ നശിപ്പിച്ചപ്രകാരം തന്നെ. ഞങ്ങളേയും ഞങ്ങളുടെ മരിച്ചു പോയവരെയും നിന്റെ രാജ്യത്തിൽ നിന്റെ പരിശുദ്ധന്മാരുടെ കൂടെ ഇമ്പപ്പെടുത്തുമാറാകണമേ. മോറാൻ......

## ഹൂത്തോമ്മോ

നാലു മുഖമുള്ള രഥത്തിന്മേൽ മഹിമപ്പെടുകയും, നാലു കാലുള്ള മൃഗത്തിന്മേൽ തനിക്ക് പ്രസാദമായ പ്രകാരം ഉപവിഷ്ടനാകുകയും നാലു കൂട്ടങ്ങളാൽ തന്റെ ശ്രേഷ്ഠത ആഘോഷിക്കപ്പെടുകയും



ചെയ്യുന്ന പുത്രൻ തമ്പുരാനേ! രാത്രികളുടെയും പകലുകളുടെയും നാല് യാമങ്ങളാൽ കബറിൽനിന്നുള്ള നിന്റെ ഉയർപ്പിനെ സ്തുതിച്ചു പുകഴ്ത്തുവാൻ ഞങ്ങളെ യോഗ്യരാക്കണമേ. നാലുമുഖമുള്ള ക്രൂബന്മാ രോടുകൂടെ ഞങ്ങൾ നിന്നെയും നിന്റെ പിതാവിനേയും നിന്റെ വിശുദ്ധ റൂഹായേയും വണങ്ങി വന്ദിക്കുമാറാകണമേ...... ഹോശോ.....

# വ്യാഴം സന്ധ്യ

## സ്ലൂസോ

കാരുണ്യവാനും മനുഷ്യസ്നേഹിയുമായ ദൈവമായ കർത്താവേ! വെടിപ്പുള്ള വസ്ത്രങ്ങളാലും മഹത്വം നിറഞ്ഞ ശബ്ദങ്ങളാലും രക്ഷാ കരവും സന്തോഷഭരിതവുമായ നിന്റെ ഉയർത്തെഴുന്നേൽപ്പിന്റെ പെരു ന്നാളിനെ പുകഴ്ത്തുവാൻ ഞങ്ങളെ യോഗ്യരാക്കിത്തീർക്കണമേ. പിതൃ പുത്ര പരിശുദ്ധാത്മാവായ ദൈവമേ, ശുഭ്രവസ്ത്രങ്ങളോടും സൂര്യനേ ക്കാൾ ഏറ്റം പ്രശോഭിക്കുന്ന നീതിയുടെ നടപടികളാലും ശെമവോ നോടും, യൂഹാനോനോടും അവന്റെ സഖികളോടുംകൂടെ ഞങ്ങൾ സന്തോഷിച്ച് ആനന്ദിച്ച് മഹത്വപ്പെടുത്തുമാറാകണമേ. ഹോശോ.... ആമ്മീൻ...

## പ്രുമിയോൻ

തീർന്നുപോകാത്ത തന്റെ ശക്തിയാൽ സമുദ്രങ്ങളേയും നദിക ളേയും ജന്തുക്കളുടേയും, ജീവജാലങ്ങളുടെയും കരച്ചിൽശബ്ദത്താൽ സമ്പന്നമാക്കിയ ധന്യമായ ശക്തിയും എല്ലാ സാദൃശങ്ങളുടെയും വ്യത്യസ്ത വർഗ്ഗങ്ങളാൽ അവയെ നിറച്ചവനും തന്റെ കർതൃകല്പന യാൽ മനുഷ്യനെ ശാരീരിക പഞ്ചേന്ദ്രിയങ്ങളാൽ അലങ്കരിക്കുകയും തന്റെ ദൈവത്വത്തിന്റെ മഹിമയ്ക്കായി ആത്മീയ പഞ്ചേന്ദ്രിയങ്ങളെ ചലിപ്പിക്കുകയും അവയാൽ തന്റെ ബഹുമാന്യമായ പുകഴ്ചയുടെ ശ്രേഷ്ഠതയും, തന്റെ കർതൃത്വത്തിന്റെ സ്നേഹവുംകൊണ്ട് അവനെ അലങ്കരിക്കുകയും ചെയ്തവനും അളക്കപ്പെടാത്ത സമുദ്രവും എത്തി പ്പിടിക്കാത്ത അഗാധവും ആയവനും തന്റെ നിത്യമായ സ്നേഹത്താൽ അഞ്ച് കക്രാകൾകൊണ്ട് മനുഷ്യനെ പൂർണ്ണനാക്കുകയും സകല

പുണ്യത്തിലും നേരായി നടത്തപ്പെടുന്നതിന് അഞ്ചു പട്ടണങ്ങളിന്മേൽ അവനെ അധികാരപ്പെടുത്തുകയും ചെയ്തവനുമായ കർത്താവിനു സ്തുതി. തനിക്ക് സന്ധ്യാപ്രാർത്ഥനയുടെ...... ബ്കുല്ഹൂൻ......

**ഹൂസോയോ**

മ്ഹസ്യോനൊ ഹോക്കിൽ....

## സെദ്റാ

ദൈവീകമായ തന്റെ കല്പനയുടെ ആംഗ്യത്താൽ അഞ്ചാം ദിവസം സമുദ്രങ്ങളേയും നദികളേയും ജന്തുക്കളുടെ ശബ്ദത്താലും അനേകം മത്സ്യങ്ങളാലും, ഓയാറിൽ പറക്കുന്ന അനേകം പക്ഷികളാലും സമ്പന്നമാക്കിയ ജയാളിയും ബലവാനുമായ ദൈവമായ കർത്താവേ! അഞ്ചാമത്തെ ദിവസത്തിൽ ലോകത്തെ നീ നിലനിർത്തുകയും പഞ്ചേന്ദ്രിയങ്ങളാൽ അതിനെ അലങ്കരിക്കുകയും ചെയ്തു. ആദാമിനെ ശാരീരിക പഞ്ചേന്ദ്രിയങ്ങളാലും ആത്മീയ പഞ്ചേന്ദ്രിയങ്ങളാലും ജ്ഞാനിയായ സ്രഷ്ടാവിനെപ്പോലെ നീ അലങ്കരിച്ച് പ്രാഭവപ്പെടുത്തി. ഒറൈത്തോയുടെ അഞ്ച് പുസ്തകങ്ങൾ പ്രവാചകനായ മൂശ ഉന്നതത്തിൽനിന്നും പ്രാപിക്കുകയും അവയാൽ വ്യാപാരം ചെയ്ത് ആന്തരികവും ബാഹ്യവുമായ ഇന്ദ്രിയങ്ങളെ സമ്പന്നമാക്കുകയും ചെയ്തു. കല്പനകളുടെ പാലനം ഇരട്ടിയായി പ്രാപിക്കുകയും അവയാൽ ഇസ്രയേൽമക്കളെ നയിക്കുകയും ചെയ്തു. അബ്രഹാമിനെയും ഇസഹാക്കിനെയും അഞ്ച് അടയാളങ്ങളാൽ അലങ്കരിച്ചു. അഞ്ച് ഇന്ദ്രിയങ്ങളാൽ ഇരട്ടിയായി അവർ സമ്പാദിച്ചു. അഞ്ച് അളവിനാൽ അവർ അലംകൃതരായി. അവരുടെ ശത്രുക്കളെ അവർ തോല്പിച്ചു. സ്ത്രീക്ക് നഷ്ടപ്പെട്ട പത്താമത്തെ സൂസോ അവൾ കണ്ടെത്തി. ഭാഗ്യകരമായ ജീവനിൽ പത്താമത്തെ നിരയിൽ ആദ്യമായി അവളെ ക്രമപ്പെടുത്തി. തന്റെ കൃപയാൽ പഞ്ചേന്ദ്രിയങ്ങളെ ശുദ്ധീകരിക്കുകയും താഴ്മയാൽ ആത്മീയമായി മഹോന്നതങ്ങളിലേക്ക് കരേറുകയും ചെയ്തു. ഗോതമ്പിന്റെ അഞ്ച് അപ്പക്കഷണങ്ങളാൽ മരുഭൂമിയിൽ അയ്യായിരങ്ങളെ സംതൃപ്തരാക്കി. നന്മകളിൽനിന്ന് നശിച്ചിരുന്ന ശരീരത്തിൽ പരസ്പരം ബന്ധിച്ചിരുന്ന പഞ്ചേന്ദ്രിയങ്ങളുടെ ഇരട്ടി ശക്തിയെ ജീവനുള്ളതും ജീവിപ്പിക്കുന്നതുമായ വചനത്താൽ പുലർത്തി. ബുദ്ധിയുള്ള അഞ്ചുകന്യകമാരുടെയും ബുദ്ധിയില്ലാത്ത അഞ്ചുകന്യകമാരുടെയും പൂർണ്ണസംഖ്യയാൽ സ്വർഗ്ഗരാജ്യത്തെ സാദൃശ്യപ്പെടുത്തി. സുകൃതങ്ങൾ സമ്പാദിച്ച ജ്ഞാനിക



ളായ അഞ്ച് കന്യകമാർ തന്റെ വ്യാപാരകാലത്തെ സൂചിപ്പിക്കുന്നു. വി. ഏവൻഗേലിസ്ഥന്മാരായ മത്തായി, മർക്കോസ്, ലൂക്കോസ്, യൂഹാനോൻ, പൗലൂസ് എന്നിവരുടെ അഞ്ചു പുസ്തകങ്ങളാൽ അവരിൽ അഞ്ചുപേരെ സൂചിപ്പിക്കുന്നു. യിസ്രായേലിന്റെ പ്രയോജനത്തിനായി മൂശ മുഖാന്തിരം നല്കപ്പെട്ട അഞ്ചു പുസ്തകങ്ങളേയും ഇത് ദൃഷ്ടാന്തീകരിക്കുന്നു. പ: ശ്ലീഹന്മാർ അവരുടെ നാഥനായ മ്ശീഹായിൽ നിന്നും അഞ്ചു കക്രാകളെ പ്രാപിച്ചു. ആചാര്യത്വത്തിൽനിന്ന് ശുശ്രൂഷയും, മാമ്മൂദീസായിൽനിന്ന് സ്നാനം ഏറ്റവരേയും, രഹസ്യങ്ങളിൽ നിന്ന് കടങ്ങൾക്ക് പരിഹാരം സമ്പാദിച്ചവരേയും, പഠിപ്പിക്കലിൽനിന്ന് വിശ്വാസവും, നല്ല നടപടികളും, ഇടയന്മാരിൽനിന്ന് അനേകം ആട്ടിൻ പറ്റങ്ങളേയും കർത്താവിനാൽ അവർ പ്രാപിച്ചു. ആന്തരികവും ബാഹ്യവുമായ പഞ്ചേന്ദ്രിയങ്ങളാൽ മനുഷ്യനെ പ്രകാശിപ്പിച്ചു. അതായത് സ്പർശനം, ദർശനം, കേൾവി, ഘ്രാണം, രുചി എന്നിവയാൽ തന്നെ. ബോധം, ഗ്രഹണം, ചിന്ത, വിചാരം എന്നിവയാൽ ജ്വലിച്ച് ശ്രേഷ്ഠതപ്പെട്ടു. അഞ്ച് അത്ഭുതങ്ങൾ യീഹൂദന്മാരായ കൊലപാതകികൾ രക്ഷാകരമായ സ്കീപ്പായിൽ കണ്ടു. പ്രപഞ്ചം മുഴുവൻ ഉണ്ടായ ഇരുട്ട്, ഭൂമി കുലുങ്ങി വിറച്ചത്, ദൈവാലയത്തിലെ തിരശീല കീറിയത്, പിളർക്കപ്പെട്ട പാറകൾ, മൃതരുടെ കബറുകൾ തുറക്കപ്പെട്ടത് എന്നീ അഞ്ച് അത്ഭുതങ്ങൾ അവർ കണ്ടു. തന്റെ കബറിൽനിന്നുള്ള പുനരുത്ഥാനത്തിനു സാക്ഷികളായി 'മറിയാം' എന്നു പേരുള്ള അഞ്ച് സ്ത്രീകൾ സ്കീപ്പായുടെ അരികിൽ കരഞ്ഞുകൊണ്ടിരുന്നു. തന്റെ ജനനിയായ മറിയാം, ക്ലെയോഫായുടെ മറിയാം, ലോവോസാറിന്റെ സഹോദരി മറിയാം, മഗ്ദലന മറിയാം, യൂഹാനോന്റെ മാതാവായ മറിയാം എന്നിവർ തന്നെ. മ്ശീഹായുടെ പുനരുത്ഥാനനാളിൽ അതിശയകരമായ അഞ്ച് അത്ഭുതങ്ങളെ ദർശിച്ചു. മുദ്രവച്ച കല്ലിനേയും, പുനരുത്ഥാനം ചെയ്ത മ്ശിഹായേയും കല്ലറയ്ക്കൽ ഇറങ്ങിയ മാലാഖായേയും; ഉരുട്ടിമാറ്റപ്പെട്ട കല്ലിനെയും, കാവൽക്കാർ കണ്ടു ഭയപ്പെടുകയും മൃതരെപ്പോലെയായിത്തീരുകയും ചെയ്തതിനേയും തന്നെ. അവർ പരിഭ്രമത്തോടെ പട്ടണത്തിലേക്കു പ്രവേശിച്ച് തന്റെ പുനരുത്ഥാനം സുവിശേഷിച്ചു. അഞ്ചു രഹസ്യങ്ങളെ വഹിച്ചുകൊണ്ട് അഞ്ചു പ്രാവശ്യം മഗ്ദലന മറിയാം കബറിങ്കലേക്ക് പോയി. പരിമളവർഗ്ഗം, മൂർ, സ്നേഹം, പ്രത്യാശ, വിശ്വാസം എന്നിവയാകുന്നു ആ അഞ്ച് രഹസ്യങ്ങൾ. അവളുടെ പഞ്ചേന്ദ്രിയങ്ങൾക്ക് പരിപൂർണ്ണമായ വിശുദ്ധിയെ അവൾ പ്രാപിച്ചു. മാളികയിൽവച്ച് നമ്മുടെ കർത്താവ് തന്റെ ശിഷ്യന്മാർക്ക് അഞ്ചു പ്രാവശ്യം തന്റെ പുനരുത്ഥാനം ദൃശ്യമാക്കി. തിങ്കളാഴ്ച ആരംഭിച്ചപ്പോഴും, പുതുഞായറാഴ്ചയിലും, ഗ്ലീലാ പർവ്വതത്തിലും

അവരുടെ വിശ്വാസക്കുറവിനെ ശാസിച്ചപ്പോഴും, തന്റെ സ്വർഗ്ഗാരോഹണനാളിൽ സൈത്തു പർവ്വതത്തിൽവച്ചും തന്നെ. ഒന്നാമത് ശിഷ്യന്മാർക്കും അറിയിപ്പുകാർക്കും അതായത് ശെമവൂനും ക്ളേയോഫാ ഭവനക്കാർക്കും കാണപ്പെട്ടു. രണ്ടാം പ്രാവശ്യം മാളികയിൽ വച്ചും, തീബേര്യാസ് കടൽത്തീരത്തുവച്ചും, മാളികയിൽ പന്തിക്കിരിക്കുമ്പോഴും, യാക്കൂബിനും, എഴുപതുപേരുടെ കൂട്ടത്തിനും, എല്ലാ ശിഷ്യന്മാർക്കും തന്റെ ആരോഹണനാളിലും പ്രത്യക്ഷനായി. കഴിഞ്ഞ വ്യാഴാഴ്ച ശെമവൂനും, യൂഹാനോനും, രഹസ്യങ്ങളുടെ മാളികയിൽ തനിക്ക് പെസഹാ ഒരുക്കുവാൻ കല്പിച്ചു. ദുഷ്ടനായ യൂദായിൽനിന്നും തടസം ഉണ്ടാകാതിരിപ്പാൻ വീട്ടുടമസ്ഥനെക്കുറിച്ച് അവർക്ക് വെളിപ്പെടുത്തിയില്ല. പഴയവയെ ശേഖരിച്ചു നിവർത്തിക്കുകയും പുതിയ കാര്യങ്ങൾ അവരെ പഠിപ്പിക്കുകയും ചെയ്തു. കഴിഞ്ഞ വ്യാഴാഴ്ച താഴ്മയോടുകൂടി താൻ തന്റെ ശിഷ്യന്മാരുടെ കാലുകൾ കഴുകി. ശെമവൂൻ ഉപേക്ഷ പറയുവാൻ തുടങ്ങി. യൂഹാനോനെ തന്റെ മാർവ്വോടു ചേർത്ത് വിശ്രമിപ്പിച്ചു. ദുഷ്ടനായ യൂദായുടെ വഞ്ചന വെളിപ്പെട്ടു. ശിഷ്യന്മാർ പൂർണ്ണമായും കഷ്ടതയിലായി. അവരോടുകൂടെ താൻ പെസഹാ ഭക്ഷിക്കുകയും, മൂശൈക പഴയ നിയമത്തെ പൂർത്തീകരിക്കുകയും അവസാനം അപ്പത്തിലും വീഞ്ഞിലും ആരംഭിക്കുകയും ചെയ്തു. ദൈവീകമായ മൂറോൻ കൂദാശ ചെയ്യുവാൻ അവരെ അഭ്യസിപ്പിച്ചു. അതിനാൽ പഞ്ചേന്ദ്രിയങ്ങളെ ശുദ്ധീകരിച്ചു യോജിപ്പിക്കുന്നു. പ്രകാശ ദർശനത്താൽ കണ്ണുകളേയും, ഗാനങ്ങളാൽ കാതുകളേയും, സുഗന്ധത്താൽ ഘ്രാണത്തേയും, മഹത്വങ്ങളാൽ വാകളേയും, ദൈവീകമായ സ്പർശനത്താൽ കരങ്ങളേയും തന്നെ. വ്യാഴാഴ്ചയുടെ ഈ ദിവസം മൂശൈക പെസഹായെ അനുവർത്തിക്കേണ്ടതില്ലെന്നും മ്ശീഹൈക പെസഹായെ നിറവേറ്റണമെന്നും, സ്നേഹത്തോടും, താഴ്മയോടുംകൂടെ പരസ്പരം കഴിയണമെന്നും താൻ അവരോട് ആജ്ഞാപിച്ചു. ഈ ദിവസം യൂദാ നശിച്ചുപോകുകയും അവൻ കെട്ടി ഞാലുകയും ചെയ്തു. ഇന്നേ ദിവസം ശെമവൂൻ സന്തോഷിക്കുകയും യൂഹാനോൻ ആഹ്ലാദിക്കുകയും ശ്ലീഹന്മാർ ആനന്ദിക്കുകയും അവരോടുകൂടെ ജാതിയിൻ പുത്രിയായ സഭ ഗിരിശൃംഗങ്ങളിൽ തുള്ളിച്ചാടുകയും ചെയ്യുന്നു. നിർമ്മലമായ ശബ്ദത്താൽ അവൾ പറയുന്നു, "സകല സൗന്ദര്യങ്ങളാലും നിന്റെ സൃഷ്ടിയേയും, സകല ശ്രേഷ്ഠതകളാലും നിന്റെ ശിഷ്യന്മാരുടെ കൂട്ടത്തെയും അലങ്കരിക്കുകയും, അവരെ സകല നിർമ്മാണത്തേയും നിലനിർത്തി പൂർത്തീകരിക്കുന്നവരാക്കിത്തീർക്കുകയും ചെയ്ത ജ്ഞാനിയായ സ്രഷ്ടാവേ! നിനക്കു സ്തുതി." നിന്റെ ദൈവത്വത്തിന്റെ ബഹുമാനത്തിനായും, ജീവദായകമായ നിന്റെ ഉയർത്തെഴുന്നേല്പിന്റെ



സ്മരണയ്ക്കായും, ധൂപിക്കപ്പെടുന്ന ഈ സൗരഭ്യവാസനയാൽ, ദൈവത്തിനു യോഗ്യമായ നിന്റെ ഉയർത്തെഴുന്നേല്പുനാളിൽ നിന്നോടു ഞങ്ങൾ അപേക്ഷിക്കുന്നു. ഞങ്ങളെ പരിപാകതയാൽ നീ അലങ്കരിക്കുകയും പരിപൂർണ്ണതയാൽ അഭിവൃദ്ധിപ്പെടുത്തുകയും രക്ഷാകരമായ നിന്റെ കഷ്ടാനുഭവത്തിനു സംബന്ധികളാക്കിത്തീർക്കുകയും, നിന്റെ അത്താഴത്തിനു ചേർന്ന സൽപ്രവൃത്തികളാകുന്ന ശുഭ്രവസ്ത്രങ്ങൾ ധരിപ്പിക്കുകയും ചെയ്യണമേ. അഞ്ച് നാഴികകളിൽ ഉത്സാഹത്തോടെ വേല ചെയ്തവർക്ക് സഖികളായിത്തീരുവാൻ ഞങ്ങൾക്കു കൃപയരുളണമേ. നീങ്ങിപ്പോകാത്ത നിന്റെ മണവറയിൽ ഞങ്ങളെ പന്തിക്കിരുത്തണമേ. ഞങ്ങളെ താഴ്ത്തുന്ന സകല ദുഷ്ടഫലങ്ങളേയും ഞങ്ങളിൽ നിന്നകറ്റണമേ. പ്രകാശമുള്ള അറയിൽ ഞങ്ങളുടെ വാങ്ങിപ്പോയവരെ ആശ്വസിപ്പിക്കണമെ. മുഖപ്രസാദത്തിന്റെ എണ്ണയാൽ അവരുടെ വസ്ത്രങ്ങൾ ധവളീകരിച്ചുകൊണ്ട് നിന്റെ വലതുഭാഗത്ത് അവരെ പാർപ്പിക്കേണമേ. ഞങ്ങളും, അവരും, നീങ്ങിപ്പോകാത്ത നിന്റെ പെരുന്നാളിൽ നിനക്കും..... ഹോശോ.....

## എത്രോ

ദൈവമായ കർത്താവേ! അഹരോന്റെയും ദാവീദിന്റെയും ധൂപം പോലെ ഞങ്ങളുടെ ഈ ധൂപത്തെ അംഗീകരിക്കണമെ. എന്തുകൊണ്ടെന്നാൽ അവരുടെ ധൂപം നിനക്കു പ്രസാദകരമായിത്തീർന്നല്ലോ. ഹെസക്കിയാവിന്റെ പ്രാർത്ഥനപോലെയും, അബ്രഹാമിന്റെ കാഴ്ചപോലെയും യഹൂദരാജാവായ മ്നാശേയുടെ നിലവിളിപോലെയും ഞങ്ങളുടെ ധൂപത്തെ കൈക്കൊള്ളണമേ. ശാരീരികവും ആത്മീയവുമായ പഞ്ചേന്ദ്രിയങ്ങളാൽ നിന്നെ പ്രസാദിപ്പിക്കുവാനും ജ്ഞാനികളായ കന്യകമാരോടുകൂടെ നിന്റെ മണവറയിലേക്ക് പ്രവേശിക്കുവാനും ശുഭ്ര വസ്ത്രത്തോടും, കരുണയാകുന്ന എണ്ണയാൽ ഞങ്ങളുടെ ദീപയഷ്ടികളെ പ്രകാശിപ്പിച്ച് മുഖതെളിവോടെ നിന്നെ എതിരേൽക്കുവാനും ഞങ്ങളെ യോഗ്യരാക്കണമെ. ഞങ്ങൾ നിനക്കും നിന്റെ പിതാവിനും നിന്റെ പരിശുദ്ധ റൂഹായ്ക്കും...... ഹോശോ......

## ഹൂത്തോമ്മോ

എന്റെ നാഥാ! നീങ്ങിപ്പോകാത്ത നിന്റെ ഈ പെരുന്നാളിൽ ഞങ്ങളെ സന്തോഷിപ്പിക്കണമേ. പരിശുദ്ധ ശ്ലീഹന്മാരുടെ ആനന്ദത്താൽ ഞങ്ങളെ ആഹ്ലാദിപ്പിക്കണമെ. ഭാഗ്യത്തിന്റെ അഞ്ച് കക്രാക

ളാൽ ഞങ്ങളെ പൂർണ്ണരാക്കണമേ. നിന്റെ വെടിപ്പിനെ ശുശ്രൂഷിച്ച മറിയാം എന്നു പേരുള്ള അഞ്ചുസ്ത്രീകളോടുകൂടെ ഞങ്ങളേയും സംബന്ധികളാക്കണമേ. അഞ്ചു കഷ്ടതകളിൽനിന്നും ഞങ്ങളെ രക്ഷിച്ച് വീണ്ടെടുക്കണമേ. ഞങ്ങളുടെ കർത്താവും, എന്നേയ്ക്കും ഞങ്ങളുടെ ദൈവവുമേ! ഭയത്തോടുകൂടെ ഈ ലോകത്തിൽ നിന്നെ സേവിക്കുവാനും വരുവാനുള്ള ലോകത്തിൽ ലജ്ജകൂടാതെ തിരുമുമ്പാകെ നില്പാനും നിന്റെ കൃപയെ ഞങ്ങൾക്ക് പ്രദാനം ചെയ്യണമെ. മോറാൻ വാലോഹാൻ ല് ഒൽമ്മീൻ....

## വ്യാഴം പ്രഭാതം

### സ്ലൂസോ

കർത്താവേ! നിന്റെ ഉയർപ്പിന്റെ ശുഭ്രകിരണങ്ങളാൽ ഞങ്ങളുടെ ബോധത്തെ ആഹ്ലാദിപ്പിക്കണമെ. നിന്റെ അറിവിൻ പ്രകാശത്താൽ ഞങ്ങളെ പ്രകാശിപ്പിക്കണമെ. നിന്റെ ഉപദേശത്തിന്റെ ജ്ഞാനത്താൽ ഞങ്ങളെ വിജ്ഞാനികളാക്കണമേ. നിന്റെ പുനരുത്ഥാനത്തിന്റെ സന്തോഷത്താൽ ഞങ്ങളെ ആമോദിപ്പിക്കണമെ. നിന്റെ ഉയർപ്പിന്റെ ഉത്സവത്തിൽ ഞങ്ങളെ ശോഭിപ്പിക്കണമെ. നിന്റെ പെസഹായുടെ വിരുന്നിൽ ഞങ്ങളെ പന്തിക്കിരുത്തണമെ. നിന്റെ ആഗമനനാളിൽ നിന്റെ വലതുഭാഗത്ത് ഞങ്ങളെ നിർത്തണമേ. നിന്റെ മണവറയ്ക്ക് ഞങ്ങളെ യോഗ്യരാക്കണമേ. ആയത് ഞങ്ങൾ നിന്നേയും നിന്റെ പിതാവിനേയും നിന്റെ വിശുദ്ധ റൂഹായേയും സ്തോത്രം ചെയ്തു വന്ദിക്കുവാൻ തന്നെ. ഹോശോ.... ആമ്മീൻ.....

### പ്രുമിയോൻ

തന്റെ പിതാവിനോട് നിത്യമായും, സ്വയംഭൂവായും, അവർണ്ണ്യമായും സ്ഥിതിചെയ്യുമ്പോൾ പരി: കന്യകമറിയാമിൽനിന്നു മുളച്ച ഫലവും കുറ്റമോ പാപമോ കൂടാതെ ഞങ്ങളെപ്പോലെ ലോകത്തിൽ കാണപ്പെട്ട വന്ദ്യനും ബഹുമാന്യനുമായുള്ളോവേ! നിനക്കു സ്തുതി. മരണത്തിനും പാപത്തിനും അടിമപ്പെട്ടിരുന്ന ഞങ്ങളുടെ വർഗ്ഗത്തെ രക്ഷിച്ചു വീണ്ടെടുത്ത് സ്വാതന്ത്ര്യം പ്രദാനം ചെയ്തവനും കല്പന ലംഘനത്താൽ കടക്കാരായ ഞങ്ങളുടെ കടച്ചീട്ടിനെ തന്റെ ക്നൂമ്മായാൽ കീറിക്കളഞ്ഞവനും സ്വർഗ്ഗീയ പിതാവിനു മക്കളായി ഞങ്ങളെ



എഴുതി ചേർക്കുകയും ചെയ്തവനുമായ കർത്താവിന് പ്രഭാത പ്രാർത്ഥനയുടെ ഈ സമയത്തും സകല പെരുന്നാളുകളിലും..... ബ്കുല്ഹൂൻ......

### ഹൂസോയോ

ഗ്ഹസ്യോനൊ ഹോക്കിൽ....

### സെദ്റാ

അദൃശ്യനും കാണപ്പെടാത്തവനും ആയ ദൈവവും, രഹസ്യമായിരിക്കുന്നവനും, നിഗൂഢനും അപരിശോധ്യനും നിറവുള്ളവനും ധനവാനും, തീർന്നുപോകാത്തവനും, തന്റെ ആംഗ്യത്തിൽ മഹിമയുള്ളവനും അവർണ്ണനീയനും, മഹനീയനും, ബലം ചെയ്യപ്പെടാത്തവനുമായ ദൈവംതമ്പുരാൻ തന്റെ ശക്തിയാൽ ഭൂമിയെ സമുദ്രങ്ങളാലും, ആഴങ്ങളാലും, എല്ലാത്തരം പക്ഷിപറവകളാലും, ഗോചരമായ എല്ലാറ്റിനാലും അലങ്കരിച്ചു. മുകളിൽ അന്തരീക്ഷത്തേയും താഴെ നനവുള്ള ഉറവകളേയും സൃഷ്ടിച്ചു. അഞ്ചാം ദിവസം സമുദ്രങ്ങളേയും നദികളേയും ധന്യമാക്കി. പക്ഷികളുടെ സ്നേഹിക്കപ്പെട്ട പറക്കലിനാൽ സൂചന നല്കുകയും തലമുറകളുടെ തലവനായ ആദാമിനു അത് സദൃശ്യമായിത്തീരുകയും ചെയ്തു. അവന്റെ സൃഷ്ടാവ് ശാരീരിക പഞ്ചേന്ദ്രിയങ്ങളാൽ അവനെ അലങ്കരിച്ചു. സകല ജീവജാലങ്ങൽക്കും ഉള്ള സ്വാഭാവിക സ്പർശനം, നാവിന്റെ ഞരമ്പിൽ വസിക്കുന്ന ശക്തിയായ രുചി, തലച്ചോറിന്റെ മുൻഭാഗത്ത് സ്ഥിതി ചെയ്യുന്ന ഘ്രാണം, ചെവികളിലേക്ക് ഞരമ്പുകളാൽ ക്രമപ്പെടുത്തിയ കേൾവിശക്തി, കണ്ണുനീർ പ്രവഹിപ്പിക്കുന്നതും തലച്ചോറിനടുത്ത രണ്ട് അറകളിൽനിന്നു ബഹിർഗമിക്കുന്നതുമായ രണ്ട് ഞരമ്പുകളിൽ വസിക്കുന്ന കാഴ്ചശക്തി എന്നിവയാൽ തന്നെ. ആത്മാവിന്റെ പഞ്ചേന്ദ്രിയങ്ങളാൽ അവനെ അലങ്കരിച്ചു. അതായത് ഇച്ഛാശക്തി; തലച്ചോറിനു മുൻഭാഗത്തെ അറയിൽ ക്രമീകരിച്ചിരിക്കുന്നതും ബോധേന്ദ്രിയങ്ങളുടെ പ്രത്യേകതകളെ അതിങ്കലേക്ക് കൂട്ടിച്ചേർക്കുന്നതും ആകുന്നു. ചിന്താശക്തി: നിരൂപിക്കപ്പെടുന്ന കാര്യം കണ്ടെത്തപ്പെടുന്ന സ്ഥലം. ആദ്യത്തെ അറയുടെ പിന്നിൽ ഇത് ക്രമീകരിച്ചിരിക്കുന്നു. ബുദ്ധിശക്തി; ബോധനീയവും, അബോധനീയവും ആയവ മദ്ധ്യേയുള്ള അറയിൽ സൂക്ഷിച്ചിരിക്കുന്നു. അതിനോട് ചേർന്ന് ഭാവനാശക്തി ക്രമീകരിച്ചിരിക്കുന്നു. ഓർമ്മശക്തി തലച്ചോറിനടുത്ത് സ്ഥിതിചെയ്യുകയും എല്ലാം ഗ്രഹിപ്പിക്കുകയും ചെയ്യുന്നു. ഓരോ കയ്യിലും അയ്യഞ്ച് വിരലുകൾ ഓരോരുത്തർക്കും സൃഷ്ടിച്ചിരി

ക്കുന്നു. അത് അവന്റെ പദവി കയറ്റത്തെ സൂചിപ്പിക്കുന്ന അഞ്ച് അളവുകളാകുന്നു. അവ പരിശോധിച്ചറിയുവാൻ തക്കവണ്ണം നീളം കൂടിയതും ഇടത്തരവും നീളം കുറഞ്ഞതും ആയി സൃഷ്ടിച്ചിരിക്കുന്നു. അവന്റെ വാങ്ങിപ്പുനാളിനെ അവൻ അവയാൽ ഓർക്കുന്നു. അനേകം ദീർഘദർശിമാരും അഞ്ചടയാളങ്ങളാൽ അലംകൃതരായി ഏലീശാ, ഏശായാ, ഏറമിയ, യൂവേൽ, സ്ഫാനിയാ, ഊബദീദ്, ഹെബ്ബൂക്ക്, സ്ക്കറിയാ എന്നിവരും ശ്ലീഹന്മാരിൽനിന്ന് ശെമവൂൻ പത്രോസ്, യൂഹാനോൻ, യാക്കോബ്, തോമ്മാ എന്നീ ശേഷംപേരും തന്നെ. അഞ്ചളവിനാൽ പൂർണ്ണമായി പട്ടുകൊണ്ടു നെയ്ത അഞ്ചുജോഡി കുപ്പായങ്ങളും, അഞ്ചുചുമട് ധാന്യവും വീഞ്ഞും യൗസേഫ് തന്റെ സഹോദരനായി ബന്യാമീനു നല്കി. ഇവയാൽ തന്റെ പുത്രനായ യൗസേഫ് ജീവിച്ചിരിക്കുന്നുവെന്ന കാര്യം യാക്കൂബ് വിശ്വസിച്ചു. അഞ്ച് പുരുഷന്മാർ യിസ്രയേൽജനത്തെ മേയിച്ച് നടത്തി. മൂശെ, അഹറൂൻ ഹൂർ, യേശു ബർനൂർ യാഫൂന്നായുടെ പുത്രൻ കാലേബ് എന്നിവർ തന്നേ, അവർ മുഖാന്തിരമായി കർത്താവ് മിസ്രയീമിൽ നിന്നും രക്ഷിച്ച് വാഗ്ദത്ത നാട്ടിലേക്ക് അതിനെ പ്രവേശിപ്പിച്ചു. ദാവീദ് ദീർഘദർശി, പരസ്പരം യോജിച്ചിരുന്ന ആന്തരികവും ബാഹ്യവുമായ പഞ്ചേന്ദ്രിയങ്ങളാൽ പാടുവാൻ ഉത്സാഹിച്ചു. പത്ത് കമ്പികളുള്ള കിന്നരത്താൽ മനുഷ്യനെ ഗ്രഹിപ്പിക്കുന്നു. വീണയെ ശബ്ദമെന്നും പേരുവിളിക്കുന്നു. അഞ്ച് പുസ്തകങ്ങളായി സഭ ദാവീദിന്റെ സങ്കീർത്ത നങ്ങളെ വിഭാഗിച്ചു. നെബുക്കദ്നേസ്സർ അടിമകളാക്കിക്കൊണ്ടു പോയിരുന്ന യൂദന്മാരിൽനിന്നുള്ള അമ്പതിനായിരം പേരോട് ഊർശ്ളേമിലേക്ക് കരേറിപ്പോകുവാനും, ക്ർത്താവിന് ആലയം പണിയുവാനും ബാബേലിന്റെ അഞ്ചാമത്തെ രാജാവായ പേർഷ്യക്കാരൻ കോരെശ് കല്പിച്ചു. അഞ്ചുപ്രവാചകന്മാരുടെ അവസാനത്തെ ഒന്നിന്റെ കുറവിൽ ഏകജാതനായ പുത്രൻ ലോകത്തിൽ ഉദയം ചെയ്തു. പഞ്ചേന്ദ്രിയങ്ങളുടെ ഇരട്ടിയാൽ അലംകൃതനായിരുന്നവനെ വെടിപ്പാക്കി. ഇരുപതിനായിരവുമായി വരുന്നവനെ പതിനായിരവുമായി നേരിടുതിനു ശക്തി നല്കി. അഞ്ചാമത്തെ വയസ്സിൽ മ്ശീഹാ മിസ്രേമിൽനിന്നും യൗസേഫിനോടും മറിയാമിനോടുംകൂടെ മടങ്ങിവന്നു. സംവത്സരങ്ങളുടെ അഞ്ച് അളവ്, ഗലീലായിലെ നസ്രേത്തിൽ താൻ വളർത്തപ്പെട്ടു. അഞ്ചാമത്തേതിൽ മാമ്മൂദീസായ്ക്കായി വന്നു. അഞ്ചാമത്തെ പദവിയിൽനിന്നും തെറ്റിപ്പോയവനെ താൻ രക്ഷിച്ചു. അഞ്ച് സമയങ്ങളിൽ വേലക്കാരെ തന്റെ മുന്തിരിത്തോപ്പിലേക്കു താൻ കൂലിക്കു വിളിച്ചു. പ്രഭാതത്തിൽ ആദാമ്യഭവനത്തെയും, മൂന്നാം മണിയിൽ അബ്രഹാമിനേയും, ആറാം മണിയിൽ ന്ബിയന്മാരുടെ കൂട്ടത്തെയും ഒമ്പതാം മണിയിൽ രാജാക്കന്മാരെയും, ന്യായാധിപ



ന്മാരെയും, പതിനൊന്നാം മണിയിൽ സുവിശേഷത്തിന്റെ നുകത്തിനു കീഴ്പ്പെട്ടവരേയും വിളിച്ചു. അഞ്ച് കക്രാകളാലും അവയുടെ വ്യാപാരത്താലും വിശ്വസ്തനായ ഭൃത്യന്റെ പ്രവൃത്തി രേഖപ്പെടുത്തി. അഞ്ച് കക്രാകൾ വഴിയായി ആചാര്യത്വവും, മാമ്മൂദീസായും, രഹസ്യങ്ങളും, ഉപദേശവും, അജപാലനവും ആകുന്ന ജീവനിലേക്ക് നയിക്കുന്ന മാർഗ്ഗങ്ങൾ കാണിച്ചു. കഴിഞ്ഞ വ്യാഴാഴ്ച അഞ്ച് വിസ്മനീയ സംഗതികൾ നമ്മുടെ കർത്താവ് കാണിച്ചു. അത്താഴവിരുന്നിലെ നില്പും, അരയിൽ തുവ്വാല ചുറ്റിയതും, കഴുകുവാൻ വെള്ളം ഒഴിച്ചതും, കാലുകൾ കഴുകിയതും, തുടച്ചതും തന്നെ. മ്ശീഹായുടെ ന്യായവിസ്താരത്തിൽ, വഞ്ചന ചെയ്ത യൂദാ, കവിളത്തടിച്ച ഹാനോൻ, തന്നെ ദണ്ഡിപ്പിച്ച കയ്യാഫാ, തന്നെ വിധിച്ച പീലാത്തോസ്, തന്നെ പരിഹസിച്ച ഹേറോദേസ് എന്നീ അഞ്ച് പുരുഷന്മാർ പങ്കാളികളായി. നമ്മുടെ കർത്താവിന്റെ സ്ക്കീഫൂസായിൽ അഞ്ച് ആത്മാക്കൾ വിശ്വസിച്ചു. പീലാത്തോസിന്റെ ഭാര്യ പ്രോക്കല, സ്ക്കീഫാ വഹിച്ച കുറേനേക്കാരൻ ശെമവൂൻ, തന്റെ കൈകൾ കഴുകിയ പീലാത്തോസ്, തന്റെ കർതൃത്വത്തിൽ വിശ്വസിച്ച കള്ളൻ, തന്റെ ദൈവത്വം പ്രസംഗിച്ച ശതാധിപൻ എന്നിവർ തന്നെ. അഞ്ച് പ്രശംസനീയമായ അടയാളങ്ങൾ വലതുഭാഗത്തെ തസ്ക്കരനിൽ കാണപ്പെട്ടു. അതായത്, അവൻ അവന്റെ കൂട്ടുകാരനെ ശാസിച്ചത്, അവൻ തന്റെ തിന്മയെ ഏറ്റുപറഞ്ഞത്, മ്ശീഹോയെ അവൻ നീതീകരിച്ചത്; അവനെ രാജാവാക്കി ഏറ്റുപറഞ്ഞത്, തന്റെ ആഗമനത്തിൽ അവനെ ഓർക്കണമേ എന്നു യാചിച്ചത് എന്നിവതന്നെ. അഞ്ചു പ്രാവശ്യം മഗ്ദലക്കാരി വി: കബറിങ്കലേക്ക് പോയി. അഞ്ച് ആശ്വാസ വചനങ്ങൾ അവളെ അഭിമുഖീകരിച്ചു. "നീ ഭയപ്പെടുകയോ കരയുകയോ വേണ്ട" എന്നുള്ളതും "കണ്ടാലും രക്ഷകൻ ഉയർത്തെഴുന്നേറ്റു" എന്നുള്ളതും "അവന്റെ ഇടം വന്നുകാണുക" എന്നു പറഞ്ഞതും "അവന്റെ പുനരുത്ഥാനം ശിഷ്യന്മാരോട് പോയി അറിയിക്കുക" എന്നു പറഞ്ഞതും" അവരോടുകൂടെ നീയും ഗ്ലീലോയിലേയ്ക്ക് പോകണം" എന്ന് അരുളിച്ചെയ്തതുമത്രേ. ദുഃഖത്തിനു പകരം മഗ്ദലക്കാരി മറിയാം അഞ്ച് സന്തോഷങ്ങൾ പ്രാപിച്ചു. ഏകജാതന്റെ പുനരുത്ഥാനം, കരച്ചിലിൽനിന്നുള്ള ആശ്വാസം, അവിടുത്തെ പേർ ചൊല്ലി വിളിച്ചത്, പ: തൃപ്പാദങ്ങളെ സ്പർശിച്ചത്, സുവിശേഷത്തിനായുള്ള അയയ്ക്കൽ എന്നിവയത്രേ. മരിച്ചവരുടെ ഇടയിൽനിന്നുള്ള മഹനീയമായ തന്റെ ഉയർപ്പിനു അഞ്ച് ഭാഗങ്ങൾ സാക്ഷികളായി. ശുഭ്രവസ്ത്രം ധരിച്ചു ശോഭിക്കുന്ന മാലാഖമാർ, ഭയഭീതരായ കാവൽക്കാർ, കൈക്കൂലി കൊടുത്ത പട്ടക്കാർ, സുവിശേഷം അറിയിക്കപ്പെടുന്ന സ്ത്രീകൾ, ഗലീലായിൽ സമ്മേളിച്ച അപ്പോസ്തോലന്മാർ എന്നിവർ തന്നെ.

പഞ്ചേന്ദ്രിയങ്ങളെ അവിടുന്ന് ശുദ്ധീകരിച്ചു. അഞ്ച് കക്രാകളാൽ അവരെ പൂർണ്ണരാക്കി. അഞ്ചു പട്ടണങ്ങളിന്മേൽ അവരെ അധികാരികളാക്കി. അഞ്ച് വചനങ്ങൾ അവരെ പഠിപ്പിച്ചു. അഞ്ച് ഇന്ദ്രിയങ്ങളേയും ശുദ്ധീകരിക്കേണ്ടതിനുതന്നെ. ആകയാൽ ഞങ്ങളുടെ ദൈവമായ മ്ശീഹാ തമ്പുരാനേ! ഹേവോറെയുടെ ഈ വ്യാഴാഴ്ചയാകുന്ന അഞ്ചാം ദിവസം പരിമള ധൂപസമേതം നിന്നോടു ഞങ്ങൾ അപേക്ഷിക്കുന്നതെന്തെന്നാൽ പഞ്ചേന്ദ്രിയങ്ങളുടെ വിശുദ്ധിയാൽ കരുണയോടെ നിന്റെ ജനത്തെ അലങ്കരിക്കേണമേ. പരിപൂർണ്ണതയുടെ അഞ്ച് അളവുകളാൽ അവരെ പടിപടിയായി ഉയർത്തേണമേ. അഞ്ച് അളവുകളുള്ള ആദ്യ മനുഷ്യനെപ്പോലെ അവർ തെറ്റിപ്പോകരുതേ. നിന്റെ മുന്തിരിത്തോപ്പിലേക്ക് ക്ഷണിച്ച വേലക്കാർക്ക് സഖികളായിത്തീരുവാൻ കൃപയരുളേണമേ. നിന്റെ പ: കബറിങ്കലേക്ക് ഓടിയെത്തിയ ശിഷ്യന്മാരോടും സ്ത്രീകളോടുംകൂടെ നിന്നെ അവർ കൈക്കൊള്ളുമാറാകണമേ. ആയുഷ്ക്കാലം മുഴുവനിലും ലജ്ജകൂടാതെ നിന്നെ സേവിപ്പാൻ അവർക്കു കൃപയരുളേണമെ. ഞങ്ങളും സത്യവിശ്വാസത്തോടെ നിന്നിലുള്ള ശരണത്തിൽ നിദ്രപ്രാപിച്ച ഞങ്ങളുടെ മരിച്ചുപോയവരും നിന്റെ വലതുഭാഗത്തു നിന്നുകൊണ്ട് നിനക്കും നിന്റെ പിതാവിനും, നിന്റെ പ: റൂഹായ്ക്കും സ്തുതിയും ആരാധനയും ഇടവിടാതെ സമർപ്പിക്കുവാൻ സംഗതിയാകണമേ.... ഹോശോ

## എത്രോ

കാരുണ്യവാനായ കർത്താവേ! നിനക്കു പ്രസാദമുണ്ടായി, നിന്റെ വിലയേറിയ രക്തത്താൽ വിലയ്ക്കു വാങ്ങിയ നിന്റെ ഇടവക നിനക്കു സമർപ്പിക്കുന്നതായ ഈ പരിമള ധൂപത്തെ മനുഷ്യസ്നേഹത്തോടെ നീ കൈക്കൊണ്ട് അംഗീകരിക്കുമാറാകണമെ. എന്തുകൊണ്ടെന്നാൽ നിന്റെ കഷ്ടാനുഭവങ്ങളാൽ അവളെ നീ രക്ഷിക്കുകയും, നിന്റെ മരണത്താൽ അവളെ ജീവിപ്പിക്കുകയും, നിന്റെ ക്രൂശാരോഹണത്താൽ അവളെ സ്വതന്ത്രയാക്കുകയും, നിന്റെ ഉത്ഥാനത്താൽ അവളെ ഉദ്ധരിക്കുകയും, നിന്റെ കരേറ്റത്താൽ അവളെ ഉയർത്തുകയും, നിന്റെ പ: റൂഹായുടെ ഇറക്കത്താൽ അവളെ പൂർത്തീകരിക്കുകയും ചെയ്തുവല്ലോ. ഞങ്ങളുടെ കർത്താവും എന്നേക്കും ഞങ്ങളുടെ ദൈവവുമേ! നിന്റെ താല്പര്യത്താൽ കരുണയാകുന്ന കോട്ട അവളെ സംരക്ഷിക്കുമാറാകണമെ. ആയത് അവൾ നിന്നേയും, നിന്റെ പിതാവിനേയും, നിന്റെ വിശുദ്ധറൂഹായേയും സ്തോത്രം ചെയ്വാനായിട്ടുതന്നെ. മോറാൻ വാലോഹാൻ......



## ഹൂത്തോമ്മോ

കർത്താവേ! നീ നിന്റെ സഭയ്ക്ക് വേദവിപരീതികളുടെ ദുഷ്ട ഉപദേശങ്ങളാലും, ന്യായപ്രമാണരഹിതരായവരുടെ സകല വിരുദ്ധതകളാലും, ഭിന്നതകളാലും ബലം ചെയ്യപ്പെടാത്ത ഉന്നത കോട്ട ആയിരിക്കണമേ. പത്രോസിനടുത്ത സത്യവിശ്വാസമാകുന്ന പാറമേൽ അതിനെ ഉറപ്പിക്കേണമേ ഞങ്ങളുടെ കർത്താവും എന്നേയ്ക്കും ഞങ്ങളുടെ ദൈവവുമായുള്ളോവെ! നിന്റെ മാതാവിന്റേയും പരിശുദ്ധന്മാരുടെയും പ്രാർത്ഥനയാൽ അതിൽനിന്നും കോപശിക്ഷകളും, താഡനങ്ങളും അകറ്റിക്കളയുമാറാകണമെ. ഹോശോ.....

# വെള്ളിയാഴ്ച സന്ധ്യ

## (മൗദ്യോനേ)

## സ്ലൂസോ

സർവ്വത്തിന്റെയും ദൈവമായ കർത്താവേ! ഹൃദയ സന്തോഷത്തോടും ആത്മവെടിപ്പോടും ശരീരവിശുദ്ധിയോടുംകൂടെ ഈ പരിശുദ്ധ ദിവസത്തെ, അതായത് ആദിമുതലുള്ള പുണ്യവാന്മാരുടെയും, നീതിമാന്മാരുടെയും, ഓർമ്മയുടെ ഈ ദിവസത്തെ, പെരുന്നാളായി കൊണ്ടാടുവാൻ ഞങ്ങളെ യോഗ്യരാക്കണമെ. എന്തുകൊണ്ടെന്നാൽ അവർ നിന്റെ ആഗമനത്തെ പ്രതീക്ഷിച്ചു. ദർശകർ നിന്റെ വെളിപാടിനെ പരസ്യമാക്കി. നിന്നെ പ: ശ്ലീഹന്മാർ കാണുകയും, നിന്റെ വ്യാപാരത്തെ മുഴുവനായും പ്രസംഗിക്കുകയും ചെയ്തു. സഹദേന്മാരും മൗദ്യാനേന്മാരും നിന്റെ സ്നേഹത്തെപ്രതി വധമേൽക്കുകയും നിന്റെ സ്കീഫൂസായിൽ ഏറ്റുപറയുകയും ചെയ്തു. നിന്റെ കഷ്ടാനുഭവസമയത്ത് പരിശുദ്ധന്മാർ കബറിൽനിന്ന് ഉയർത്തെഴുന്നേറ്റു. നിന്റെ പുനരുത്ഥാനത്തിൽ അവർ നിന്നോടുകൂടെ ഊർശ്ലേമിലേക്ക് പ്രവേശിച്ചു. അവർ പലരോടും നിന്റെ ഉത്ഥാനത്തേയും പരാക്രമതയേയുംകുറിച്ച് പ്രസംഗിച്ചു. അവരുടെ പ്രാർത്ഥനയാൽ ഞങ്ങൾ സഹായം പ്രാപിക്കുകയും അവരോടുകൂടെ നിനക്കും നിന്റെ പിതാവിനും പരിശുദ്ധറൂഹായ്ക്കും സ്തുതിയും സ്തോത്രവും കരേറ്റുകയും ചെയ്യുമാറാകണമെ. ഹോശോ....

## പ്രുമിയോൻ

തന്റെ സ്നേഹത്താൽ ഞങ്ങളുടെയടുക്കലേക്ക് വരുകയും, തന്റെ കൃപയാൽ ഞങ്ങളുടെ മാനുഷിക ജഡം ധരിക്കുകയും നമ്മെപ്പോലെ മർത്യനായിത്തീരുകയും ചെയ്ത ലോകൈക നാഥനായ കർത്താവിനു സ്തുതി. താൻ തന്റെ സ്വഭാവത്തിൽ ദൈവമായിരിക്കെ തിരുവിഷ്ട ത്താൽ നമുക്കുവേണ്ടി കഷ്ടതയും സ്കീഫായും സഹിച്ചു. താൻ ഉന്ന തനും തന്റെ കരുണയിൽ ശ്രേഷ്ഠനും ആയിരിക്കെ തന്റെ മനുഷ്യ സ്നേഹത്താൽ ആദാമിനോടും അവന്റെ സന്താനങ്ങളോടും ജീവനും ഉയർപ്പും പ്രസംഗിച്ചു. താൻ മഹത്വത്തോടെ ഉത്ഥാനം ചെയ്യുകയും തന്റെ ഭുജബലത്താൽ പാപത്തിന്റെയും, പാതാളത്തിന്റെയും അഗാധ ങ്ങളിൽ വീണുകിടന്ന ഞങ്ങളുടെ വർഗ്ഗത്തെ ആകമാനം ഉദ്ധരിക്കു കയും ചെയ്തു. തന്നിൽ വിശ്വസിച്ച സകല ജാതികൾക്കും ഭാഗ്യങ്ങളും, രാജ്യവും വാഗ്ദത്തം ചെയ്തു. തന്റെ സ്നേഹത്തിനു പകരം അന്യായ ക്കാരിൽനിന്നും എല്ലാവിധ പീഢയും മരണവും യഥാർത്ഥമായി സഹിച്ച കർത്താവിനു സ്തുതി. തനിക്ക്..... ബ്കുൽഹൂൻ.....

## ഹൂസോയോ

മ്ഹസ്യോനൊ ഹോക്കിൽ....

## സെദ്റാ

വലിയവനും രക്ഷകനും, തിരുവിഷ്ടത്താൽ ഞങ്ങളുടെ ദരിദ്രാവ സ്ഥയുടെ അടുക്കലേക്ക് ഇറങ്ങിവരികയും, തന്റെ സ്വഭാവത്തിൽ ധനവാനായിരിക്കുമ്പോൾ നമ്മെ ധന്യരാക്കുവാൻ ഇഷ്ടപ്പെടുകയും തന്റെ രാജ്യത്തിലെ ഭാഗ്യങ്ങളും ഇമ്പങ്ങളും തന്റെ കരുണയാൽ ഞങ്ങൾക്ക് ദാനം ചെയ്യുകയും പാപത്താൽ നശിക്കാതിരുന്ന മാതാ വിൽനിന്നും, ക്നൂമാപ്രകാരവും, സ്വഭാവപ്രകാരവും കുഴച്ചിലോ മാറ്റമോ കൂടാതെ ജനിക്കുകയും ചെയ്ത ഞങ്ങളുടെ മ്ശീഹാ തമ്പു രാനേ! വ്യാപാരപ്രകാരം കുറ്റം കൂടാതെ ഞങ്ങളെപ്പോലെ ലോകത്തിൽ നീ നടന്നു. സകല ഹീനതകളും ക്നൂമ്മായിൽ നീ വഹിച്ചു. നിന്റെ ഉന്നത കാര്യങ്ങൾ ഞങ്ങളിൽനിന്നും നീ സ്വീകരിച്ച് നിന്റെ ശരീരത്തിനു നീ നല്കി. ദൈവീകമായും മാനുഷികമായും വ്യാഖ്യാനിക്കപ്പെടാ ത്തതും അവിഭാജ്യവുമായ യോജിപ്പാൽ ഞങ്ങളുടെ സ്വഭാവത്തിനു കടപ്പെട്ടതെല്ലാം നിന്റെമേൽ നീ സ്വീകരിച്ചു. അതായത് നിന്ദയും,



പരിഹാസവും, ആക്ഷേപവും കഷ്ടതയും സ്കീഫായും മരണവും, കബറടക്കവും, മൂന്നാംദിവസമുള്ള ഉയർപ്പും നീ സ്വീകരിച്ചു. ജീവദായ കമായ നിന്റെ ഉയർപ്പു മുഖാന്തിരം, വെള്ളിയാഴ്ചയുടെ ദുഃഖത്തി ന്റെയും സങ്കടത്തിന്റെയും സമയത്തെ അകറ്റിക്കളഞ്ഞു. അവർണ്യമായ സന്തോഷവും ആനന്ദവുമായി നീ അതിനെ 'വ്യത്യാസപ്പെടുത്തി'. ഞങ്ങളുടെ നാശത്തെ അന്വേഷിച്ചുവന്ന ഉത്തമ ഇടയനായുള്ളോവേ! അറക്കുവാനുള്ള ആടുപോലെ ഈ വെള്ളിയാഴ്ചദിവസം നീ കൊണ്ടു പോകപ്പെടുകയും പരാക്രമനെപ്പോലെയും, അലറുന്ന സിംഹക്കുട്ടിയെ പ്പോലെയും നീ ഉത്ഥാനം ചെയ്യുകയും ചെയ്തു. ചിതറിയിരുന്ന നിന്റെ ആട്ടിൻകൂട്ടത്തെ ഏകയോജ്യതയിലേക്ക് നീ കൂട്ടിച്ചേർത്തു. കഴിഞ്ഞ വെള്ളിയാഴ്ചയിൽ കുറ്റക്കാരനെപ്പോലെ നീ ന്യായസ്ഥലത്ത് നിൽക്കു കയും, ദാസനെപ്പോലെ കന്നത്തടിയേൽക്കുകയും ചെയ്തു. വെള്ളിയാ ഴ്ചയുടെ ഈ ദിവസം മാലാഖമാരുടെ കൂട്ടങ്ങളോടുകൂടെ ന്യായാധിപ നേപ്പോലെ നീ കബറിൽനിന്ന് ഉത്ഥാനം ചെയ്തു. നിന്നെ ന്യായം വിധി ക്കുകയും മരണത്തിനേല്പിക്കുകയും ചെയ്തവരെ നീതിയുള്ള ന്യായ വിധിയിൽ സകലജാതികളിലും നീ ചിതറിച്ചുകളഞ്ഞു. കഴിഞ്ഞ വെള്ളി യാഴ്ചയിൽ നിന്റെ അങ്കികൾ ഉരിയപ്പെടുകയും, അന്യായക്കാരോടു കൂടെ നീ സ്ലീബായിലേക്ക് കരേറ്റപ്പെടുകയും ചെയ്തു. ഈ വെള്ളി യാഴ്ചയിൽ കബറിൽ നിന്നെ ചുറ്റിപ്പൊതിഞ്ഞിരുന്ന കേത്താനകളെ നീ ഉപേക്ഷിക്കുകയും അവർണ്ണ്യമായ പ്രഭയും മഹിമയും നീ ധരിക്കു കയും ചെയ്തു. കഴിഞ്ഞ വെള്ളിയാഴ്ചയിൽ കൈപ്പും കാടിയും നിനക്കു ക്രൂശകർ നീട്ടിത്തന്നു. ഈ വെള്ളിയാഴ്ച ശിഷ്യന്മാർ സന്തോ ഷത്തോടെ തേൻകട്ട നിനക്കു നീട്ടിത്തന്നു. കഴിഞ്ഞ വെള്ളിയാഴ്ച അടികൾക്കും, ദണ്ഡനങ്ങൾക്കുമായി നിന്റെ ശരീരം അക്രമികളുടെ കയ്യിൽ ഏല്പിച്ചുകൊടുത്തു. വെള്ളിയാഴ്ചയുടെ ഈ ദിവസം ആണി കളാൽ തുളയ്ക്കപ്പെട്ട നിന്റെ കൈകാലുകൾ, നിന്റെ സ്നേഹിത ന്മാരുടെ കൈകളാൽ പരിശോധിക്കപ്പെടുന്നതിനായി സന്തോഷ ത്തോടെ നീ വച്ചു കൊടുത്തു. കഴിഞ്ഞ വെള്ളിയാഴ്ച നിന്റെ വിലാവ് കുന്തത്താൽ കുത്തിത്തുറക്കപ്പെടുകയും, അത്ഭുതകരമായി അതിൽ നിന്നും രക്തവും വെള്ളവും ഒഴുകുകയും ചെയ്തു. ഈ വെള്ളിയാഴ്ച കുന്തത്താൽ കുത്തിത്തുറക്കപ്പെട്ട നിന്റെ വിലാവിൽ ശിഷ്യനായ തോമ്മാ അവന്റെ വിരലുകൾകൊണ്ട് സ്പർശിക്കുന്നതിനും നീ യഥാർത്ഥ ദൈവമായിരിക്കുമ്പോൾ കഷ്ടമനുഭവിക്കുകയും കബറടക്ക പ്പെടുകയും ഉയർത്തെഴുന്നേൽക്കുകയും ചെയ്തുവെന്ന് അവൻ വിശ്വ സിക്കുന്നതിനും കല്പിച്ചു. കഴിഞ്ഞ വെള്ളിയാഴ്ച മൂന്നുമണിക്കൂർ നേരം പ്രപഞ്ചത്തിൽ അന്ധകാരം വാണു. എന്നാൽ ഈ വെള്ളിയാഴ്ച

യിൽ അസ്തമിക്കാത്ത യഥാർത്ഥ പ്രകാശം പ്രപഞ്ചത്തിന്മേൽ ആധിപത്യം സ്ഥാപിച്ചു. കഴിഞ്ഞ വെള്ളിയാഴ്ച നിന്റെ മരണത്തിൽ ശിഷ്യന്മാർക്ക് ദുഃഖവും സങ്കടവും ക്രൂശകന്മാർക്ക് ആനന്ദവും ഉണ്ടായി. എന്നാൽ വെള്ളിയാഴ്ചയുടെ ഈ ദിവസം നിന്റെ ഉയർപ്പിനാൽ കാലചക്രം ഭ്രമണം ചെയ്യുകയും നിന്റെ ശിഷ്യന്മാരെ ആശ്വാസവും ആനന്ദവുംകൊണ്ടും ഘാതകന്മാരെ ദുഃഖവും ലജ്ജയുംകൊണ്ടും നിറയ്ക്കുകയും ചെയ്തു. കഴിഞ്ഞ വെള്ളിയാഴ്ച മരത്തിന്മേൽ നീ അട്ടഹസിച്ച ശബ്ദത്താൽ പാറകൾ പിളരുകയും കബറുകൾ തുറക്കപ്പെടുകയും അനേകം പരിശുദ്ധന്മാരുടെ ശരീരങ്ങൾ ഉയർക്കപ്പെടുകയും ചെയ്തു. വെള്ളിയാഴ്ചയാകുന്ന ഈ ദിവസം നിന്റെ പീഢാനുഭവത്താൽ ഉയർത്തെഴുന്നേറ്റവരും പാതാളത്തിൽനിന്നും പുറപ്പെടുവിച്ചവരും നിന്നോടുകൂടെ വിശുദ്ധ പട്ടണത്തിലേക്കു നീ പ്രവേശിപ്പിച്ചു. നിന്റെ സുവിശേഷം അതായത് നിന്റെ ഉയർപ്പിനെ അവർ പ്രസംഗിക്കുകയും വീണ്ടും പർദീസായിലേക്ക് തിരിപ്പിക്കുകയും ചെയ്തു. കഴിഞ്ഞ വെള്ളിയാഴ്ച ഗോഗുൽഥായിൽ അക്രമികളുടെ മദ്ധ്യേ നീ നഗ്നനായി തരുവിന്മേൽ തറയ്ക്കപ്പെട്ടത് ദർശിച്ചപ്പോൾ സഹദേന്മാരും, മൗദ്യോനേന്മാരും നിന്റെ സ്നേഹത്തെപ്രതി ജ്വലിക്കുകയും, വാത്സല്യത്താൽ നിറയുകയും ചെയ്തു. നിന്നെപ്രതി സകല ഞെരുക്കങ്ങളും, പീഢകളും അവർ സന്തോഷത്തോടെ സഹിച്ചു. അവർ ലോകത്തേയും അതിലുള്ള സകലത്തേയും നിസ്സാരമാക്കി നിരസിച്ചു. താൽക്കാലികമായ ഈ ജീവിതത്തേയും വർഗ്ഗത്തെയും കുടുംബത്തെയും അവർ ഉപേക്ഷിച്ച് മരണത്തിൽ നിന്നെ അനുഗമിച്ചു. എന്നാൽ ഈ വെള്ളിയാഴ്ച നിന്റെ നാമത്തിൽ ഏറ്റുപറയുകയും, നിന്റെ രക്തത്താൽ രക്ഷിക്കപ്പെടുകയും, ബഹുമാന്യമായ നിന്റെ സ്ലീബായാൽ മുദ്രയിടപ്പെടുകയും നിന്നെ ആദിമുതൽ പ്രസാദിപ്പിക്കുകയും ചെയ്ത സകല പരിശുദ്ധന്മാരോടുംകൂടെ ഈ ഓർമ്മയെ ഞങ്ങൾ അനുഷ്ഠിക്കുന്നു. അവരുടെ പീഢകളെ വന്ദ്യങ്ങളായ നിന്റെ കഷ്ടാനുഭവങ്ങളുടെ സ്മരണയോടുകൂടെ ഞങ്ങൾ നിറവേറ്റുന്നു. അവരുടെ ഓർമ്മയെ മഹനീയമായ നിന്റെ ഉയർപ്പിന്റെ ഓർമ്മയോടുകൂടെ ഞങ്ങൾ ആഘോഷിക്കുന്നു. അങ്ങനെ അവർക്കായി കാക്കപ്പെട്ടിരിക്കുന്ന ജയം നിറഞ്ഞ കിരീടങ്ങൾക്ക് അവരോട് കൂടെ ഞങ്ങളും യോഗ്യരായിത്തീരണമേ. മരണകരമായ സകല വികാരങ്ങൾക്കുമെതിരായി ഞങ്ങൾ പോരാട്ടം ചെയ്തു നീ മുഖാന്തിരം അവയുടെമേൽ വിജയം പ്രാപിക്കുകയും നിന്റെ തിരുസന്നിധിയിൽ ഏറ്റുപറയുന്നവരായും ശ്രേഷ്ഠതകൾക്ക് യോഗ്യന്മാരായും സ്വർഗ്ഗീയ രാജ്യത്തിനു അർഹരായ പോരാട്ടക്കാരായും ഞങ്ങൾ കാണപ്പെടുകയും ചെയ്യുമാറാകണമേ. പരി: മൗദ്യോനന്മാരോട് കൂടെ നിന്റെ പിതാവി



ന്റെയും നിന്റെ വി. മാലാഖമാരുടെയും മുമ്പാകെ നീ ഞങ്ങളെ ഏറ്റുപറഞ്ഞതായ ശബ്ദം നിന്നിൽനിന്നും ഞങ്ങൾ കേൾക്കുകയും, നിന്റെ പരിശുദ്ധന്മാരുടെ മുമ്പാകെ നീ ഞങ്ങളിൽ ഏറ്റുപറയുകയും ചെയ്യുമാറാകണമെ. നിന്റെ മണവറയിലേക്കുള്ള പ്രവേശനത്തിനു ഞങ്ങളെ യോഗ്യരാക്കണമെ. അവിടെ ഞങ്ങൾ നിനക്കും, നിന്റെ പിതാവിനും, നിന്റെ വി. റൂഹായ്ക്കും സ്തുതിയും സ്ത്രോത്രവും..... ഹോശോ.....

## എത്രോ

കർത്താവേ! വെള്ളിയാഴ്ചയുടെ ഈ ദിവസം നന്മയ്ക്ക് പകരം തിന്മകൾ നിന്നോടു പ്രവർത്തിച്ച അക്രമമുള്ള നിന്റെ ജനത്തിനു തന്റെ സൂര്യനെ അസ്തമിക്കുമാറാക്കുകയും നിന്നെ ഏറ്റുപറഞ്ഞ നിന്റെ സഭയ്ക്കു രക്ഷയുണ്ടാക്കുകയും ചെയ്തുവല്ലോ. ഞങ്ങളുടെ കർത്താവും എന്നേയ്ക്കും ഞങ്ങളുടെ ദൈവവുമായുള്ളോവേ! നിനക്ക് അവിഛേദ്യമായ സകല സ്തുതിയും സ്ത്രോത്രവും ഞങ്ങൾ കരേറ്റുമാറാകണമേ. മോറാൻ വാലോഹാൻ....

## ഹൂത്തോമ്മോ

കർത്താവേ! വാഴ്ത്തപ്പെട്ടവളും ഭാഗ്യവതിയുമായ നിന്റെ ജനനിയായ മറിയാമിന്റെയും, നിബിയന്മാരുടെയും, ശ്ലീഹന്മാരുടെയും സഹദേന്മാരുടെയും, മൗദ്യോനന്മാരുടെയും, പുണ്യവാന്മാരുടെയും നീതിമാന്മാരുടെയും, ആചാര്യന്മാരുടെയും ഓർമ്മയെ അനുഷ്ഠിക്കുന്ന ഈ നേരത്തിൽ നിന്റെ കർതൃത്വത്തിനു സ്തുതിയും ഇമ്പകരമായ ധൂപവും അർപ്പിക്കുവാൻ ഇടയാകണമെ. അവയെ പാപികളായ നിന്റെ ദാസരിൽനിന്നും അംഗീകരിക്കുകയും അവ നിന്റെ കരുണയുടെ ആശ്വാസത്തിനായും, ഞങ്ങളുടെ കടങ്ങളുടെ പരിഹാരത്തിനും നിന്റെ ദൈവത്വത്തിന്റെ നിരപ്പിനും ഞങ്ങളുടെ പാപങ്ങളുടെ മോചനത്തിനും നിന്നിലുള്ള ശരണത്തിന്മേൽ നിദ്രപ്രാപിച്ച ഞങ്ങളുടെ മാതാപിതാക്കളും സഹോദരങ്ങളും ഗുരുക്കന്മാരുമായ സകല വാങ്ങിപ്പോയവരുടെയും ഓർമ്മയ്ക്കും പര്യാപ്തമായിത്തീരേണമെ. ഞങ്ങളെയും അവരെയും നിന്റെ ഭക്തന്മാരുടെയും നിന്നെ നിരപ്പാക്കിയവരുടെ വാഴ്ത്തപ്പെട്ട ഭവനങ്ങൾക്കും യോഗ്യരാക്കിത്തീർക്കണമെ. അവരോടുകൂടെ ഞങ്ങൾ നിനക്കും നിന്റെ പിതാവിനും നിന്റെ പരിശുദ്ധ റൂഹായ്ക്കും...... ഹോശോ.....

## വെള്ളി പ്രഭാതം

## സ്ലൂസോ (സന്ധ്യയുടേതു തന്നെ)

### പ്രുമിയോൻ

തിരുവിഷ്ടപ്രകാരം താണിറങ്ങിവരികയും ഞങ്ങളുടെ സാദൃശ്യം ധരിക്കുകയും, ഞങ്ങളുടെ രക്ഷയെ പൂർണ്ണമാക്കുവാൻ തന്റെ സ്നേഹത്താൽ സ്ലീബായിലേക്ക് കരേറുകയും അതിന്റെ പാർശ്വങ്ങളിലേയ്ക്ക് തന്റെ കരങ്ങൾ നീട്ടി തന്റെ ആരാധനയ്ക്കായി എല്ലാ ഭാഗങ്ങളേയും ആകർഷിക്കുകയും ചെയ്ത അത്യുന്നത രാജാവായുള്ളോനേ! നിനക്കു സ്തുതി. അവർ നിന്റെ കഷ്ടാനുഭവത്തെ പരിശോധിക്കുകയും, നിന്റെ സ്നേഹത്തിൽ കലർത്തപ്പെടുകയും നിന്റെ വീഞ്ഞിൽനിന്നും കുടിക്കുകയും നിന്റെ മരണത്തിൽ സാദൃശ്യപ്പെടുകയും നിന്നോടുകൂടെ കബറടക്കപ്പെടുകയും നിന്നോടൊന്നിച്ച് ഉത്ഥാനം ചെയ്യുകയും നിന്റെ മഹത്വത്തിൽ വാഴുകയും ചെയ്യുമാറാകണമെ. നിന്റെ പരിശുദ്ധ സ്നേഹിതന്മാരുടെ സ്മരണയുടെ ഈ നാളിലും അടിയാർക്ക് ആയുസുള്ള എല്ലാ നാളുകളിലും നിനക്കു സ്തുതിയും ബഹുമാനവും യോഗ്യമാകുന്നു. ബ്കുൽഹൂൻ.....

### ഹൂസോയോ

മ്ഹസ്യോനൊ ഹോക്കിൽ....

### സെദ്റാ

പുതിയ യിസ്രായേലിന്റെ രാജാവും സകല സൃഷ്ടികളുടെയും ദൈവവുമായ മ്ശീഹാതമ്പുരാനെ! മഹത്വപൂർണ്ണമായ നിന്റെ പുനരുത്ഥാനത്തിന്റെ പ്രത്യാശയിൽ ആദിമുതലേ നിദ്രപ്രാപിച്ച നിന്റെ സ്നേഹിതന്മാരായ പരിശുദ്ധന്മാരെയും, ബാവാമാരെയും, പുണ്യവാന്മാരെയും, നീതിമാന്മാരുടെ സകലകൂട്ടത്തെയും ഈ ദിവസത്തിൽ ഞങ്ങൾ ഓർക്കുന്നു. അവരുടെ ഞെരുക്കങ്ങളാൽ അവർ സകല ആശ്വാസവും



കൈക്കൊണ്ടു. അതിൽ രഹസ്യങ്ങളും, ദൃഷ്ടാന്തങ്ങളും പൂർത്തീകരിക്കപ്പെട്ട് നിവർത്തിക്കപ്പെട്ടു. അവരോടുകൂടെ നിന്നെപ്രതി സകല കഷ്ടതകളും പീഡകളും സഹിക്കുകയും, നിന്റെ സത്യത്തിൽനിന്നും വ്യതിചലിക്കാതിരിക്കുകയും ചെയ്ത സഹദേന്മാരേയും, മൗദ്യോനന്മാരേയും ജീവദായകമായ നിന്റെ സ്കീഫൂസായുടെ പിന്നടികളിൽ യാത്ര ചെയ്ത്, അനേകർക്ക് മാർഗ്ഗദീപവും, സാദൃശ്യവും ആയിത്തീർന്നിട്ടുള്ളവരേയും ഞങ്ങൾ ഓർക്കുന്നു. ഇന്നേദിവസം ആദാമും ഹവ്വായും ആഹ്ലാദത്തോടെ തുള്ളിച്ചാടുന്നു. എന്തെന്നാൽ നീ അവരെ വീഴ്ചയിൽ നിന്നുദ്ധരിക്കുകയും നിന്റെ ആണികളാൽ അവരുടെ കടച്ചീട്ട് കീറിക്കളയുകയും നിന്റെ പരിശുദ്ധ സ്ലീബായാൽ അവരുടെ ശാപം മായിക്കപ്പെടുകയും ചെയ്തു. തന്റെ രക്തത്തെ ജയിച്ച വിലയേറിയ നിന്റെ രക്തത്തെ പ്രതി ഇന്നേദിവസം ഹാബേൽ സന്തോഷിക്കുന്നു. ഇന്നേദിവസം നോഹ ആനന്ദിക്കുന്നു. എന്തുകൊണ്ടെന്നാൽ നിന്റെ വിലാവിൽനിന്നൊഴുകിയ രക്തത്താലും, വെള്ളത്താലും, ഭൂമിയൊക്കെയുടെയും പാപം മുക്കിക്കളഞ്ഞു. നിന്റെ വിശുദ്ധ തിരുശരീരരക്തങ്ങളുടെ അനുഭവത്താൽ ജീവൻ പ്രാപിക്കുവാനായി അതിന്റെ രഹസ്യം അപ്പത്താലും വീഞ്ഞിനാലും നിന്റെ പ: സഭയ്ക്ക് വെളിപ്പെടുത്തിക്കൊടുത്തതിന്റെ മർമ്മം പൂർത്തിയായതിനാൽ ഇന്നേദിവസം മൽഖീ-സദേക്ക് ഉല്ലസിക്കുന്നു. ഇന്നേദിവസം സ്കീപ്പായിൽ തറയ്ക്കപ്പെടുകയും ലോകമൊക്കെക്കുംവേണ്ടി യാഗമാക്കപ്പെടുകയും ചെയ്ത ദൈവത്തിന്റെ കുഞ്ഞാടായ നിന്നെ ദർശിച്ചതിനാൽ അബ്രഹാം ആനന്ദിക്കുന്നു. ലോകമൊക്കയുടെയും മരണത്തിന്റെയും പാപത്തിന്റെയും ബന്ധനത്തിൽനിന്നും അഴിയപ്പെട്ടതായ നിന്റെ ബന്ധനത്തെ കണ്ട ഇസ്സഹാക്ക് നിന്നെ സ്ത്രോത്രം ചെയ്യുന്നു. ഇന്നേദിവസം യാക്കൂബ് നിനക്ക് സ്തുതി പാടുന്നു. എന്തെന്നാൽ മരത്തിന്റെ ഉപരിതലത്തിൽ നിന്നെ കാണുകയും, നിന്റെ ശരീരം വീഞ്ഞിനാൽ എന്നവിധം അഭിഷിക്തമാകുകയും ചെയ്തു. ഇന്നേദിവസം നിന്റെ കഷ്ടാനുഭവങ്ങൾ പൂർത്തിയാക്കപ്പെട്ടു. സകല വഴിതെറ്റിന്മേലും പാപത്തിന്മേലും നീ വാഴുന്നതു കണ്ട യൗസേഫ് നിന്നെ പുകഴ്ത്തുന്നു. ഇന്നേ ദിവസം സ്ലീബായിന്മേൽ നിന്റെ കരങ്ങൾ വിരിക്കുകയും ആന്തരിക അമാലേക്കിനേയും അവന്റെ സകല പാളയത്തേയും മറിച്ചിടുകയും, പഴയ മഹാസർപ്പത്തിന്റെ വിഷത്തെ രുചികരമാക്കിത്തീർക്കുകയും, ജാതികളുടെ കയ്പിനെ മധുരപൂർണ്ണമാക്കുകയും, നിന്റെ പ: സ്ലീബായാൽ സകലത്തേയും ജീവിപ്പിക്കുകയും ചെയ്തതിനാൽ മൂശെ നിനക്കു കീർത്തനം പാടുന്നു. ഭൂമണ്ഡലത്തിന്റെ പാപവസന്ത വിലക്കപ്പെട്ടതായ നിന്റെ യാഗത്തിന്റെ സൗരഭ്യവാസനയാൽ പുരോഹിതനായ അഹറോൻ ഈ നാളിൽ

ഇമ്പപ്പെടുന്നു. ഇന്നേദിവസം നിന്റെ സ്ലീബായാകുന്ന വടിയാൽ ദുഷ്ട
നേയും വേശ്യയുടെ വഞ്ചനയേയും വധിക്കുകയും, മൃത്യുവിന്റെ ക്രൂര
വാഴ്ചയെ സകല സൃഷ്ടികളിൽനിന്നു വിലക്കുകയും ചെയ്തതിനാൽ
വൈരാഗിയായ ഫിനഹാസ് നിനക്കു സ്ത്രോത്രം പാടുന്നു. നിന്റെ പ:
സ്ലീബായാകുന്ന വാളിനാൽ തലമുറതലമുറയോളം പാതാളത്തെ ശൂന്യ
മാക്കുകയും, അവളുടെ ശൂരന്മാരെ നിർമ്മാർജ്ജനം ചെയ്യുകയും നിന്റെ
ജനത്തെ സ്വർഗ്ഗീയ ഊർശ്ലേമ്മിലേക്കു കരേറ്റുകയും ചെയ്തതിനാൽ
നിന്റെ പുത്രനായ യേശു ഇന്നേദിവസം നിന്നെ പുകഴ്ത്തുന്നു. വന്ദ്യ
ങ്ങളായ നിന്റെ കഷ്ടാനുഭവങ്ങളാൽ ഈ ദിനത്തിൽ സങ്കീർത്തനങ്ങൾ
പൂർണ്ണതയിലേക്ക് കൊണ്ടുവരപ്പെട്ടു. എന്തെന്നാൽ, മൃതനെപ്പോലെ
മരിച്ചവരുടെ ഇടയിൽ ബന്ധിക്കപ്പെടുകയും നാശം കൂടാതെ തന്റെ
ശത്രുക്കളെ ചിതറിച്ചു കളയുകയും ചെയ്തതിനാൽ ദാവീദ് കീർത്ത
നാലാപം നടത്തുന്നു. ഇന്നേദിവസം, കൊലയ്ക്ക് ആട്ടിൻ കുട്ടിയെ
പ്പോലെ നീ കൂട്ടിക്കൊണ്ടുപോകപ്പെടുകയും, ദിവസംമുഴുവനും കഷ്ട
തകളെ നീ വഹിക്കുകയും നിന്റെ ക്നൂമായുടെ രക്തത്താൽ നിന്റെ
അങ്കികൾ അശുദ്ധിപ്പെടുന്നതിനു പീലാത്തോസ് ഏല്പിക്കുകയും
ചെയ്തതിനെ കണ്ട ഏശായാ അതിശയിക്കുന്നു. ഇന്നേദിവസം നിന്റെ
കൈകാലുകളുടെ മുറിവുകൾ കണ്ടതിനാൽ അവൻ അദ്ഭുതപ്പെടുന്നു.
കുന്തത്താൽ നീ കുത്തിത്തുറക്കപ്പെടുന്നതിനെ കണ്ട മീഖായും, മദ്ധ്യാ
ഹ്നത്തിൽ സൂര്യൻ അന്ധകാരപ്പെട്ടതിനാൽ ആമൂസും പ്രസംഗിക്കുന്നു.
ഇന്നേദിവസം പാതാളത്തിൽ മൃതനെപ്പോലെ നിദ്രകൊള്ളുന്നവനേയും,
ജാതിയിൻപുത്രിയായ സഭയേയും കണ്ട യൗനാൻ വന്ദനം അർപ്പി
ക്കുന്നു. ഇന്നേദിവസം നിന്റെ പരിശുദ്ധ സ്ലീബായാലും, നിന്റെ ഉത്ഥാന
ത്താലും മരണത്തിന്റെയും പാതാളത്തിന്റെയുംമേൽ നീ വിജയം വരിച്ച
തിനാൽ ഹൂശാ പ്രവാചകൻ അവയെ പരിഹസിക്കുന്നു. ഇന്നേദിവസം
സകല ദീർഘദർശിമാരും സ്തോത്രാർപ്പണം നടത്തുകയും ശ്ലീഹ
ന്മാരും അറിയിപ്പുകാരും പ്രത്യാശയും ജീവനും പ്രസംഗിക്കുകയും
ചെയ്യുന്നു. തങ്ങളുടെ ഗളരുധിരത്താൽ കഷ്ടത സഹിച്ച സഹദേന്മാരും
തങ്ങളുടെ അവയവങ്ങളിൽ പീഢകൾ ഏറ്റ മൗദ്യാനന്മാരും നിനക്ക്
കാണിക്ക അർപ്പിക്കുകയും നിന്റെ ബഹുമാന്യമായ ശിരസ്സിനു വന്ദന
വിന്റെ കിരീടം മുടയുകയും മഹനീയമായ ഉയർത്തെഴുന്നേല്പിനെ കീർ
ത്തിച്ച് പെരുന്നാൾ കൊണ്ടാടുകയും ചെയ്യുന്നു. ഇവരോടുകൂടെയും
ഇവരുടെ മുൻഗാമികളോടുകൂടെയും ഈ പരിശുദ്ധദിനത്തിൽ ദൈവ
ജനനിയായ പരിശുദ്ധ കന്യകമറിയാമിനേയും ഞങ്ങൾ ഓർക്കുന്നു.
എന്തെന്നാൽ അത്യാശ്ചര്യകരമായും, കന്യാവ്രതമുദ്രയ്ക്ക് ഭംഗം ഏശാ



തെയും അവൾ നിന്നെ പ്രസവിച്ചു. അവളുടെയും ആദിമുതലുള്ള
സകല പരിശുദ്ധന്മാരുടെയും പ്രാർത്ഥനയാൽ ഞങ്ങൾ നിന്നോട
പേക്ഷിക്കുന്നതെന്തെന്നാൽ; നിന്റെ ശ്രേഷ്ഠതയുടെ മുന്നോടിയായ
മോർ യൂഹാനോൻ മാംദോനോയുടെയും സഹദേന്മാരുടെ കടിഞ്ഞൂ
ലായ മോർ എസ്തേഫാനോസ്സിന്റെയും ശ്ലീഹന്മാരിൽ തലവനായ മോർ
പെത്രോസിന്റെയും അത്താഴത്തിൽ നിന്റെ മാർവ്വിൽ ചാരിക്കിടന്ന മോർ
യൂഹാനോന്റേയും, ലോകത്തിന്റെ നാല് ഏവൻഗേലിസ്ഥന്മാരുടെയും,
കൃപയാൽ നിന്റെ സഹോദരനായ മോർ യാക്കൂബിന്റെയും, സത്യ
വിശ്വാസികളായ സകല ബാവാമാരുടെയും, മൽപാന്മാരുടെയും,
ശ്രേഷ്ഠരായ നാല്പത് സഹദേന്മാരുടെയും, സത്യവാന്മാരായ സകല
മൗദ്യോനന്മാരുടെയും, പരിശുദ്ധ മോർ മത്തായിയുടെയും, അവന്റെ
സഖികളുടെയും, മോർ ബഹനാമിന്റെയും, അവന്റെ സഹോദരിയായ
മൊർത്ത് സാറായുടെയും ശ്രേഷ്ഠതയുള്ള അവരുടെ കൂട്ടത്തിന്റെയും
പ്രാർത്ഥനയാൽ നിന്റെ നിരപ്പും സമാധാനവും, നിന്റെ വിലയേറിയ
രക്തത്താൽ വിലയ്ക്കുവാങ്ങിയ ഇടവകയൊക്കെയുടെയും മേൽ
വസിപ്പിക്കണമേ. അതിന്റെ ഉള്ളിൽനിന്നും ഭിന്നതകളേയും, കോപ
ത്തിന്റെ സകല ശിക്ഷകളേയും, വഴിതെറ്റുകളേയും മായിച്ചു കളയ
ണമെ. അതിലെ ഇടയന്മാരെ സഹായിക്കുകയും ആചാര്യന്മാരേയും
ശെമ്മാശന്മാരേയും കാത്തുകൊള്ളുകയും അവരെ ശ്രേഷ്ഠരാക്കുകയും
ചെയ്യണമേ. നിന്റെ പ: സഭയെ ഉപദ്രവിക്കുന്ന സകല ദുഷ്ടന്മാരിൽ
നിന്നും നിന്റെ ബഹുമാന്യമായ വി. സ്ലീബായുടെ പക്ഷങ്ങളിൽ അവളെ
കാത്തു സംരക്ഷിച്ചുകൊള്ളണമെ. നിന്റെ കരുണയാൽ ലംഘനക്കാ
രുടെ കടങ്ങളെ പരിഹരിക്കണമെ. നിന്റെ കൃപയാൽ രോഗികളെയും,
പീഡിതരേയും സുഖപ്പെടുത്തി ആശ്വസിപ്പിക്കണമെ. നിന്നെ വിളി
ക്കുന്ന എല്ലാവരുടെയും ഉത്തമ യാചനകൾക്ക് മറുപടി അരുളണമെ.
ഞങ്ങളുടെ ബലഹീന പ്രാർത്ഥനകളെ യാചിച്ചവരേയും, യാചിക്കുന്നവ
രേയും നിന്റെ മഹാകരുണയാൽ ഉത്തരമരുളി സഹായിക്കണമേ. നിന്നി
ലുള്ള പ്രത്യാശയിൽ നിദ്രപ്രാപിച്ച സകല വാങ്ങിപ്പോയവരേയും,
നിന്നിൽ ഏറ്റുപറഞ്ഞ പരിശുദ്ധന്മാരോടൊപ്പം നിന്റെ രാജ്യത്തിലെ മണ
വറയിൽ ആശ്വസിപ്പിക്കണമെ. ഞങ്ങളും അവരും നിനക്കും നിന്റെ
പിതാവിനും നിന്റെ വിശുദ്ധ റൂഹായ്ക്കും സ്തുതിയും പുകഴ്ചയും
ആധിപത്യവും ഇടവിടാതെ സമർപ്പിക്കുമാറാകണമെ. ഹോശോ.....
മൊലോഹോ.....

## എത്രോ (സന്ധ്യയുടേതുതന്നെ)

## ശനിയാഴ്ച സന്ധ്യ

### സ്ലൂസോ

ദൈവമായ കർത്താവേ! പ്രഭാതം മുതൽ പ്രദോഷം വരെ നിന്റെ ആന്തരിക മുന്തിരിത്തോപ്പിൽ വേല ചെയ്യുകയും നിന്റെ വി. ഏവൻ ഗേലിയോന്റെ ശരണത്തിൽ ലൗകിക ജീവിതം അവസാനിപ്പിക്കുകയും ചെയ്ത പുണ്യവാന്മാരുടെയും നീതിമാന്മാരുടെയും അപേക്ഷകളോടും, പ്രാർത്ഥനകളോടുംകൂടെ അടിയങ്ങളുടെ ബലഹീന യാചനകളേയും കലർത്തണമെ. കർത്താവും എന്നേയ്ക്കും ഞങ്ങളുടെ ദൈവവുമായുള്ളോവെ! നിന്നെ സ്നേഹിച്ച മൗദ്യാനന്മാരുടെയും നിന്റെ സത്യം പ്രസംഗിച്ച ബാവാമാരുടെയും മല്പാന്മാരുടെയും അപേക്ഷകളാൽ ഞങ്ങളുടെ യാചനകൾക്ക് ഉത്തരം അരുളുകയും ഞങ്ങളുടെ ആത്മാക്കൾമേൽ കരുണ ചെയ്യുകയും ചെയ്യണമെ. മോറാൻ വാലോഹാൻ ല് ഒൽമ്മീൻ

### പ്രുമിയോൻ

ഉണ്ടായിരുന്നവനും ഉള്ളവനും തന്റെ ഉണ്മയിൽനിന്നും മാറിപ്പോകാത്തവനും സകലത്തിലും മുമ്പേ ഉള്ളവനും തന്റെ നിത്യതയ്ക്ക് അറുതിയില്ലാത്തവനും ആയ അനാദ്യന്ത സ്വയംഭൂവും ഭൗമിക നിരൂപണങ്ങൾ കീഴ്പെടുത്താത്തവനും, പദാർത്ഥമയമായ ബോധങ്ങൾക്ക് അപരിശോധ്യനും സ്വർഗ്ഗീയനായ ദൈവവും സൃഷ്ടികളെ ക്രമീകരിക്കുന്നവനും തന്റെ സൃഷ്ടിശക്തിയാൽ ബോധനീയമായ ഈ ലോകത്തെ ക്രമീകരിക്കുകയും ദിവസങ്ങളുടെ ആഴ്ചവട്ടങ്ങളാൽ അതിനെ അലങ്കരിക്കുകയും, മറ്റൊരു ആഴ്ചവട്ടംവരെയും ഓടുവാൻ അതിനോടു കൽപ്പിക്കുകയും ചെയ്തവനുമായ കർത്താവിനു സ്തുതി. തനിക്ക് സന്ധ്യാപ്രാർത്ഥനയുടെ ഈ നേരത്തും..... ബ്കുൽഹൂർ......

### ഹൂസോയോ

മ്ഹസ്യോനൊ ഹോക്കിൽ....

### സെദ്റാ

കാണപ്പെടുന്നവയും കാണപ്പെടാത്തവയുമായ സകലത്തിന്റെയും സ്രഷ്ടാവും, ഇരുലോകങ്ങളുടെയും പിതാവും നാഥനും, ഇല്ലാതിരുന്ന



വയെ ഉള്ള അവസ്ഥയിലേക്ക് കൊണ്ടുവരുന്നതിൽ താല്പര്യമുള്ളവനും സകല സൃഷ്ടികളുടെയും സൃഷ്ടാവും ക്രമീകാരകനും, ആരംഭവും അവസാനവും ഇല്ലാത്തവനും, തന്റെ ബഹുമാന്യതയുടെ ശ്രേഷ്ഠത ദുർഗ്രാഹ്യമായിരിക്കുന്നവനും, തന്റെ നിത്യമായ ജ്ഞാനത്താൽ സകലത്തേയും നിലനിർത്തുമാറാക്കിയവനും, തന്റെ ആംഗ്യത്താൽ സൃഷ്ടികളെ നിലനിർത്തുകയും ആറാംനാളിൽ പൂർണ്ണതയുടെ പരിസമാപ്തിയിലേക്ക് അവയെ കൊണ്ടുവന്ന സമർത്ഥനായ ശില്പിയും, ഏഴാംനാളിൽ സകല പ്രവൃത്തികളിൽനിന്നും താൻ ആശ്വസിക്കപ്പെട്ടു എന്നു കാണിച്ചവനും, ഭാരപ്പെടാത്തവനും, ബലഹീനരെ ശക്തീകരിക്കുവനും തന്റെ ഉത്തമമായ ജ്ഞാനത്താൽ ഏഴ് ദിവസങ്ങളാൽ അലങ്കരിക്കുകയും ചെയ്ത സാമർത്ഥ്യമുള്ള നിർമ്മിതാവും ആയ താൻ ഏഴ് ദിവസങ്ങളാൽ അതിന് അടിസ്ഥാനം ഇടുകയും, അതിനെ അലങ്കരിക്കുകയും അതിന്റെ പണിയെ നിലനിർത്തുകയും ഏഴു ചക്രങ്ങളാൽ അതിന്റെ ഗമനത്തെ മനോഹരമാക്കുകയും, മനുഷ്യകുലം മുഴുവന്റെയും നിലനിൽപ്പിനായി ഭൂമിയുടെ സ്വകീയമായ ഏഴ് ശക്തി പ്രദാനം ചെയ്യുകയും ചെയ്തു. ഏഴാം നാളിൽ ആകാശവും ഭൂമിയും പ്രകാശനിരകളും പൂർണ്ണമായി. നക്ഷത്രങ്ങളുടെ നിരകളും സകല വർഗ്ഗങ്ങളുടെയും വർദ്ധനവും ജലജീവികളുടെയും, പൊടിയിൽ ഇഴയുന്നവയുടെയും ആവിർഭാവവും ദൃശ്യമായിത്തീർന്നു. ഏഴാംനാളിൽ ഇരുലോകങ്ങളുടെയും സൃഷ്ടാവും നിർമ്മിതാവുമായവൻ ആശ്വസിച്ചു. അതിൽ ആത്മീയ ലോകം ആരംഭിക്കുന്നു എന്ന ഏഴിനടുത്ത ആയിരത്തിന്റെ രഹസ്യം ഉദയം ചെയ്യുന്നു. ഏഴാം നാളിനെ കർത്താവ് വാഴ്ത്തി ശുദ്ധീകരിച്ചതുകൊണ്ട്, ബോധനീയമായ ഈ ലോകം അതിൽ മാഞ്ഞുപോയി വിശ്രമിക്കുന്നുവെന്ന ഏഴാമത്തെ ആയിരത്തെ താരതമ്യപ്പെടുത്തുന്നു. അദ്ധ്വാനക്കാരും, അവരുടെ മക്കളും വിച്ഛേദിക്കപ്പെടാത്ത ആശ്വാസത്തിനും തീർന്നുപോകാത്ത വിശുദ്ധിയിലേക്കും പ്രവേശിക്കുന്നു. കൊലപാതകിയായ കായീൻ ഏഴു വിധത്തിൽ ശപിക്കപ്പെട്ടു. തൂബേലിന്റെയും തൂബൽകായീന്റെയും ഏഴാമത്തെ തലമുറയിൽ ലാമേക്കിനാകട്ടെ അവന്റെ എഴുപത്തേഴാം തലമുറ വരെ നിലനിന്ന അവന്റെ പാപം മായിക്കപ്പെട്ടു. ഏഴാം തലമുറക്കാരനായ ഹാനോക്ക് ദൈവത്തെ പ്രസാദിപ്പിച്ചു. പ്രകാശമേഘത്തിൽ ദൈവം അവനെ കൈക്കൊള്ളുകയും, പർദീസായുടെ ഉന്നതത്തിലേക്ക് വാങ്ങിപ്പോകുമാറാക്കുകയും ചെയ്തു. ഗോത്രത്തലവന്റെ തെറ്റിന്റെ തീക്ഷ്ണതയാൽ അവൻ ഉയർത്തപ്പെട്ടു. ദൈവത്തെ പ്രസാദിപ്പിച്ചുകൊണ്ട് അതിന്റെ കാരണം പുണ്യവാന്മാരും, നീതിമാന്മാരും ഗ്രഹിച്ചു. അവരുടെ ആദ്യസ്ഥലത്തേക്ക് അവർ പ്രവേശിപ്പിക്കപ്പെട്ടു. നീതിമാനായ നോഹ ശുദ്ധി

യുള്ളതിൽനിന്ന് ഏഴേഴ് വീതം അവയുടെ നിലനില്പിനുവേണ്ടി പെട്ടകത്തിലേക്ക് പ്രവേശിക്കുവാൻ കല്പിച്ചു. 'ഇനി ഏഴ് ദിവസം കഴിഞ്ഞ് ലോകത്തെ നശിപ്പിക്കുവാൻ ഞാൻ മഴയെ വരുത്തും' എന്ന് ദൈവം അവനോടരുളിച്ചെയ്തു. ഏഴാം മാസം കർദ്ദു പർവ്വതങ്ങളുടെ മുകളിൽ പെട്ടകം വിശ്രമിക്കപ്പെട്ടു. അനുസരിക്കാത്തവരെ ജലപ്രളയത്തിൽ മുക്കിക്കളയുകയും ചെയ്തു. ഏഴാമനായ ഫോലേഗിന്റെ നാളുകളിൽ അവർ വ്യർത്ഥവിചാരത്താൽ മണ്ഡപം പണിയാരംഭിച്ചു. എന്നാൽ ലോകം ഒക്കെയുടെയും ഭാഷ കലങ്ങിപ്പോയി. ഇതുനിമിത്തം ആ സ്ഥലത്തിനു ബാബേൽ എന്നു പേരായി. പരിപാകതയുടെ നന്മയെ സ്നേഹിച്ച നിർമ്മലനായ യൗസേഫിനും ഏഴു സംവത്സരം ക്ഷാമത്തിന്റെയും ഏഴു സംവത്സരം സമൃദ്ധിയുടെയും കാലങ്ങൾ ആണെന്ന് വെളിവാക്കപ്പെട്ടു. രാജാവായ ഫറവൂൻ അവനെ മിസ്രേമിനു മുഴുവൻ രാജാവും അധികാരിയുമാക്കി. ഏഴാം തലമുറക്കാരനായ മൂശെക്ക്; പാലും തേനും ഒഴുകുന്ന ഭൂമിയുടെ ഏഴ് ഭാഗം അവന്റെ ജനം അവകാശിക്കുമെന്ന് പിതാവാം ദൈവത്താൽ വാഗ്ദത്തം ചെയ്യപ്പെട്ടു. നൂന്റെ പുത്രനായ യേശു ഏഴ് പ്രാവശ്യം യീറിഹൂവിനെ ചുറ്റുകയും ഏഴാം ദിവസത്തിന്റെ അന്ത്യത്തിൽ അതായത് ശാബതിൽ അതിന്റെ ഏഴു മതിലുകൾ വീഴുകയും ചെയ്തു. മുപ്പത്തൊന്ന് രാജാക്കന്മാർ അതിൽ കൊല്ലപ്പെടുകയും, ഏഴു ജാതികളെ വാളിന്റെ വായ്ത്തലയാൽ സംഹരിക്കുകയും ചെയ്തു. കർത്താവിന്റെ പെട്ടകം ഗത്തുദേശക്കാരനായ എവുക്കർ - ആദുമിന്റെ പക്കൽനിന്നും ഏഴു പുരോഹിതന്മാർ, ന്യായപ്രമാണത്തിൽ കല്പിക്കപ്പെട്ട ഏഴു കൊമ്പുകളാൽ ആഘോഷിക്കപ്പെടുന്നതിന്, കരേറ്റിക്കൊണ്ടുപോയപ്പോൾ രാജാവും, നബിയും ആയ ദാവീദ് ഏഴു കൂട്ടങ്ങളോടു കൂടെ അതിനെ ആഘോഷിച്ചു. ശലോമോൻ രാജാവ് ഏഴു വർഷംകൊണ്ട് ദൈവമായ കർത്താവിനായുള്ള ആലയത്തിന്റെ പണി പൂർത്തീകരിച്ചു. അവന്റെ പിതാവ് എബൂസ്യനായ ഓറോനിൽനിന്നും വിലയ്ക്കു വാങ്ങിയ അമോര്യ പർവ്വതത്തിലെ കളത്തിൽ അതിനെ നിർമ്മിച്ചു. സമാഗമന കൂടാരത്തേക്കാൾ രണ്ട് മടങ്ങ് വലിപ്പമുള്ളതായി അതിനെ സ്ഥാപിച്ചു. ഹെബ്രായ പുത്രിയായ സൂറിലെ രാജാവായ ഹീരാം അതിനെ അലങ്കരിച്ച് മനോഹരമാക്കി. അതിന്റെ നീളം അറുപത് മുഴവും, വീതി ഇരുപത് മുഴവും, ഉയരം മുപ്പത് മുഴവും ആയിരുന്നു. കർത്താവിന്റ ന്യായപ്രമാണം കല്പിക്കുന്ന പ്രകാരം ഏഴു ദിവസം കൊണ്ട് അതിനെ പുതുക്കി ശുദ്ധീകരിച്ചു. പ്രവാചകന്മാരിൽ മഹത്വമുള്ളവനായ ഏശായാ ബഹുമാന്യമായ ഏഴ് ആത്മാക്കളാൽ റൂഹായുടെ വ്യാപാരത്തെ നാമകരണം ചെയ്തു. അവ മൂശയ്ക്ക് നല്കിയതായ ആത്മാവ്, യേശുബർനൂന്റെ പരാക്രമതയുടെ ആത്മാവ്,



സഭയിൻ കൂടാരത്തെ പണിയുതിനു ബസ്ലി - ഏലിനു നൽകിയതായ 'ജ്ഞാനത്തിന്റെ ആത്മാവ് വഞ്ചന പ്രവർത്തിക്കുന്നവൻ എന്റെ ആലയത്തിൽ വസിക്കുകയില്ല' എന്നുള്ള ദാവീദിന്റെ ദൈവഭക്തിയുടെ ആത്മാവ്, ശാലോമോന്റെ വിജ്ഞാനത്തിന്റെ ആത്മാവ്, ബാലിന്റെ പ്രവാചകന്മാരെ വധിച്ച ഏലിയാവിന്റെ മനഃസാക്ഷിയുടെ ആത്മാവ്; തന്റെ നാഥനായ മ്ശിഹായെക്കുറിച്ച് പ്രസംഗിക്കുകയും, തന്റെ മാതാവിന്റെ ഉദരത്തിൽ ആയിരിക്കെ ഉടയവനെ സ്വീകരിപ്പാൻ തുള്ളിച്ചാടുകയും ചെയ്ത യൂഹാനോൻ മാംദോനോയുടെ നിറവിന്റെ ആത്മാവ് (ഇവൻ യൂർദ്ദിനോൻ നദിയിൽ വച്ച് തന്റെ ഉടയവനെ ജനത്തിനു ചൂണ്ടിക്കാണിക്കുകയും 'ലോകത്തിന്റെ പാപത്തെ നീക്കിക്കളഞ്ഞ് അതിനെ രക്ഷിക്കുന്നവൻ ഇവനാകുന്നു' എന്നു അട്ടഹസിച്ചു.) എന്നിവയത്രേ. നെബുക്കദ്നേസ്സർ ഏഴുദിവസം തീച്ചൂള ചൂട് പിടിപ്പിക്കുകയും അതിൽ ഹാനനിയോ, ആസറിയാ, മീശായേൽ എന്നീ മൂന്നു ശ്രേഷ്ഠന്മാരെ ഇടുകയും ചെയ്തു. എന്നാൽ അഗ്നി അവർക്ക് യാതൊരു ദോഷവും ചെയ്തില്ല. അവൻ അഹങ്കരിച്ചതിനാൽ ഏഴു കാലത്തേക്ക് ദൈവം അവന്റെ രൂപത്തെ മാറ്റുകയും, അവനോട് കോപിക്കുകയും, വരും തലമുറയ്ക്ക് അവനെ അത്ഭുതമാക്കിത്തീർക്കുകയും ചെയ്തു. ഏലിയാ ദീർഘദർശി തന്റെ ശിഷ്യനോട് കടൽത്തീരത്തേക്ക് പോകുവാൻ ഏഴു പ്രാവശ്യം കൽപിച്ചു. ഏഴുപ്രാവശ്യം അവന്റെ ശിഷ്യനായ ഏലീശാ അരാമ്യനായ നയമാൻ എന്ന കുഷ്ഠരോഗിയോട് യൂർദ്ദ്നോനിലെ ജലത്തിൽ ഏഴു പ്രാവശ്യം കുളിക്കുവാൻ കല്പിച്ചു. അവൻ ഏഴു പ്രാവശ്യം കുളിക്കുകയും അവന്റെ ഉള്ളിൽ മാറ്റം ഉണ്ടാവുകയും ചെയ്തു. ദൈവം യിസ്രയേൽ മക്കൾക്ക് നല്കിയ ബഹുമാനമുള്ള ആത്മാക്കൾക്ക് പകരം ഏഴു രൂപങ്ങളെ സ്ഥാപിച്ച് അവർ ആരാധിച്ചു. വഴിതെറ്റിന്റെ ഏഴ് ആത്മാക്കൾ അവയിൽ പ്രവേശിച്ച് വസിച്ചു.

ആകയാൽ കർത്താവേ! നിന്റെ ദാസരായ അടിയങ്ങൾ ഈ ഏഴാം ദിവസത്തിന്റെ ആരംഭത്തിൽ പരിമളധൂപം നിന്റെ ശ്രേഷ്ഠതയ്ക്ക് അർപ്പിക്കുന്നു. ദയ തോന്നി ഉത്തരമരുളണമേ എന്ന നെടുവീർപ്പോടെ ഞങ്ങൾ അപേക്ഷിക്കുകയും ചെയ്യുന്നു. ധന്യമായ നിന്റെ ശ്രീഭണ്ഡാരത്തിൽനിന്നും ഞങ്ങളുടെ യാചനകൾക്ക് മറുപടി അരുളണമെ. ഏഴു വിധത്തിൽ ഞങ്ങളെ പൂർണ്ണരാക്കി നിന്റെ ജ്ഞാനത്താൽ പ്രകാശിപ്പിക്കണമെ. ഞങ്ങളുടെ ബാഹ്യവും ആന്തരികവുമായ മനുഷ്യനെ പൂർണ്ണമായി അലങ്കരിക്കണമെ. സകല നന്മകളാലും ഞങ്ങളെ ഐശ്വര്യ സമൃദ്ധിയുള്ളവരാക്കിത്തീർക്കണമെ. നിന്റെ പ്രകാശത്താൽ ഞങ്ങളെ ശോഭിപ്പിക്കണമെ. സ്തോത്രഫലങ്ങളെ ഞങ്ങൾ പുറപ്പെടുവിക്കുമാറാക

ണമെ. നിന്നെ നിരപ്പാക്കുന്ന വിചാരങ്ങൾ ഞങ്ങളിൽ ജനിപ്പിക്കണമെ. നിന്റെ വിശുദ്ധ കല്പനകളുടെ ആചരണത്തിന്റെ അറിവ് ഞങ്ങളുടെ ഹൃദയങ്ങളിൽ അങ്കുരിപ്പിക്കണമെ... ഞങ്ങൾ ആശ്വാസ തുറമുഖത്ത് ധൈര്യസമേതം നിൽക്കുവാൻ ഞങ്ങളുടെ ആത്മശരീരങ്ങളെ വാഴ്ത്തി ശുദ്ധീകരിക്കണമെ. ഏഴുവിധ ശിക്ഷകളിൽനിന്നും ഞങ്ങളെ രക്ഷിക്കേണമെ. ഞങ്ങളുടെ ശിരസ്സിന്റെ ഏഴുവാതിലുകളെ അശുദ്ധമായ എല്ലാ രുചിയിൽനിന്നും ഘ്രാണത്തിൽനിന്നും, നിനക്ക് പ്രസാദകരമല്ലാത്ത ദുർമോഹത്തോടുകൂടെയുള്ള നോട്ടത്തിൽനിന്നും സ്വാതന്ത്ര്യപ്പെടുത്തണമെ. നിന്റെ വിശുദ്ധ റൂഹായെ ഞങ്ങളിൽനിന്നെടുത്തു കളയരുതെ. അന്യായക്കാർക്കായി കാത്തുസൂക്ഷിച്ചിരിക്കുന്ന അഗ്നിയിൽ നിന്നും ഞങ്ങളെ വീണ്ടെടുക്കണമെ. സാക്ഷാൽ ദൈവമാകുന്ന നിന്നെ വെടിപ്പുള്ള ആത്മാവാൽ തിരിച്ചറിയുവാൻ ഞങ്ങൾക്ക് കൃപ നൽകണമെ. ഞങ്ങളും ഞങ്ങളുടെ വാങ്ങിപ്പോയവരും ഏദനിലെ ആനന്ദത്തിനു യോഗ്യരായിത്തീരണമെ. ഞങ്ങൾ നിനക്കും നിന്റെ പിതാവിനും, നിന്റെ വിശുദ്ധ റൂഹായ്ക്കും അനവരതം സ്തുതി പാടുമാറാകണമെ. ഹോശോ..... മെൻ ആലോഹോ ന്കാബെൽ....

## എത്രൊ

തന്റെ വധം മുഖാന്തിരമായി വിഗ്രഹാരാധനയുടെ അശുദ്ധ ഘ്രാണം സൃഷ്ടിയിൽനിന്നും മായിച്ചുകളഞ്ഞ നിരപ്പിന്റെ ധൂപമായ മ്ശിഹാ തമ്പുരാനേ! നിനക്കു സ്തുതി. വി. സ്ലീബായുടെ അഗ്രത്താൽ കബറുകളിൽനിന്നു മൃതന്മാർ ഉയിർക്കപ്പെട്ടു. അവർ ഏദന്റെ പർദീസായിലേക്ക് ഓടി എത്തി. നാഥാ! നിന്റെ പരിശുദ്ധ ആലയത്തിൽ അർപ്പിക്കപ്പെട്ട ഈ ധൂപത്തെ കൃപയോടെ വാഴ്ത്തണമെ. എന്തുകൊണ്ടെന്നാൽ നിന്റെ ഉയർപ്പിന്റെ പെരുന്നാളിൽ അവ ധൂപിക്കപ്പെട്ടിരിക്കുന്നു. പാളയത്തിൽനിന്നും വസന്തയെ നിരോധിച്ച ലേവിയുടെ ധൂപംപോലെ ഞങ്ങളിൽനിന്ന് നിന്റെ കൃപയാൽ പാപവസന്തയെ നിരോധിക്കണമെ. ഞങ്ങൾ ഇപ്പോഴും എപ്പോഴും, എന്നേക്കും നിന്റെ കൃപയെ സ്ത്രോത്രം ചെയ്യുവാനായിട്ടു തന്നെ. ഹോശോ.....

## ഹൂത്തോമ്മൊ

ദൈവമായ കർത്താവേ! ഞങ്ങളുടെ പ്രാർത്ഥനകളുടെ ശബ്ദത്തിൽ നീ പ്രീതിപ്പെടുകയും ഞങ്ങളുടെ യാചനകളിൽ നിരപ്പാകുകയും



ഞങ്ങളുടെ ഇടയിൽനിന്നു എല്ലാ ചതിവുകളെയും ദുരുപദേശങ്ങളേയും ഭിന്നതകളേയും, ശീശ്മകളെയും മായിച്ചുകളയുകയും ചെയ്യണമെ. സ്നേഹവും ഐക്യതയും പരിപൂർണ്ണ സമാധാനവും മനുഷ്യപ്രീതിയും ഞങ്ങളുടെ ഇടയിൽ വസിപ്പിക്കണമെ. അങ്ങനെ ഞങ്ങൾ നിന്നെയും നിന്റെ പിതാവിനെയും...... ഹോശോ.....

# ശനി പ്രഭാതം

## സ്ലൂസോ

കർത്താവേ! നിന്റെ ന്യായപ്രമാണങ്ങളെ രാപ്പകൽ ശോധന ചെയ്യുവാനായി ഞങ്ങളുടെ നിരൂപണയുടെ ബോധത്തെ പ്രകാശിപ്പിക്കണമെ. നിന്റെ ഉയർപ്പിന്റെ കതിരുകളാൽ ശോഭിച്ചുകൊണ്ട് ഞങ്ങളുടെ ആഴ്ചവട്ടത്തിന്റെ അന്ത്യത്തിൽ നിന്നെ പ്രസാദിപ്പിക്കുവാൻ കൃപയരുളണമെ. ഞങ്ങളിൽ വസിക്കാതിരിപ്പാനായി ഏഴ് ദുഷ്ടാത്മാക്കളിൽനിന്നും ഞങ്ങളെ സംരക്ഷിച്ചുകൊള്ളണമെ. എന്നാലോ കർത്താവേ! അവയ്ക്കു പകരമായി ഞങ്ങളിൽ വസിച്ചു ഞങ്ങളെ വെടിപ്പാക്കി ശുദ്ധീകരിപ്പാൻ തക്കവിധം നിന്റെ പ. റൂഹായെ ഞങ്ങളിൽ പ്രവേശിപ്പിക്കണമെ. ഞങ്ങൾ നിനക്കും...... ഹോശോ.....

## പ്രുമിയോൻ

ഞങ്ങളുടെ രക്ഷയ്ക്കായി ജഡീക ഉദരത്തിൽ സംക്ഷേപിക്കപ്പെട്ടവനായി അസംക്ഷേപിതനും പരിശുദ്ധ പിതാക്കന്മാർക്ക് രക്ഷാകരമായ തന്റെ വ്യാപാരരഹസ്യം കാണിച്ചവനും, മൂശയും ദാവീദും സകല ദർശകരും സത്യത്തിന്റെ വെളിപാടുകാരും അതിന്റെ സാദൃശ്യം വരച്ചു കാണിക്കുകയും ചെയ്തവനും, അവരുടെ ഉപമകളുടെ രഹസ്യത്താൽ തന്നെ പ്രസാദിപ്പിച്ചവരുടെ സാദൃശ്യത്തെ സ്വീകരിച്ചവനും, അവരുടെ ദൃഷ്ടാന്തങ്ങളുടെ പൂർണ്ണസംഖ്യയിൽ പ്രസാദിച്ചവനും അവരുടെ പ്രവചനങ്ങളെ തന്റെ വിശുദ്ധ ക്നൂമായിൽ പൂർത്തീകരിച്ച് ശുദ്ധീകരിച്ചവനുമായ തനിക്ക് പ്രഭാത പ്രാർത്ഥനയുടെ ഈ സമയത്തും സകല പെരുന്നാളുകളിലും...... ബ്കുല്ഹൂൻ......

## ഹൂസോയോ

മ്ഹസ്യോനൊ ഹോക്കിൽ....

## സെദ്റാ

തന്റെ പിതാവിൽനിന്നും വിട്ടുമാറാതിരുന്നവനും നിത്യപിതാവിന്റെ പുത്രനും വചനവുമായ ഞങ്ങളുടെ ദൈവമായ മ്ശീഹാതമ്പുരാനേ! സ്വയംഭൂവായും, അനാദ്യന്തമായും ലോകങ്ങൾക്കും സൃഷ്ടികൾക്കും മുമ്പെ മാനുഷിക വചനത്തിനും ബോധത്തിനും ചിന്തയ്ക്കും അതീതനായി നീ ജനിച്ചു. ദൈവമായിരിക്കുന്ന അവസ്ഥയിൽനിന്നും വ്യത്യാസപ്പെടാതിരിക്കെ ആത്മാവും ബോധവും ഉള്ള ശരീരം ധരിച്ച അദൃശ്യനും തന്റെ വെളിപാടിനാൽ ദർശകന്മാർ തന്നെ സൂചിപ്പിച്ച സകല ദൃഷ്ടാന്തങ്ങളും നിറവേറ്റുവാനായി ആദാമിന്റെ സാദൃശ്യം ധരിച്ചവനുമായ ഞങ്ങളുടെ ദൈവമായ മ്ശീഹാ തമ്പുരാനേ! ആഴ്ചവട്ടത്തിന്റെ അന്ത്യത്തിൽ ഉദയം ചെയ്യുകയും ഗോഗുൽത്തായിൽ കരേറ്റപ്പെടുകയും രണ്ടു കള്ളന്മാരുടെ മദ്ധ്യേ വിരിക്കപ്പെടുകയും ചെയ്ത തന്റെ രഹസ്യത്തെ; ഭാഷകൾ ഭിന്നിച്ച കാലത്തുള്ള ഫോലെഗ് മുതൽ ഏഴാം തലമുറക്കാരനായ യിസഹാക്ക് സാദൃശ്യപ്പെടുത്തി കാണിച്ചു. ജാതികളുടെ പിതാവിന്റെ ഏഴാം തലമുറക്കാരനായ മൂശ സ്വന്ത ജനത്തിനുവേണ്ടി വളരെ പീഡകൾ സഹിച്ചു. നമുക്കുവേണ്ടി കഷ്ടപ്പെടുകയും കയ്പും കാടിയും കുടിയ്ക്കുകയും, മുൾക്കിരീടം കൈക്കൊള്ളുകയും, തുപ്പലും കന്നത്തടിയും സ്വീകരിക്കുകയും ചെയ്ത മ്ശീഹായുടെ സാദൃശ്യം അതിനാൽ അവൻ വരച്ചു കാട്ടി. ഏഴാം ആണ്ടിൽ ദാസന്മാർ സ്വതന്ത്രരാകണമെന്നും, ആവശ്യക്കാർക്ക് മുന്തിരി നൽകപ്പെടണമെന്നും, വയലുകളിലെ ഫലങ്ങൾകൊണ്ട് ദരിദ്രന്മാർ പുലർത്തപ്പെടണമെന്നും മൂശെ കല്പിച്ചു. പുരോഹിതന്മാർ ഏഴു ദിവസങ്ങൾ പൂർത്തിയാക്കണമെന്നും, അതിൽ ലോകം ചുറ്റിക്കറങ്ങുന്നുവെന്ന ആഴ്ചവട്ടത്തിന്റെ സൂചനയായി ഏഴു വിളക്കുകൾ കൂടാരത്തിൽ പണിതുണ്ടാക്കണമെന്നും മൂശെ കൽപിച്ചു. അവനെ നിന്ദിച്ചതുകൊണ്ട് കുഷ്ഠരോഗിണിയായിത്തീർന്ന അഹരോന്റെ സഹോദരി മിര്യാമിനെ ഏഴു ദിവസംകൊണ്ട് വെടിപ്പാക്കി. (ന്യായപ്രമാണപ്രകാരം ഏഴ് ദിവസം കൊണ്ട് കുഷ്ഠരോഗി വെടിപ്പാക്കപ്പെടുമായിരുന്നു.) 'ദാവീദ് രാജാവ് ഏഴുവട്ടം നീതിമാനെ അവന്റെ ന്യായപ്രമാണങ്ങളെപ്രതി മഹത്വപ്പെടുത്തണമെന്നു കല്പിച്ചു. ഇങ്ങനെ



ഗർഭോത്പാദനം, ജനനം, വളർച്ച, നോമ്പ്, കഷ്ടാനുഭവം, കബറടക്കം, ഉയർപ്പ് എന്നിവയെ പ്രതി തന്നെ. ദാവീദ് പൗരോഹിത്യ കീർത്തനങ്ങളാൽ' കർത്താവിന്റെ വചനം വെടിപ്പുള്ളതാകുന്നു. അത് ഭൂമിയിൽ ശോധന ചെയ്ത് ഏഴു പ്രാവശ്യം ശുദ്ധീകരിച്ച വെള്ളിയാകുന്നു' എന്നു പറഞ്ഞു. അവയാൽ ഏഴു ക്രമങ്ങളായ പ്രവാചകന്മാർ, ശ്ലീഹന്മാർ, മൽപ്പാൻമാർ, ശക്തി പ്രവൃത്തിക്കുന്നവർ, സൗഖ്യത്തിന്റെ ദാനങ്ങൾ നല്കുന്നവർ എന്നിവരെ സൂചിപ്പിക്കുന്നു. ഏഴു വിഗ്രഹങ്ങളെ ആരാധിക്കുകയും ഏശാവിന്റെ മക്കൾക്ക് സദൃശ്യരായിത്തീരുകയും ചെയ്ത സ്വന്തജനത്തിൽനിന്നും രക്ഷപെടുവാൻവേണ്ടി ദാവീദ് ദൈവത്തോടു യാചിച്ചു. പലസ്തീൻ പർവ്വതത്തിൽ ഇസബ്ബേലിന്റേയും, ബേലാത്തിയുടേയും, വിഗ്രഹങ്ങളുടെ മുമ്പാകെ വസ്ത്രമുരിഞ്ഞ് പുരുഷന്മാരും സ്ത്രീകളും ഏഴുപ്രാവശ്യം ചുറ്റിനടന്ന് അശുദ്ധിപ്പെടുത്തിക്കൊണ്ടിരുന്നു. ശ്ലേമൂൻ അട്ടഹസിച്ചുകൊണ്ട് 'ജ്ഞാനത്തിന്റെ സമുദ്രമായ അവൾക്ക് ഈ ലോകമാകുന്ന ഭവനം പണിതു. അതിൽ മാലാഖയും, ആകാശവും, പ്രകാശവും, ചതുർഭൂതങ്ങളും ആകുന്ന ഏഴുതൂണുകൾ നിർത്തുകയും ചെയ്തു' എന്നു പറഞ്ഞു. സഖറിയാ പ്രസംഗിച്ചുകൊണ്ട് 'കർത്താവിന്റെ ഏഴു കണ്ണുകൾ ഭൂമിയൊക്കെയിലും ആത്മാവിന്റെ വ്യാപാരങ്ങൾ സൂക്ഷിച്ചുനോക്കുന്നു. അവയിൽ സെരുബ്ബാബേലിനടുത്ത എല്ലാ കല്ലുകളിലും പൂർണ്ണമായി കണ്ണുകൾ തുറക്കപ്പെട്ടും അലംകൃതമായും ഇരിക്കുന്നു' എന്നുപറഞ്ഞു. 'അതിനെ മേയിക്കുവാൻ ഏഴ് ഇടയന്മാരെ കർത്താവ് യിസ്രായേലിനു നിയമിക്കും' എന്ന് മീഖാ പ്രവാചകൻ പ്രവചിച്ചു പറഞ്ഞു. ദാനിയേൽ പ്രവാചകൻ ഏഴ് ആഴ്ചവട്ടങ്ങളെക്കുറിച്ച് അവയിൽ കടങ്ങൾ തീർക്കുകയും പാപങ്ങൾ ക്ഷമിക്കുകയും ചെയ്യണം എന്ന് വെളിവായി പറഞ്ഞു. എന്തെന്നാൽ ജീവന്റെയും സമാധാനത്തിന്റെയും രാജാവായ മ്ശീഹാ വരുവാനിരിക്കുന്നു എന്നു പറഞ്ഞു. പരിപാകതയുള്ളവളും വിശ്വാസിനിയുമായ ശ്മൂനി എന്ന സ്ത്രീ തന്റെ ഏഴുമക്കളെ കാഴ്ചയണച്ചു. സൃഷ്ടിയിലേക്കു വരുവാനിരിക്കുന്ന പാപപരിഹാര യാഗത്തെക്കുറിച്ച് സൂചിപ്പിച്ചു. സകല പുണ്യവാന്മാരും നീതിമാന്മാരും ജഡത്തിലുള്ള നിന്റെ വ്യാപാരത്തിന്റെ മഹനീയ രഹസ്യത്തെ സൂചിപ്പിച്ചിരുന്നു. നിന്റെ വെളിപാടിനെ അവർ കാംക്ഷിച്ചിരുന്നു. നിന്റെ പ്രസംഗകനായ മോർ യൂഹാനോന്റെ ഗർഭോത്പാദനത്തെപ്പറ്റി പാപപരിഹാരപ്പെരുന്നാളിന്റെ ഏഴാം മാസം അറിയിക്കപ്പെട്ടു. ഏഴിനുമീതെ പ്രയാണം ചെയ്യുന്ന മോശൈക ന്യായപ്രമാണം ഇരട്ടിയായി മാസങ്ങളേയും ദിവസങ്ങളേയും ചുറ്റുന്നു. ശുദ്ധീകരണത്തിനായി ഏഴ് സ്നാനങ്ങൾ നല്കപ്പെട്ടു. യിസ്രായേൽ ജനത്തിൽ ഏഴു വേദവിപരീതങ്ങൾ മുളച്ചുവന്നു. പാപി അനുതപിച്ചാൽ ഏഴേഴ് എഴുപത് പ്രാവശ്യം ക്ഷമിക്കണമെന്ന് പ. ശ്ളീഹാ എഴുതി.

ഏഴ് അപ്പത്താൽ നാലായിരം പേർ പുലർത്തപ്പെട്ടു. ശേഷിച്ചവ ഏഴു കുട്ടകൾ നിറയെ ശേഖരിച്ചു. മഗ്ദലക്കാരിയിൽനിന്നും ഏഴു ഭൂതങ്ങളെ ബഹിഷ്ക്കരിച്ചു. സ്ക്കീഫായിൽ നമ്മുടെ കർത്താവ് ഏഴു വചനങ്ങളെ സംസാരിച്ചു. തന്റെ ക്രൂശാരോഹണ സമയത്ത് അതിശയനീയമായ ഏഴ് അദ്ഭുതങ്ങൾ പ്രവർത്തിച്ചു. ലോകമൊക്കെയുടെ മേലും അന്ധകാരം വ്യാപിച്ചു. വാതിൽ മറ കീറപ്പെട്ടു. ഭൂമി കുലുങ്ങി. പാറകൾ പിളർന്നു. കബറുകൾ തുറക്കപ്പെട്ടു. മ്ശീഹോയുടെ വിലാവിൽനിന്നും രക്തവും വെള്ളവും തുള്ളിതുള്ളിയായി ഒഴുകി. ഏഴു പെരുന്നാളുകളാൽ രക്ഷാകരമായ വ്യാപാരത്തെ നിറവേറ്റി. യൽദോ, ദനഹാ, ഊശാനാ, പെസഹാ, സ്കീഫൂസാ, ക്യംതോ, സുലോക്കോ എന്നിവ തന്നെ. ഏഴു സഹോദരന്മാർക്ക് തിബെര്യാസ് കടൽത്തീരത്തുവച്ച് കാണപ്പെട്ടു. തന്റെ ഉയർപ്പിനെപ്പറ്റി അവരെ ഉറപ്പിച്ചു. ഉയർപ്പിന്റെ ഏഴാമത്തെ ആഴ്ചയിൽ വിശുദ്ധ റൂഹായെ സകല ശിഷ്യന്മാരുടെമേലും അയച്ചു. ഏഴു ഭാഷകളാൽ അവരെ വിജ്ഞാനികളാക്കി പ്രശോഭിപ്പിച്ചു. ശ്ലൈഹീക വചനം സാക്ഷിക്കുന്ന പ്രകാരം ഇസ്രയേൽ മക്കളിൽനിന്നും ബഹുമാന്യമായ ഏഴ് ആത്മാക്കളെ എടുത്ത് യോഗ്യതയുള്ള ജാതികൾ അവയെ സ്വീകരിപ്പാൻ തക്കവണ്ണം ഭരമേല്പിച്ചു. യിസ്രായേൽ മക്കളിൽനിന്നും പ്രവാചകനായ മൂശെ പുറത്താക്കിയ ഏഴ് അശുദ്ധാത്മാക്കൾ മ്ശീഹോയുടെ സ്കീഫൂസോയുടെ നാഴികയിൽ മടങ്ങിവരികയും, ശൂന്യവും അടിച്ചുവാരി അലങ്കരിക്കപ്പെട്ടതുമായ യൂദജനത്തെ കണ്ടെത്തി അവരിൽ പ്രവേശിക്കുകയും ചെയ്തു. ഉയർത്തെഴുന്നേല്പിൽ വിശ്വസിച്ച അന്യജാതിക്കാരായ ജനങ്ങളിൽ അവർ ആശ്വാസം കണ്ടെത്തിയില്ല. കർതൃ സുവിശേഷത്തിനു വിധേയപ്പെട്ട സഹോദരങ്ങളുടെയും വിധവമാരുടെയും ശുശ്രൂഷയ്ക്കായി പുതിയതായ സഭയിൽ പരിശുദ്ധ ശ്ലീഹന്മാർ ഏഴു ശെമ്മാശന്മാരെ നിയമിച്ചു. പ്രവാചക വചന പ്രകാരം ഏഴാമത്തെ ആഴ്ചവട്ടത്തിൽ വിശുദ്ധ പട്ടണത്തിൽ വച്ച് മ്ശീഹോ കൊല്ലപ്പെട്ടു. വിശുദ്ധപട്ടണം നശിപ്പിക്കപ്പെട്ടു. ജാതികളുടെ ഇടയിൽ അത് ലജ്ജയും ആക്ഷേപവും പരിഹാസവും ആയിത്തീർന്നു. എസ്ഫി-സീ-യാസോസിന്റെ പുത്രനും രാജാക്കന്മാരിൽ ഏഴാമനുമായ തീത്തൂസ് എന്ന റോമാക്കാരൻ, ക്രൂശകിയായ പട്ടണത്തിൽ വലിയ ശക്തിയോടെ പ്രവേശിച്ച് അതിനെ നശിപ്പിക്കുകയും, നാല് മാസം അതിനെ ബന്ധിക്കുകയും, മേടമാസം മുതൽ ചിങ്ങമാസം വരെ അതിനെ നിരോധിക്കുകയും ചെയ്തു. അതിൽ 6000 പേർ കൊല്ലപ്പെട്ടു. പതിനായിരം പേർ അടിമകളായി. ഒരു ലക്ഷം പേർ പട്ടിണി കിടന്നു മരിച്ചു. 'നിന്റെ ശത്രുക്കൾ നിന്റെ ചുറ്റും വളഞ്ഞ് നിന്റെ മക്കളെ നിന്റെ ഉള്ളിൽ നശിപ്പിക്കുന്നതിനുള്ള നാളുകൾ വരുന്നുവെന്ന് പറയപ്പെട്ടിട്ടുള്ളത് അതിൽ നിറവേറി.



ആകയാൽ കാരുണ്യവാനായ കർത്താവേ! രക്ഷാകരമായ നിന്റെ ഉയർപ്പിന്റെ ഈ നാളിൽ ഞങ്ങൾ നിന്നോടപേക്ഷിക്കുന്നു. നിന്റെ ദൈവത്വത്തിന്റെ ആശ്വാസത്തിനായി ഞങ്ങൾ അണയ്ക്കുന്ന ഈ പരിമളധൂപത്തെ പ്രതി ഈ ആഴ്ചവട്ടത്തിന്റെ അവസാനത്തിൽ ഞങ്ങളുടെ ആദ്യാവകാശത്തിലേക്ക് ഞങ്ങളെ തിരിപ്പിക്കേണമെ. ഈ ഞങ്ങളുടെ ഏഴാം ദിവസത്തിന്റെ അവസാനത്തിൽ നിനക്ക് പ്രസാദകരമായ ഉത്തമ അവസാനത്തിനും നിന്നെ നിരപ്പാക്കുന്ന പൂർണ്ണ മോചനത്തിനും ഞങ്ങളെ യോഗ്യരാക്കണമെ. പ: റൂഹായുടെ ഏഴ് വ്യാപാരങ്ങളാൽ ഞങ്ങളെ അലങ്കരിക്കണമേ. ശ്രേഷ്ഠമായ രംഗസ്ഥലത്തുള്ള ഏഴാമത്തെ ഓട്ടത്തെ ഞങ്ങൾ പൂർത്തീകരിക്കുമാറാകണമെ. എട്ടാം ദിവസം ജീവന്റെ തുറമുഖത്തേയ്ക്ക് ഞങ്ങൾ എത്തിച്ചേരുമാറാകണമെ. ഹീനമായ വേദവിപരീതങ്ങളിൽനിന്നും ഞങ്ങൾ രക്ഷപെടുകയും അനുതാപത്താൽ ഞങ്ങളെല്ലാവരും കാത്തുകൊള്ളപ്പെടുകയും ചെയ്യണമെ. ജീവൻ നിറഞ്ഞ നിന്റെ വചനത്താൽ ഞങ്ങൾ പുലർത്തപ്പെടുകയും, ദുരാത്മാക്കളിൽനിന്നും ഞങ്ങൾ സ്വതന്ത്രരാക്കപ്പെടുകയും ചെയ്യണമെ. രക്ഷാകരമായ നിന്റെ ഉയർപ്പിനെ ഞങ്ങൾ സ്തോത്രം ചെയ്യുകയും, ഞങ്ങളെ അടിമപ്പെടുത്തുന്ന ക്രൂരന്മാരിൽനിന്നും ഞങ്ങളെ രക്ഷിക്കുകയും ചെയ്യണമെ. കരുണയില്ലാത്ത യജമാനന്മാരുടെ കൈകളാൽ ഞങ്ങൾ അടിമകളാക്കപ്പെടരുതെ. കർത്താവേ! ഞങ്ങളുടെയിടയിൽ നിന്നും വാങ്ങിപ്പോയിരിക്കുന്ന ഞങ്ങളുടെ മാതാപിതാക്കന്മാരും ഗുരുക്കന്മാരും സഹോദരന്മാരുമായവരെ ഭാഗ്യങ്ങളുടെ അറയിൽ എന്നേക്കും ആശ്വസിപ്പിക്കണമെ. ഞങ്ങൾ നിനക്കും നിന്റെ പിതാവിനും നിന്റെ പരിശുദ്ധ റൂഹായ്ക്കും സ്തുതിയും..... ഹോശോ..... മൊലോഹോ.....

## എത്രോ

ഞങ്ങളുടെ ഉടയവനായ കർത്താവേ! അവിടുത്തെ ശ്രേഷ്ഠതയ്ക്ക് പുണ്യവാന്മാരും, നീതിമാന്മാരും അർപ്പിച്ച ബലികളെയും കാഴ്ചകളെയും കൈക്കൊള്ളുകയും അവയിൽ തിരുവുള്ളം പ്രസാദിക്കുകയും ചെയ്തുവല്ലോ. ഇപ്പോൾ ദൈവമായ കർത്താവേ! നിന്റെ ഉയർപ്പ് ദിനത്തിൽ പ: സഭ നിനക്കർപ്പിക്കുന്ന ധൂപത്തിൽ പ്രസാദിച്ച് അതിനെ കൈക്കൊള്ളണമെ. കർത്താവും എന്നേയ്ക്കും ഞങ്ങളുടെ ദൈവവും ജീവന്റെ പ്രത്യാശയുമായ മ്ശീഹാ തമ്പുരാനേ! അതിന്റെ സൗരഭ്യ

വാസനയോടുകൂടെ അവിടുത്തെ നിറവുള്ളതും, ധന്യവുമായ ശ്രീഭ ണ്ഡാരത്തിൽനിന്ന് കരുണയും മനോഗുണവും ഞങ്ങളുടെമേൽ സദാ എന്നേക്കും വന്നുചേരുമാറാകണമെ മോറാൻ വാലോഹാൻ ല ഒൽമീൻ.

### ഹൂത്തോമ്മോ

കർത്താവേ! ഞങ്ങളുടെ പുകഴ്ച നിന്റെ ആശ്വാസത്തിനായി ഭവിക്കണമെ. ഞങ്ങളുടെ ബലഹീന യാചനകളിൽ തിരുഹിതം ആശ്വ സിക്കണമേ. ഞങ്ങളുടെ പ്രാർത്ഥനകൾ നിന്നോടുള്ള അപേക്ഷയായി ഭവിക്കണമെ. ഞങ്ങളുടെ അഭ്യർത്ഥനകൾ നിന്റെ ശ്രേഷ്ഠതയുടെ മുമ്പാകെ അംഗീകാരയോഗ്യമായിത്തീരണമേ. ഈ നാഴികയിലും നിന്റെ മനുഷ്യാവതാര നടപടികളുടെ എല്ലാ പെരുനാളുകളിലും, സമയ ങ്ങളിലും നിന്റെ കൃപയാൽ ഞങ്ങൾ സഹായിക്കപ്പെടുകയും, നിന്റെ സഹായങ്ങളാൽ തുണയ്ക്കപ്പെടുകയും നിന്റെ തിരുശരീര രക്തങ്ങൾ മുഖാന്തിരം ഞങ്ങൾ പുണ്യപ്പെടുകയും, നിന്റെ തിരുമുമ്പാകെ കരു ണയും മനോഗുണവും ദർശിക്കുകയും ചെയ്യുമാറാകണമേ. ഹോശോ വബ്ഖുൽസ്ബാൻ ലഒൽമ്മീൻ. ആമ്മീൻ.

# പരിശുദ്ധന്മാരുടെ പ്രുമിയൂൻ

## പരിശുദ്ധ ഏലിയാസ് തൃതീയൻ പാത്രീയർക്കീസ് ബാവായുടെ ഓർമ്മ

### പ്രുമിയോൻ

പരിശുദ്ധ മോറാൻ മാർ ഇഗ്നാത്തിയോസ് ഏലിയാസ് ത്രിതീയൻ പാത്രിയർക്കീസ് ബാവായെ മാതൃ ഉദരത്തിൽവച്ചു തന്നെ പേരുചൊല്ലി വിളിക്കുകയും ദൈവാത്മാവിനാൽ നിറയ്ക്കുകയും തന്റെ മുന്തിരിത്തോ പ്പിൽ അവകാശിയാക്കി പരി. സഭയ്ക്ക് അനുഗ്രഹമാക്കിത്തീർത്ത കർത്താവിനു സ്തുതി. നാസറി എന്ന ശിശുവിന്റെ ബാലാരിഷ്ടതമൂലം വലഞ്ഞ അദ്ദേഹത്തെ മാതാപിതാക്കൾ കുർക്കുമ ദയറായിലേക്ക് നേർച്ചയായി നൽകുകയും അത്ഭുതകരമായി രോഗശാന്തി നേടുകയും ചെയ്തു. അദ്ദേഹം ഉത്തമ ദയറാക്കാരനായും ദയറാധിപനായും മെത്രാ പ്പോലീത്താ ആയും പിന്നീട് പരിശുദ്ധ സഭയുടെ പാത്രിയർക്കീസായും തീർന്നത് ദൈവനിശ്ചയമായിരുന്നു. ദൈവമായ കർത്താവ് ബാല്യ ത്തിൽ തന്നെ തന്റെ ഭക്തനെ തിരഞ്ഞെടുക്കുകയും തിരുവിഷ്ടമായ പ്രകാരം പരിശുദ്ധ സഭയുടെ അജപാലകനായി വിശുദ്ധ അന്ത്യോഖ്യ സിംഹാസനത്തിന്മേൽ നിയമിച്ചാക്കുകയും ചെയ്തു. സമാധാനപ്രിയ നായ അദ്ദേഹത്തെ “സമാധാനം ഉണ്ടാക്കുന്നവർ ഭാഗ്യവാന്മാർ അവർ ദൈവത്തിന്റെ പുത്രന്മാർ എന്നു വിളിക്കപ്പെടും” എന്ന കർതൃവചനമനു സരിച്ച് ഈ ദേശത്തേക്ക് വിശുദ്ധ റൂഹാ അദ്ദേഹത്തെ നയിച്ചു. അത്യു ന്നതങ്ങളിൽനിന്നും ഉള്ള സമാധാനം തന്റെ തിരുവവതാരംമൂലം സംസിദ്ധമാക്കിത്തീർത്ത ദൈവപുത്രനെപ്പോലെ അദ്ദേഹം പ്രവർ ത്തിച്ചു. സമാധാനത്തെപ്രതി ശാന്തിയുടെ ത്രോണോസിന്മേൽ തന്റെ ജീവനെ കാഴ്ചയായി അർപ്പിച്ചു. അദ്ദേഹത്തിന്റെ ഓർമ്മദിവസത്തിൽ

ആകാശവും ഭൂമിയും മാലാഖമാരുടെയും മനുഷ്യരുടെയും ഹാലേലുയ്യാ ഗീതികളാൽ മുഖരിതമാകുവാനും അദ്ദേഹത്തിന്റെ മദ്ധ്യസ്ഥതയാൽ രോഗങ്ങളും വ്യാധികളും പൈശാചിക ശക്തികളും നീങ്ങിപ്പോകുവാനും ഇടയാക്കിയ കർത്താവിനു സ്തുതി. തനിക്ക് പരിശുദ്ധ പിതാവിന്റെ ഓർമ്മ നടത്തുന്ന ഈ സമയത്തും സകല പെരുന്നാളുകളിലും...... ബ്കുല്ഹൂൻ യൗമോസോ ദ്ഹായായ്ൻ ല്ഗൽമീൻ

## സെദ്റാ

മനുഷ്യരെ ദൈവീകരാക്കിത്തീർക്കുവാൻവേണ്ടി സ്വർഗ്ഗം ചായിച്ച് ഇറങ്ങിവന്ന ഞങ്ങളുടെ മ്ശിഹാതമ്പുരാനേ! നിനക്കു സ്തുതി, നിനക്കു സ്തോത്രം. നീ മനുഷ്യാവതാരം ചെയ്യുകയും മനുഷ്യർക്ക് രക്ഷാമാർഗ്ഗം കാണിച്ചുകൊടുക്കുകയും ചെയ്തു. വഴിയും സത്യവും ജീവനുമായ നിന്നെ പിൻചെല്ലുവാൻ നിന്റെ ശിഷ്യന്മാർക്ക് നീ ആജ്ഞ നൽകി. അവർ സ്വന്തദേശത്തെയും കുടുംബത്തെയും സ്വന്തശരീരത്തെ തന്നെയും കാര്യമായി പരിഗണിക്കാതെ തങ്ങളുടെ ക്രൂശുമെടുത്തു നിന്നെ പിന്തുടർന്നു. നീ ക്രൂശിലേക്കു ഉയർത്തപ്പെട്ടതിനുശേഷം എല്ലാവരെയും നിങ്കലേക്ക് ആകർഷിച്ചു. "അവങ്കലേക്കു നോക്കിയവർ പ്രകാശിതരായി. അവരുടെ മുഖം ലജ്ജിച്ചില്ല" എന്നുള്ള ദാവീദിന്റെ സങ്കീർത്തനം അവരിൽ അന്വർത്ഥമായി. അവർ നിന്നെ സ്നേഹിക്കുകയും രക്തത്തോളം നിനക്ക് സാക്ഷികളായിത്തീരുകയും ചെയ്തു.

മനുഷ്യസ്നേഹിയായ കർത്താവേ! പൗരസ്ത്യസഭയിൽ ഭിന്നത വർദ്ധിച്ചപ്പോൾ സമാധാനം ഉണ്ടാക്കുവാൻവേണ്ടി ഇന്ന് ആരുടെ ഓർമ്മ ഞങ്ങൾ കൊണ്ടാടുന്നുവോ ആ പരിശുദ്ധ മോറാൻ മോർ ഇഗ്നാത്തിയോസ് ഏലിയാസ് ത്രിതീയൻ ബാവായെ നീ നിയോഗിച്ച് അയച്ചു. യാത്ര ദുഷ്ക്കരമായിരുന്ന ആ കാലഘട്ടത്തിൽ കടലും കരയും താണ്ടി തന്റെ ഹൃദ്രോഗത്തെ വകവയ്ക്കാതെ യാത്രചെയ്യുകയും വിവിധ സ്ഥലങ്ങൾ സന്ദർശിക്കയും സമാധാനത്തിനായി ഉത്സാഹിക്കുകയും ചെയ്തു. വഞ്ചനയും കാപട്യവും നിറഞ്ഞ സമൂഹം അദ്ദേഹത്തിന്റെ നല്ല ആലോചനകൾക്കെതിരായി നിൽക്കുകയും ധിക്കാരികളായി മാറുകയും ചെയ്തപ്പോൾ മനോവേദനയോടെ "എന്റെ ആത്മാവിനെ ഞാൻ നിന്റെ തൃക്കരങ്ങളിൽ ഭരമേൽപ്പിക്കുന്നു" എന്നു തന്റെ നാഥനെപ്പോലെ പ്രാർത്ഥിച്ചുകൊണ്ട് ഇമ്പങ്ങളുടെ പറുദീസായിലേക്കു യാത്രയായി. അതൊരു വെള്ളിയാഴ്ച ദിവസമായിരുന്നു. ഒമ്പതാം മണി സമയമായപ്പോൾ അന്തരീക്ഷം കാർമേഘാവൃതമാകുകയും ദേശമെല്ലാം പരിമളവാസന വീശുകയും ചെയ്തു. തന്റെ ഭക്തനെ കൂട്ടിക്കൊണ്ടു പോകുവാൻ ദൈവപുത്രൻ മാലാഖമാരുടെയും സിദ്ധന്മാരുടെ ആത്മാക്കളുടെയും അകമ്പടിയോടെ വാനമേഘങ്ങളിൽ പറന്നെത്തി. ദേശമെല്ലാം പനിമഞ്ഞു പെയ്തു. ജീവിച്ചിരുന്ന പിതാക്കന്മാർ ധൂപാർപ്പണം നടത്തുകയും ജനസമൂഹം പ്രാർത്ഥിക്കുകയും ചെയ്യുമ്പോൾ പരിശുദ്ധന്റെ ആത്മാവിനെ പിതാവാം ദൈവം വാഴ്ത്തുകയും ദൈവപുത്രൻ ആഘോഷത്തോടെ സ്വീകരിക്കുകയും പരിശുദ്ധ റൂഹാ ശോഭിതമായ മേലങ്കി ധരിപ്പിക്കുകയും ചെയ്തു. പരിശുദ്ധന്റെ വേർപാടിൽ പ്രകൃതി സംഭ്രമിക്കുകയും എല്ലാ ദേശത്തുനിന്നും ആളുകൾ എത്തിച്ചേരുകയും ചെയ്തു. സ്വർഗ്ഗീയരുടെയും ഭൗമികരുടെയും ഈറേന്മാരുടെയും മനുഷ്യരുടെയും സ്തുതിപ്പുകളോടെ പരിശുദ്ധന്റെ ഭൗതിക ശരീരത്തെ മഞ്ഞിനിക്കര കുന്നിൽ നിക്ഷേപിച്ചു. പരിശുദ്ധ പെത്രോസിന്റെ പിൻഗാമിയായ ഈ പരിശുദ്ധ പിതാവിനെ അന്നുമുതൽ ഇന്നോളം ലോകം ആദരവോടെ നോക്കിക്കാണുന്നു. താപസ്സവീരനായിരുന്ന അദ്ദേഹത്തെ ആദരിച്ചുകൊണ്ട് കാൽനടയായി മഴയും മഞ്ഞും വെയിലും സഹിച്ച് ദിവസങ്ങൾ യാത്രചെയ്ത് ആയിരങ്ങളും പതിനായിരങ്ങളും പരിശുദ്ധ കബറിങ്കൽ എത്തിച്ചേരുന്നു. നിസ്വാർത്ഥമായി പരിശുദ്ധന്റെ മദ്ധ്യസ്ഥത യാചിച്ചവരെല്ലാം അനുഗ്രഹം പ്രാപിക്കുന്നു.



ആകയാൽ ദൈവമായ കർത്താവെ! അവിടുത്തെ വിശുദ്ധതയുടെ മുമ്പാകെ നിൽക്കുവാൻ അടിയങ്ങൾ അയോഗ്യരാകയാൽ പരിശുദ്ധനായ മോറാൻ മോർ ഇഗ്നാത്തിയോസ് ഏലിയാസ് ത്രിതീയൻ ബാവായെ ഞങ്ങൾ മദ്ധ്യസ്ഥനായി നിർത്തുന്നു. കാരുണ്യവാനായ കർത്താവെ! നിന്നോടു ഞങ്ങൾ അപേക്ഷിക്കുന്നു. ഇടയന്മാരുടെ ഇടയനും പിതാക്കന്മാരുടെ പിതാവും ദയാറാക്കാരുടെ അധിപനും പരിശുദ്ധ സഭയുടെ ദൃശ്യതലവനുമായിരുന്ന മോറാൻ മാർ ഇഗ്നാത്തിയോസ് ഏലിയാസ് ത്രിതീയൻ ബാവായുടെ നന്മകളെ വർണ്ണിപ്പാൻ ആർക്കു കഴിയും? അദ്ദേഹത്തിന്റെ മദ്ധ്യസ്ഥതയിൽ അഭയപ്പെട്ടുകൊണ്ട് ഞങ്ങൾ അപേക്ഷിച്ചു പറയുന്നു: തന്റെ ധന്യമായ ജീവിത സാക്ഷ്യം കൊണ്ട് തന്റെ നാഥനായ മ്ശിഹായെ പ്രസാദിപ്പിച്ച പരിശുദ്ധ മോറാൻ മാർ ഇഗ്നാത്തിയോസ് ഏലിയാസ് ത്രിതീയൻ ബാവായേ! ഞങ്ങൾക്കുവേണ്ടി അപേക്ഷിക്കേണമെ. ഇടയന്മാരുടെ ഇടയനായ പരിശുദ്ധ ബാവായേ! ഞങ്ങൾക്കുവേണ്ടി അപേക്ഷിക്കണമെ. കരുണയുടെ വാതിലും രോഗികൾക്കും വിവിധ പ്രയാസങ്ങളിലിരിക്കുന്നവർക്കും ആശാകിരണമായിരിക്കുന്ന പരിശുദ്ധ ബാവായേ! ഞങ്ങൾക്കു

വേണ്ടി അപേക്ഷിക്കണമെ. തന്നോട് അപേക്ഷിക്കുന്നവരെ കൈവെടിയാത്ത പരിശുദ്ധ ബാവായേ! ഞങ്ങൾക്കുവേണ്ടി അപേക്ഷിക്കണമെ. തന്റെ നാഥന്റെ ശ്രീഭണ്ഡാരത്തിന്റെ മേലധികാരിയായി നിയമിക്കപ്പെട്ടിരിക്കു പരിശുദ്ധ ബാവായേ! ഞങ്ങൾക്കുവേണ്ടി അപേക്ഷിക്കണമെ. പുതിയനിയമ ഇസ്രായേലിന് പകൽ മേഘസ്തംഭവും രാത്രി അഗ്നിത്തൂണുമായി മഞ്ഞിനിക്കരയിൽ നിലകൊള്ളുന്ന പരിശുദ്ധ ബാവായേ! ഞങ്ങൾക്കുവേണ്ടി അപേക്ഷിക്കണമെ. കണ്ണുനീർ തൂകുന്ന മനുഷ്യ ഹൃദയങ്ങളെ താലോലിച്ച് ആശ്വസിപ്പിക്കുന്ന പരിശുദ്ധ ബാവായേ! ഞങ്ങൾക്കുവേണ്ടി അപേക്ഷിക്കണമെ. ശെമവൂന്റെ പടകിന്റെ ശ്രേഷ്ഠ മാലുമി ആയ പരിശുദ്ധ ബാവായേ! ഞങ്ങൾക്കുവേണ്ടി അപേക്ഷിക്കണമെ.

വീണ്ടും ഞങ്ങൾ മ്ശിഹാതമ്പുരാന്റെ തോഴന് ഭാഗ്യം ആശംസിച്ചു പറയുന്നു: പരിശുദ്ധ അന്തോഖ്യാ സിംഹാസനത്തിൽ ശോഭിതനായി വാണ പരിശുദ്ധ പെത്രോസിന്റെ യഥാർത്ഥ പിൻഗാമിയേ! നിനക്കു ഭാഗ്യം. മ്ശിഹാ തമ്പുരാന്റെ പ്രധാനാചാര്യത്വത്തിന്റെ ഉത്തമ മാതൃകയായുള്ളോവേ! നിനക്കു ഭാഗ്യം. മഹാപ്രധാനാചാര്യത്വത്തിന്റെ മാർ പതക്കത്തിന്മേൽ പതിക്കപ്പെട്ട ഉത്തമ മാണിക്യരത്നമേ! നിനക്കു ഭാഗ്യം. വിശ്വാസികളുടെ പിതാവായ ആബൂൻ അബ്രഹാമിന്റെ ഭവനാവകാശിയായ പരിശുദ്ധ ബാവായേ! നിനക്കു ഭാഗ്യം. അദ്ദേഹത്തിന്റെ ഭാഗ്യം അവസാനിക്കുന്നില്ല. കർത്താവേ! പരിശുദ്ധ ബാവായുടെ പ്രാർത്ഥനകളാൽ ഞങ്ങൾക്കു പാപമോചനവും ശുദ്ധീകരണവും നൽകേണമെ. സഭയിലും മക്കളിലും യഥാർത്ഥ സമാധാനം വസിപ്പിക്കേണമെ. ലോകമെങ്ങും ശാന്തിയും സമാധാനവും നിലനിർത്തേണമെ. അവിടുത്തെ തിരുനാമം അറിയാത്ത കിരാത ജാതികളിൽനിന്ന് സഭയെ രക്ഷിക്കേണമെ. അദ്ദേഹത്തിന്റെ പ്രാർത്ഥനകളാൽ യുദ്ധങ്ങൾ നീങ്ങിപ്പോകേണമെ. ഭിന്നതകൾ ഇല്ലാതായിത്തീരുകയും തർക്കങ്ങൾ ശമിക്കുകയും പിശാചുക്കൾ അകന്നുപോകുകയും പരീക്ഷകളിൽനിന്ന് ഞങ്ങൾ വീണ്ടുകൊള്ളപ്പെടുകയും ചെയ്യണമെ. അദ്ദേഹത്തിന്റെയും ശ്ലീഹന്മാരുടെ തലവനായ മോർ പത്രോസിന്റെയും സകല പരിശുദ്ധന്മാരുടെയും ശുദ്ധിമതികളുടെയും പ്രാർത്ഥനകളാൽ തിരുരക്തത്താൽ വീണ്ടെടുക്കപ്പെട്ട വിശുദ്ധസഭയിൽ നിത്യമായ ശാന്തിയും സമാധാനവും ഉണ്ടാകുമാറാകേണമെ. ഇദ്ദേഹത്തിന്റെ പ്രാർത്ഥനയാൽ ആചാര്യന്മാർക്കു വിശുദ്ധിയും, ശെമ്മാശന്മാർക്ക് നൈർമ്മല്യവും, ഭരണാധിപന്മാർക്ക് നല്ല മനഃസാക്ഷിയും, ധനവാന്മാർക്ക് കരുണയും, ദരിദ്രന്മാർക്ക് പോഷണവും, വൃദ്ധജനങ്ങൾക്ക് താങ്ങലും, ക്ഷീണിതർക്ക് ബലവും, പുരുഷന്മാർക്ക് വിശ്വാസതീഷ്ണതയും, സ്ത്രീകൾക്ക് സഹനശക്തിയും വിശുദ്ധ നടപടികളും, യുവാക്കൾക്ക് സംയമനവും, പൈതങ്ങൾക്കും ശിശുക്കൾക്കും ആത്മീയ വളർച്ചയും പോഷണവും, താപസന്മാർക്ക് വിശുദ്ധ ജീവിതവും, പാപികൾക്ക് മാനസാന്തരവും, ദൂരസ്ഥർക്ക് സമാധാനത്തോടെയുള്ള തിരിച്ചുവരവും, പീഡിതർക്ക് ആശ്വാസവും മനോധൈര്യവും, നൽകേണമെ. ഞങ്ങളുടെ മാതാപിതാക്കന്മാരും സഹോദരങ്ങളുമായ വിശ്വാസികളായ സകല പരേതർക്കും പരിശുദ്ധ പിതാവിനോടുകൂടെയുള്ള വാസം നൽകേണമെ. വലതുഭാഗത്തുള്ളവരെയും ഇടതുഭാഗത്തുള്ളവരെയും ന്യായം വിധിപ്പാൻ നീ എഴുന്നള്ളിവരുന്ന ആ മഹാദിവസത്തിൽ ഞങ്ങളും അവരും പരിശുദ്ധ പിതാവിനോടു ചേർന്ന് നിന്റെ വലതുഭാഗത്തു നിന്നുകൊണ്ട് നിനക്കും നിന്റെ പിതാവിനും നിന്റെ വിശുദ്ധറൂഹായ്ക്കും സ്തുതിയും സ്തോത്രവും ഇപ്പോഴും എപ്പോഴും എന്നേക്കും കരേറ്റുമാറാകേണമെ. ഹോശോ



## കോതമംഗലത്ത് കബറടങ്ങിയിരിക്കുന്ന പരിശുദ്ധ യൽദോ മോർ ബസ്സേലിയോസ് ബാവാ (ശ്രേഷ്ഠ കാതോലിക്കാബാവാ തയ്യാറാക്കിയത്)

### സന്ധ്യയുടെ

### സ്ലൂസോ

കാരുണ്യവാനായ കർത്താവേ! നിന്റെ മഹാ പുരോഹിതനും പരിശുദ്ധനുമായ യൽദോ മാർ ബസ്സേലിയോസ്സ് ബാവായുടെ ഓർമ്മ ദിവസത്തെ ആദരവോടും, വെടിപ്പോടുംകൂടി കൊണ്ടാടുവാൻ ആ പരിശുദ്ധ പിതാവിന്റെ സത്യവിശ്വാസത്തിൽ നിലനിന്നുപോരുന്ന പരിശുദ്ധസഭയുടെ മക്കളായ ഞങ്ങൾക്കു യോഗ്യത നൽകുമാറാകണമേ. ലോകമോദങ്ങളെ പരിപൂർണ്ണമായി ത്യജിച്ച് കുരിശെടുത്ത് നിന്നെ അനുഗമിച്ചതിനാൽ അവനെ നീ ബഹുമാനിക്കുകയും, മഹാപൗരോഹിത്യ സ്ഥാനത്തേക്ക് നീ വിളിച്ച് നിയോഗിക്കുകയും നല്ല ഇടയനെപ്പോലെ ഭരണം നടത്തി ആടുകൾക്കുവേണ്ടി കഷ്ടപ്പെടുന്ന

തിന് അവനെ പ്രാപ്തനാക്കുകയും ചെയ്തു. ഈ പരിശുദ്ധ പിതാവിന്റെ പ്രാർത്ഥനയാൽ ഞങ്ങൾ തിരുവിഷ്ടമനുവർത്തിച്ച് ജീവിക്കുവാൻ കൃപചെയ്യേണമേ. ഞങ്ങളുടെ കർത്താവും എന്നേക്കും ഞങ്ങളുടെ ദൈവവുമേ! ഞങ്ങളേയും ഞങ്ങളുടെ മരിച്ചുപോയവരെയും ഈ പരിശുദ്ധനോടൊന്നിച്ച് ആനന്ദിക്കുവാൻ യോഗ്യരാക്കിത്തീർക്കണമേ. മോറാൻവാലോഹാൻ.....

## പ്രുമിയോൻ

സകലത്തിന്റെയും ഉടയവനും, കാരുണ്യവാനുമായ ദൈവം തമ്പുരാനേ! നിന്നിൽ ഞങ്ങൾ സങ്കേതം പ്രാപിക്കുകയും, നിന്റെ തിരുനാമത്തെ മഹത്വപ്പെടുത്തുകയും ചെയ്യുന്നു. നിന്റെ പരിശുദ്ധസഭയെപ്രതി ഞങ്ങൾ അടുത്തുവന്ന് നിന്റെ കരുണയ്ക്കായി അപേക്ഷിക്കുകയും പ്രാർത്ഥിക്കുകയും ചെയ്യുന്നു. പരിശുദ്ധ റൂഹായുടെ ശക്തിയാൽ നിന്റെ ശ്ലീഹന്മാരെ ലോകത്തിന്റെ നാനാഭാഗങ്ങളിലേക്കും സ്വർഗ്ഗീയ പ്രതിനിധികളായി നീ അയയ്ക്കുകയും അവർ വഴിയായി പരിശുദ്ധ സഭയെ സത്യവിശ്വാസത്തിൽ വളർത്തുകയും ചെയ്തു. പരിശുദ്ധ യൽദോ മാർ ബസ്സേലിയോസ്സിനെ ശൈശവം മുതലെ തെരഞ്ഞെടുക്കുകയും പുണ്യജീവിതത്തിൽ വളർത്തുകയും സുകൃതങ്ങളാൽ അലങ്കരിക്കുകയും ചെയ്ത് ഈ ദേശത്തേക്കയയ്ക്കുവാൻ കാരുണ്യവാനേ! നിനക്ക് തിരുവിഷ്ടം തോന്നിയല്ലോ. പരിശുദ്ധ യൽദോ മാർ ബസ്സേലിയോസ്സിന്റെ പെരുന്നാൾ സ്വർഗ്ഗത്തിലെ മാലാഖമാരോടും, സകല ശുദ്ധിമാന്മാരോടും ശുദ്ധിമതികളോടും ഒരുമിച്ച് ആഘോഷിക്കുവാൻ ഈ ദിവസത്തിൽ ഞങ്ങളെ യോഗ്യരാക്കണമെ. പിതാവാം ദൈവമേ! നിനക്കും നിന്റെ ഏകജാതനായ പുത്രൻ തമ്പുരാനും, പരിശുദ്ധ റൂഹായ്ക്കും സ്തുതിയും സ്തോത്രവും ഞങ്ങൾ കരേറ്റുന്നു.

## സെദ്റാ

ഞങ്ങളുടെ രക്ഷയ്ക്കുവേണ്ടി ജഡം ധരിച്ച വചനമായ ദൈവമേ! തെരഞ്ഞെടുക്കപ്പെട്ടവനായ പരിശുദ്ധ യൽദോ മാർ ബസ്സേലിയോസിന്റെ മഹത്തരമായ പെരുന്നാളിൽ നിന്റെ കൃപക്ക് അനവരതം സ്തുതിയും സ്തോത്രവും അടിയങ്ങൾ സമർപ്പിക്കുന്നു. അത്യുന്നതനും ബലവാനും ആയ ദൈവം തുമ്പുരാനേ! നിന്നിലും നിന്റെ ഏകജാതനിലും പരിശുദ്ധ റൂഹായിലുമുള്ള വിശ്വാസം പഠിപ്പിക്കുന്നതിനും വിശ്വാസത്തിന്റെ പാതയിൽക്കൂടെ ഞങ്ങളെ നേർവഴി നടത്തുന്നതിനുമായി



നിന്റെ തിരഞ്ഞെടുക്കപ്പെട്ടവനെ, ബലഹീനരായ ഞങ്ങളുടെ അടുക്കലേക്കു നീ കൽപ്പിച്ചയച്ചു. അവിശ്വാസമാകുന്ന വഞ്ചനയിലേക്ക് ഞങ്ങൾ വഴുതിപ്പോകാതിരിപ്പാൻ ആ ശ്രേഷ്ഠാചാര്യനെ നീ കൽപ്പിച്ചു നിയോഗിച്ചു. നിന്റെ ഭാഗ്യവാനായ ആ സത്യഇടയൻ ഇവിടെ എഴുന്നെള്ളിവന്ന് വിശ്വാസത്തിന്റെ പാതയിൽക്കൂടെ ഞങ്ങൾക്ക് നേർവഴി കാണിച്ചുതന്നു. കർത്താവേ! പ്രായാധിക്യത്തിൽ എത്തിയ ആ പരിശുദ്ധനെ നീ നിയോഗിച്ച് അയച്ചതുമൂലം ഇവിടെ നിന്റെ സഭ വളരുകയും, ദേശം അനുഗ്രഹിക്കപ്പെടുകയും ചെയ്തു. സ്വർഗ്ഗത്തിലെ മാലാഖമാരോടും വിശുദ്ധന്മാരോടും സംഘത്തോടും ഒന്നിച്ച് ആ ഭാഗ്യവാനെ പുകഴ്ത്തി ഞങ്ങൾ പാടി പറയുന്നു. സത്യവിശ്വാസികളായ മേൽപ്പട്ടക്കാരുടെയും പട്ടക്കാരുടെയും മൽപ്പാന്മാരുടെയും ദൗർലഭ്യത്താൽ ക്ഷീണിച്ച് തളർന്നിരുന്ന പരിശുദ്ധ സഭയെ ശക്തിപ്പെടുത്തുന്നതിനും നിലനിർത്തുന്നതിനുമായി ദൈവത്താൽ തിരഞ്ഞെടുക്കപ്പെട്ട പരിശുദ്ധനായ മാർ ബസ്സേലിയോസ് യൽദോ ബാവായേ! നീ ഭാഗ്യവാനാകുന്നു. മിസ്രയിമിലേക്ക് വിൽക്കപ്പെട്ടവനായ യൗസേഫ്, പൊത്തിഫേറിന്റെ ഭവനത്തിൽ പ്രവേശിച്ച നാൾ മുതൽ അവന്റെ ഭവനവും, ഭവനത്തിലുള്ളതൊക്കെയും വയലിലെ സസ്യങ്ങളും അനുഗ്രഹിക്കപ്പെട്ടപ്രകാരം അങ്ങയുടെ ആഗമനം മൂലം ഈ ദേശവും പരിശുദ്ധസഭയും അനുഗ്രഹിക്കപ്പെട്ടതിനാൽ പരിശുദ്ധ പിതാവേ! അങ്ങ് ഭാഗ്യശാലിയാകുന്നു. മോശ മരിക്കുന്നതുവരേയും അവന്റെ കണ്ണുമങ്ങാതെയും ശരീരത്തിന്റെ ബലം കുറയാതെയും ഇരുന്നു എന്ന് തിരുവചനത്തിൽ പറയുംപ്രകാരം തന്റെ പ്രായാധിക്യത്തെ മറന്ന് തൊണ്ണൂറ്റി മൂന്നാമത്തെ വയസ്സിൽ കടലും, കരയും, വനവും കടന്ന് ഈ ദേശത്ത് എത്തി ഞങ്ങളെ അനുഗ്രഹിച്ച പരിശുദ്ധ യൽദോ മാർ ബസ്സേലിയോസ് ബാവായെ! അങ്ങ് ഭാഗ്യവാനാകുന്നു. കർമ്മേൽ പർവ്വതത്തിൽ വച്ച് ആഹാബ് രാജാവിന്റെയും ജനത്തിന്റെയും മദ്ധ്യത്തിൽ ഏലിയാ ദീർഘദർശി തീർത്ത യാഗപീഠത്തിന്മേൽ 'അഗ്നി' ഇറങ്ങിയത് അന്നത്തെ ജനം കണ്ട് ദൈവത്തിൽ വിശ്വസിക്കുവാൻ മുഖാന്തിരമായതുപോലെ അങ്ങയുടെ ഭാഗ്യമരണനേരത്ത് സ്ലീബായിന്മേൽ പ്രകാശം കാണുവാൻ തക്കവണ്ണം ദേശത്തിന് അനുഗ്രഹമുണ്ടായി എന്ന പരിശുദ്ധനെ! നീ സൗഭാഗ്യശാലിയാകുന്നു. കണ്ടാലും ലോകാവസാനത്തോളം ഞാൻ നിങ്ങളോടുകൂടെ ഇരിക്കുമെന്നു കല്പ്പിച്ച് വാഗ്ദത്തം ചെയ്ത കർത്താവ് അങ്ങയോടുകൂടെ ഇരുന്ന് നാൾതോറും പരിശുദ്ധ സഭയിൽ അത്ഭുതങ്ങളും അടയാളങ്ങളും പ്രവർത്തിക്കുതിനാൽ പരിശുദ്ധനെ! നീ ഭാഗ്യവാനാകുന്നു. ആദിയിൽ ആദാമിന്റെ മുന്നിലും വിശ്വാസവീരനായ ദാനിയേലിന്റെ മുന്നിലും കാട്ടുമൃഗങ്ങൾ തല കുനിച്ചതുപോലെ ഹിംസ്രജന്തുക്കൾ

അധിവസിക്കുന്ന വനാന്തരങ്ങളിൽകൂടി ഈ ദേശത്തേക്ക് എഴുന്നള്ളി വന്ന ഞങ്ങളുടെ പരിശുദ്ധ പിതാവെ! നീ ഭാഗ്യവാനാകുന്നു. "നല്ല ഇടയൻ തന്റെ ആടുകൾക്കുവേണ്ടി ജീവനെ കൊടുക്കുമെന്ന്" കർത്താവ് തിരുവായ്മൊഴിഞ്ഞപ്രകാരം സ്വഭവനത്തേയും സ്വദേശത്തേയും ചാർച്ചക്കാരെയും വിട്ട് പരിശുദ്ധസഭയുടെ രക്ഷയ്ക്കുവേണ്ടി എഴുന്നള്ളിവന്ന പരിശുദ്ധനെ! നീ ഭാഗ്യവാനാകുന്നു. അങ്ങയുടെ മുൻഗാമികളായി ഈ സഭയുടെ രക്ഷയ്ക്കുവേണ്ടി അയയ്ക്കപ്പെട്ട പരിശുദ്ധ പിതാക്കന്മാരെ ശത്രുക്കൾ വാളിന്റെ വായ്ത്തലയാൽ കൊല്ലുകയും കടലിൽ കെട്ടിത്താഴ്ത്തുകയും ചെയ്തത് അറിഞ്ഞിട്ടും മരണത്തെ ഭയപ്പെടാതെ കർത്താവിനെപ്രതിയുള്ള സ്നേഹവും ഈ സഭാമക്കളെ കുറിച്ചുള്ള കരുതലും മുഖാന്തിരം എഴുന്നള്ളി വന്ന പരിശുദ്ധ യൽദോ മാർ ബസ്സേലിയോസ് ബാവായേ! നീ ഭാഗ്യവാനാകുന്നു. നിന്റെ തിരുസന്നിധിയിലേക്ക് സംഖ്യയില്ലാതെ ഭക്തജനങ്ങൾ നാൾതോറും അടുത്തുവരികയും അനുഗ്രഹം പ്രാപിക്കുകയും ചെയ്യുന്നു. പരിശുദ്ധന്റെ നാമത്തിൽ പേര് വിളിക്കപ്പെടുന്നതുവഴി അനേകർക്ക് ആ നാമം മാഹാഭാഗ്യമായിത്തീരുന്നു. പരിശുദ്ധ പിതാവിന്റെ നാമവും സാന്നിധ്യവും സകലജാതികളും ആദരിച്ച് ദൈവത്തെ മഹത്വപ്പെടുത്തുന്നു. ആകയാൽ ഈ പരിശുദ്ധനെ നോക്കിക്കൊണ്ട് സഭ പറയുന്നത് എന്തെന്നാൽ – അങ്ങ് കർത്താവിന്റെ ഉത്തമ ശിഷ്യനാകുന്നു. എന്തെന്നാൽ കാറ്റും കടലും അങ്ങയെ അനുസരിച്ചു. കാടും മേടും വന്യമൃഗങ്ങളും അങ്ങയുടെ മുൻപിൽ വണങ്ങി പ്രാർത്ഥിച്ച് അനുഗ്രഹം പ്രാപിക്കുന്നു. അവിടത്തെ മഹാമദ്ധ്യസ്ഥത മുഖാന്തിരം സകലർക്കും ക്ഷേമവും ഐശ്വര്യവും പെരുകിവരുന്നു. ഇതു ഹേതുവായി കർത്താവേ! ഞങ്ങൾ നിന്നോട് അപേക്ഷിച്ചു യാചിക്കുന്നത് എന്തെന്നാൽ: ഈ പരിശുദ്ധ പിതാവിന്റെ ഓർമ്മയെ ആഘോഷിച്ച് ബഹുമാനിക്കുന്നവരായ ദൈവജനത്തിന് സകല ദൈവിക സഹായങ്ങളും അദ്ദേഹത്തിന്റെ മദ്ധ്യസ്ഥത മുഖാന്തിരം ലഭിക്കണമേ. രോഗികൾ സൗഖ്യം പ്രാപിക്കണമെ. ഞെരുക്കത്തിലിരിക്കുന്നവർക്ക് ആശ്വാസവും, മനോവേദനപ്പെട്ട് അടുത്തു വരുന്നവർക്ക് അദ്ദേഹത്തിന്റെ പ്രാർത്ഥന മുഖാന്തിരം ശാന്തിയും, സമാധാനവും ലഭിക്കണമെ. വിപ്ലവങ്ങളും തർക്കങ്ങളും ഉന്മൂലനം ചെയ്യപ്പെടണമെ. സഭയിൽ ദൈവിക സമാധാനം ഉണ്ടാകണമെ. മേൽപ്പട്ടക്കാരെ ദൈവാശ്രയത്തിലും സുകൃത ജീവിതത്തിലും ശ്രേഷ്ഠരാക്കണമെ. ആചാര്യവൃന്ദത്തിന് സ്വർഗ്ഗീയ വെണ്മയും ശെമ്മാശന്മാർക്ക് പ്രഭയും വാർദ്ധക്യത്തിൽ എത്തിയവർക്ക് ബലവും യൗവ്വനക്കാർക്ക് പരിപാകതയും കുഞ്ഞുങ്ങൾക്ക് വളർച്ചയും ദേശത്തിന് അനുഗ്രഹവും ലഭിക്കണമേ. ഈ പെരുന്നാളിൽ സംബന്ധിക്കുവാൻ കൂടിവന്നിരിക്കുന്നവർ



അദ്ദേഹത്തിന്റെ മദ്ധ്യസ്ഥത മുഖാന്തിരം അനുഗ്രഹം പ്രാപിക്കണമെ. ഞങ്ങളുടെ മരിച്ചുപോയവർക്ക് സ്വർഗ്ഗീയ മണവറയിൽ ആശ്വാസം ലഭിക്കണമെ. ഞങ്ങൾ നിന്റെ മനുഷ്യസ്നേഹത്തിനും അവിടുത്തോടൊരുമിച്ച് പിതാവാം ദൈവത്തിനും പരിശുദ്ധ റൂഹായ്ക്കും സ്തുതിയും സ്തോത്രവും കരേറ്റുവാനായിട്ടുതന്നെ ഹോശോ..... മെന്നാലോഹോ ന്കാബെൽ.....

## എത്രൊ

കാരുണ്യവാനായ കർത്താവേ! നിന്റെ മഹാപുരോഹിതനും, ഉത്തമ ഇടയനുമായ പരിശുദ്ധ യൽദോ മാർ ബസ്സേലിയോസ് ബാവാ നിന്റെ തിരുസിധിയിലേക്ക് വന്ന് ചേർന്ന്, തന്റെ ആത്മീയ ആട്ടിൻപറ്റമായ ഞങ്ങൾക്കുവേണ്ടി നിന്റെ സന്നിധാനത്തിൽ ഇന്ന് മാദ്ധ്യസ്ഥം ചെയ്തുകൊണ്ടിരിക്കുന്നുവല്ലൊ. ആ വന്ദ്യപിതാവായ യൽദൊ മാർ ബസ്സേലിയോസിന്റെ ഓർമ്മപ്പെരുന്നാളിൽ ഞങ്ങൾ നിനക്ക് സമർപ്പിക്കുന്ന പരിമള ധൂപത്തെയും ശുശ്രൂഷകളെയും കൈക്കൊള്ളണമെ. ഈ പരിശുദ്ധ പിതാവിന്റെ അപേക്ഷകളാൽ ഞങ്ങൾക്ക് സഹായവും, അനുഗ്രഹവും ഉണ്ടാകണമെ. ഞങ്ങളെ പീഡിപ്പിക്കുന്ന ദുരാത്മാക്കളിൽനിന്നും ദുഷ്ടജനത്തിൽനിന്നും ഞങ്ങളെ രക്ഷിച്ചുകൊള്ളണമെ. നിന്റെ പരിശുദ്ധ സഭ എന്നും സ്നേഹത്തിലും ഐക്യമത്യത്തിലും നിലനിന്ന് നിന്റെ സുവിശേഷം പ്രചരിപ്പിച്ച് സഭ വളർന്ന് ലോകമെങ്ങും വ്യാപിക്കുവാൻ ശക്തി നൽകേണമെ. ഞങ്ങളും മരിച്ചുപോയ വിശ്വാസികളും ഞങ്ങളുടെ പരിശുദ്ധ പിതാവായ യൽദൊ മാർ ബസ്സേലിയോസിനോടൊന്നിച്ച് നിന്റെ തിരുസന്നിധിയിൽ വന്നുചേർന്ന് നിനക്ക് സ്തുതിയും സ്തോത്രവും പാടുമാറാകണമെ. ഹോശോ.....

## പ്രഭാതത്തിന്റെ

## സ്ളൂസൊ (സന്ധ്യയുടെ തന്നെ)

## പ്രുമിയോൻ

നിർമ്മലഹൃദയമുള്ളവരെ തെരഞ്ഞെടുത്ത് ദൈവികശക്തി അണിയിക്കുകയും ആയുഷ്ക്കാലത്തും അനന്തരവും അവരുടെ മദ്ധ്യസ്ഥതയിൽ അഭയപ്പെടുന്നവർക്ക് സഹായം നൽകുകയും ചെയ്യുന്നവനും

പരിശുദ്ധ മാർ ബസേലിയോസിനെ തെരഞ്ഞെടുത്ത് വ്രതജീവിതത്താൽ അവനെ ശ്രേഷ്ഠതപ്പെടുത്തി ധന്യങ്ങളായ നടപടികളാൽ പ്രകാശിപ്പിക്കുകയും, ഞങ്ങൾക്കുവേണ്ടി തന്റെ മുമ്പാകെ മദ്ധ്യസ്ഥനായി അദ്ദേഹത്തെ നിർത്തുകയും ചെയ്തവനും അദ്ദേഹത്തിന്റെ മദ്ധ്യസ്ഥതമുഖാന്തിരം പരി. സഭയ്ക്ക് സഹായം നല്കുന്നവനുമായ നല്ലഇടയനായ കർത്താവിനു സ്തുതി. തനിക്ക്. പ്രഭാത പ്രാർത്ഥനയുടെ.....

## സെദ്റാ

മൽക്കിസദേക്കിന്റെ ക്രമപ്രകാരമുള്ള മഹാപുരോഹിതനായ ഞങ്ങളുടെ കർത്താവായ യേശുമ്ശിഹാ തമ്പുരാനെ! നീ പരിശുദ്ധ സഭയെ സ്ഥാപിക്കുകയും അതിനെ മേയിപ്പാൻ പരിശുദ്ധ ശ്ലീഹന്മാരെ അധികാരപ്പെടുത്തുകയും ചെയ്തു. പരി. അന്ത്യോഖ്യാ സിംഹാസനത്തിൻകീഴിൽ കാലാകാലങ്ങളിൽ പരി. സഭയെ സത്യവിശ്വാസത്തിൽ നിലനിർത്തുവാൻ സത്യവിശ്വാസികളായ പ്രധാനാചാര്യന്മാരെ നീ നിയമിച്ചാക്കി. ഇവർ പരിശുദ്ധ അന്ത്യോഖ്യാ സിംഹാസത്തിൽ കീഴിൽ നിന്റെ ആട്ടിൻപറ്റത്തെ സത്യവിശ്വാസത്തിൽ നിർമ്മലമായി മേയിച്ചു. മലങ്കരസഭയിൽ സത്യവിശ്വാസം നിലനിർത്തുവാൻവേണ്ടി മോർ ബസ്സേലിയോസിനെ മഫ്രിയാനാ ആയി പരി. സിംഹാസനം തിരഞ്ഞെടുത്ത് ഈ ദേശത്തേയ്ക്കയച്ചു.... ശൈശവം മുതലെ ലോകത്തെയും ഭവനത്തേയും വിട്ട് നിന്നെ അനുഗമിക്കുകയും, നിന്റെ കുരിശിനെ സന്തോഷത്തോടെ വഹിച്ച് ദയറാക്കാർക്ക് ഉത്തമമാതൃക ആയി ജീവിതം നയിക്കുകയും; പ്രായാധിക്യവും അവശതയും അവഗണിച്ച് ആടുകൾക്കുവേണ്ടി പ്രാണത്യാഗം ചെയ്യുകയും, ഉത്തമ ഇടയനെപ്പോലെ സ്വന്തം ദേശം വിട്ട് ശ്രമകരമായിരുന്ന യാത്രാക്ലേശങ്ങളെ വകവയ്ക്കാതെ മലങ്കരയിൽ വന്നുചേരുകയും ചെയ്തു. വാർദ്ധക്യവും യാത്രാക്ലേശവും നിമിത്തം തന്റെ ആത്മീയ മക്കളുടെ ഇടയിൽ ദീർഘകാലം ജീവിപ്പാൻ തനിക്ക് സാധിച്ചില്ല. സഭയുടെ രക്ഷയ്ക്കും അതിന്റെ മക്കളെ മേയിച്ചുഭരിക്കുന്നതിനും ആയി മോർ ഈവാനിയോസിനെ മേൽപ്പട്ടക്കാരനായി അഭിഷേകം ചെയ്തശേഷം ഇവിടെവച്ചുതന്നെ താൻ തന്റെ ജീവന്റെ ഉടയവന് അതിനെ ഭരമേൽപ്പിച്ചു. സർവ്വശക്തനായ ദൈവമേ! ഈ പരിശുദ്ധ പിതാവിന്റെ ജീവിതകാലത്ത് എന്നതുപോലെ അനന്തരവും അദ്ദേഹത്തിന്റെ മദ്ധ്യസ്ഥത മുഖാന്തിരം അനവധി അടയാളങ്ങളും അത്ഭുതങ്ങളും നടക്കുന്നു. ആകയാൽ കാരുണ്യവാനായ കർത്താവേ! നിന്നോടു ഞങ്ങൾ അപേക്ഷിക്കുന്നു: പരിശുദ്ധ ബാവായുടെ മദ്ധ്യസ്ഥപ്രാർത്ഥന മുഖാന്തിരം പരി. സഭയിൽ സമാ



ധാനം ഉണ്ടാക്കണമെ. അതിൽനിന്നും ഭിന്നതകളെയും ശണ്ഠകളെയും വിഭാഗീയ ചിന്തകളെയും വേദവിപരീതങ്ങളെയും മായിച്ചുകളയണമെ. പരി. അന്ത്യോഖ്യാ സിംഹാസനത്തിൻ കീഴിൽ പരി. സഭയെ പുഷ്ടിപ്പെടുത്തണമെ. അതിലെ മേൽപ്പട്ടക്കാരെയും പട്ടക്കാരെയും ശെമ്മാശന്മാരെയും മുട്ടാടുകളും പള്ളാടുകളും കുഞ്ഞാടുകളുമായ നിന്റെ ആട്ടിൻപറ്റത്തെ നേർവഴിയിൽ നയിക്കുവാൻ പ്രാപ്തരാക്കണമെ. അദ്ദേഹത്തിന്റെ മദ്ധ്യസ്ഥതവഴി രോഗികൾ സുഖം പ്രാപിക്കണമെ. ദുഃഖിതർ ആശ്വസിക്കപ്പെടണമെ. ദുരാത്മാക്കളാൽ പീഡിപ്പിക്കപ്പെടുന്നവർ രക്ഷിക്കപ്പെടണമെ. അത്യാവശ്യത്തിലിരിക്കുന്നവർ പുലർത്തപ്പെടണമെ. വിശപ്പുള്ളവർ സംതൃപ്തരാകണമെ. വിശ്വാസികളായ വാങ്ങിപ്പോയവർ ഭാഗ്യകര ഭവനങ്ങളിൽ ആശ്വസിക്കപ്പെടണമെ. അങ്ങനെ ഞങ്ങളും അവരും അദ്ദേഹത്തെ തെരഞ്ഞെടുത്ത പിതാവിനും ശ്രേഷ്ഠനാക്കിയ പുത്രനും കിരീടം ധരിപ്പിച്ച വിശുദ്ധ റൂഹായ്ക്കും ഇപ്പോഴും എപ്പോഴും എന്നേക്കും സ്തുതിയും സ്തോത്രവും കരേറ്റുമാറാകണമെ. ഹോശോ....

## എത്രോ

കാരുണ്യവാനായ കർത്താവേ! പരി. മോർ ബസ്സേലിയോസിന്റെ ഈ പെരുന്നാളിൽ ഞങ്ങൾ നിനക്കു സമർപ്പിക്കുന്ന പരിമളധൂപത്തെയും ശുശ്രൂഷകളെയും കൈക്കൊള്ളണമെ. അദ്ദേഹത്തിന്റെ മദ്ധ്യസ്ഥപ്രാർത്ഥനകളാൽ ഞങ്ങളെ പീഡിപ്പിക്കുന്ന ദുരാത്മാക്കളിൽനിന്നും ദുഷ്ടജനത്തിൽനിന്നും ഞങ്ങളെ രക്ഷിക്കണമെ. നിന്റെ സഭ എന്നും സ്നേഹത്തിലും യോഗ്യമായും തിരുവചനം പാലിച്ചു ജീവിക്കുമാറാകണമെ ഞങ്ങളുടെ പരേതരും പരി. പിതാവിനോടൊപ്പം തിരുമുമ്പാകെ സ്തുതിയും സ്തോത്രവും പാടുമാറാകണമെ. മോറാൻവാലോഹാൻ....

# സ്ലീബാ മോർ ഒസ്ത്താത്തിയോസ് ബാവായുടെ ഓർമ്മ

## പ്രുമിയോൻ

സ്വയസ്ഥിതനും അനാദ്യന്തനും അത്യുന്നതനും അദൃശ്യനും അപരിശോധ്യനും ഒന്നുമില്ലായ്മയിൽനിന്നും സകലവും ഉളവാക്കിയവനും

ഏകമായി ഏറ്റുപറയപ്പെടുകയും ത്രിത്വമായി ആരാധിക്കപ്പെടുകയും സ്തുതിക്കപ്പെടുകയും ചെയ്യുന്ന ദൈവത്തിന്റെ വചനം മനുഷ്യാവതാരത്തിനും സ്ലീബായ്ക്കുമായി എഴുന്നള്ളിവരികയും ദൈവരാജ്യത്തിന്റെ മർമ്മങ്ങളെ സകല ജനങ്ങളോടും സുവിശേഷിപ്പാനും പിതാവിന്റെയും പുത്രന്റെയും പരിശുദ്ധ റൂഹായുടെയും നാമത്തിൽ സകല മനുഷ്യരെയും മാമൂദീസാ മുക്കുവാനും തക്കവണ്ണം പരിശുദ്ധാത്മാവിനെ മൺകൂടാരമായ മനുഷ്യരിൽ സന്നിവേശിപ്പിക്കുകയും ചെയ്ത വചനമായ തമ്പുരാനു സ്തുതി. തനിക്ക് ഞങ്ങളുടെ പിതാവായ പരിശുദ്ധ സ്ലീബാ മോർ ഒസ്ത്താത്തിയൊസ് ബാവായുടെ ഓർമ്മപ്പെരുന്നാൾ കൊണ്ടാടുന്ന ഈ സമയത്തും സകല പെരുന്നാളുകളിലും നേരങ്ങളിലും കാലങ്ങളിലും സമയങ്ങളിലും സ്തുതിയും ബഹുമാനവും ആരാധനയും യോഗ്യമാകുന്നു. ബ്കുല്ഹൂൻ യൗമോസൊദ് ഹായായ്ൻ ല് ഒൽമ്മീൻ.

## സെദ്റാ

മെസപ്പട്ടോമിയായിലെ കഫർസൊ ഗ്രാമത്തിൽനിന്നും സ്ലീബാ എന്ന നാമത്തിൽ വിളിച്ച് വേർതിരിക്കുകയും പരിശുദ്ധ മോറാൻ മോർ ഇഗ്നാത്തിയോസ് അബ്ദേദാലോഹൊ പാത്രിയർക്കീസ് ബാവായാൽ പിൽക്കാലത്ത് മെത്രാപ്പോലീത്താ ആയി വാഴിക്കപ്പെടുകയും പരിശുദ്ധ അന്ത്യോഖ്യാ സിംഹാസന പ്രതിനിധിയായി മലങ്കരയിലേക്ക് അയക്കപ്പെടുകയും മലങ്കര സഭയെ പരിശുദ്ധ സിംഹാസനത്തിൻ കീഴിൽ ഉറപ്പിച്ചു നിർത്തുകയും സത്യവചന പ്രഘോഷകനായി അങ്ങോളമിങ്ങോളം ചുറ്റിസഞ്ചരിച്ച് വിശ്വാസികളെ ഉറപ്പിച്ചുനിർത്തുകയും ചെയ്ത പരിശുദ്ധ മോർ ഒസ്ത്താത്തിയോസ് സ്ലീബാ ബാവായുടെ മഹിമകളെ വർണ്ണിപ്പാൻ ഏതൊരു നാവിനു പ്രാപ്തിയുണ്ട്? പുണ്യവാനായ അത്താനാസിയോസ് ശെമവൂൻ ബാവായുടെ കൂടെ അദ്ദേഹം ശുശ്രൂഷിക്കുകകയും അദ്ദേഹത്തിന്റെ കാലശേഷം പരിശുദ്ധ ചാത്തുരുത്തിൽ ഗ്രീഗോറിയോസ് തിരുമേനിയുടെ ശിഷ്യനായി ജീവിച്ച് പ്രാർത്ഥന, ധ്യാനം, ഉപവാസം എന്നീ പുണ്യനടപടികളിൽ മാലാഖമാരെ അതിശയിപ്പിക്കുകയും ചെയ്തിരുന്നു. മലങ്കരയിൽ ശോഭിച്ചിരുന്ന സ്ലീബാ ശെമ്മാശൻ പൗരോഹിത്യത്തിന്റെ വിവിധ നിലകളിലേക്ക് ഉയർന്ന് മെത്രാപ്പോലീത്താസ്ഥാനത്ത് എത്തിച്ചേർന്നത് ദൈവനിയോഗത്താൽ ആയിരുന്നു. പരിശുദ്ധ മോറാൻ മോർ ഇഗ്നാത്തിയോസ് സാഖാ പ്രഥമൻ പാത്രി



യർക്കീസ് ബാവായാൽ രണ്ടായിരാമാണ്ടിൽ അദ്ദേഹത്തെ പരിശുദ്ധന്മാരുടെ ശ്രേണിയിലേക്ക് ഉയർത്തി. ജീവിച്ചിരിക്കുമ്പോഴും അനന്തരവും അദ്ദേഹത്തിന്റെ മദ്ധ്യസ്ഥതയാൽ അനേകം അത്ഭുതങ്ങൾ നടന്നുകൊണ്ടിരിക്കുന്നു. അദ്ദേഹത്തിന്റെ മഹിമകളെ വർണ്ണിപ്പാൻ ഞങ്ങളുടെ വാകൾ അശക്തമെങ്കിലും ദൈവകൃപയിൽ ആശ്രയിച്ചുകൊണ്ട് ഞങ്ങൾ അദ്ദേഹത്തിനു ഭാഗ്യം ആശംസിച്ചുപറയുന്നു. സ്ലീബായിൽ കിടന്നുകൊണ്ട് തന്നെ ക്രൂശിച്ചവരോടു ക്ഷമിക്കുവാൻവേണ്ടി പിതാവാം ദൈവത്തോടു പ്രാർത്ഥിച്ച കർത്താവിനെ, തന്റെ ജീവിതത്തിൽക്കൂടി ഞങ്ങൾക്കു കാട്ടിത്തന്ന പരിശുദ്ധ മോർ ഒസ്ത്താത്തിയോസ് സ്ലീബാ ബാവാ! അവിടുന്ന് സൗഭാഗ്യശാലിയാകുന്നു. കറയില്ലാത്ത സത്യവിശ്വാസം ലോകത്തോടറിയിച്ച പരിശുദ്ധ ബാവാ! അവിടുന്ന് ഭാഗ്യവാനാകുന്നു. ലൗകിക സമ്പാദ്യങ്ങളെല്ലാം വിട്ടുകളഞ്ഞ് സ്വർഗ്ഗരാജ്യത്തിന്റെ വിലയേറിയ മാണിക്യങ്ങളെ സമ്പാദിച്ച പരിശുദ്ധ ഒസ്താത്തിയോസ് സ്ലീബാ ബാവാ! അവിടുന്ന് ഭാഗ്യവാനാകുന്നു. നിഷ്കളങ്ക മനഃസാക്ഷിയോടെ എല്ലാവരെയും സ്നേഹിക്കുകയും കരുതുകയും ചെയ്ത പരിശുദ്ധ ഒസ്താത്തിയോസ് സ്ലീബാ ബാവാ! അവിടുന്ന് ഭാഗ്യവാനാകുന്നു. പരിശുദ്ധനായ മോർ കൗമെയുടെ തിരുശേഷിപ്പ് മലങ്കര മക്കൾക്ക് നിക്ഷേപമായി നൽകിയ പരിശുദ്ധ ഒസ്താത്തിയോസ് സ്ലീബാ ബാവാ! അവിടുന്ന് ഭാഗ്യവാനാകുന്നു.

ആകയാൽ കർത്താവേ! അവിടുത്തോട് അടിയങ്ങൾ പ്രാർത്ഥിക്കുന്നു. ഈ പരിശുദ്ധ ബാവായുടെ മദ്ധ്യസ്ഥതയാൽ പരിശുദ്ധ സഭയിൽ നിത്യമായ ശാന്തിയും സമാധാനവും സത്യവിശ്വാസവും നിലനിൽക്കുമാറാകണമെ. രോഗികൾക്കു സൗഖ്യവും മനോദുഃഖിതർക്ക് ആശ്വാസവും ധനവാന്മാർക്ക് ദയയും ദരിദ്രന്മാർക്ക് പോഷണവും പുരോഹിതന്മാർക്കും ശെമ്മാശന്മാർക്കും നിർമ്മലതയും വിശുദ്ധാത്മ നിറവും പരിശുദ്ധ സഭയിലെ എല്ലാ മക്കൾക്കും അനുഗ്രഹവും നിസ്വാർത്ഥ ജീവിതവും നൽകണമെ. സത്യവിശ്വാസത്തോടെ വാങ്ങിപ്പോയവർക്ക് ആശ്വാസവും നല്ല ഓർമ്മയും ഉണ്ടാകണമെ. ഞങ്ങളെ എല്ലാവരെയും അവിടുത്തേക്ക് പ്രീതികരമായ ക്രിസ്തീയ അന്ത്യത്തിനും നിരപ്പുള്ള പുറപ്പാടിനും യോഗ്യരാക്കുകയും ചെയ്യണമെ. ഞങ്ങൾ ഇന്ന് ആരുടെ ഓർമ്മയെ കൊണ്ടാടുന്നുവോ ആ പരി. പിതാവിനോടു ചേർന്നുനിന്ന് വിശുദ്ധ ത്രിത്വത്തിനു സ്തുതിയും സ്തോത്രവും കരേറ്റുകയും ചെയ്യുമാറാകണമെ. ഹോശോ.....

## പരിശുദ്ധ മോർ കൂറീലോസ് പൗലൂസ് മെത്രാപ്പോലീത്തായുടെ ഓർമ്മ

പരിശുദ്ധന്മാരാൽ മഹത്വീകരിക്കപ്പെടുകയും മൽപ്പാന്മാരാൽ ശ്രേഷ്ഠതപ്പെടുകയും കുപ്പയിൽനിന്നും തന്റെ സിംഹാസനത്തിലേക്കുയർത്തുകയും തന്റെ ശ്രീഭണ്ഡാരകർത്തൃത്വം അവരെ ഭരമേൽപ്പിക്കുകയും കെട്ടുവാനും അഴിക്കുവാനുമുള്ള പൗരോഹിത്യ അധികാരം അവർക്കു നൽകുകയും ചെയ്ത മ്ശിഹാ തമ്പുരാൻ മലങ്കര മെത്രാപ്പോലീത്താ ആയിരുന്ന പൗലൂസ് മോർ കൂറിലോസിനെ പരിശുദ്ധന്മാരുടെ പദവിയിലേക്ക് ഉയർത്തുവാൻ തിരുമനസായി, അദ്ദേഹത്തിന്റെ ഓർമ്മയെ നാനാദേശത്തും ശ്രേഷ്ഠമാക്കി. തനിക്ക് പരിശുദ്ധ പിതാവിന്റെ ഓർമ്മ നിർവഹിക്കുന്ന ഈ സമയത്തും സകല പെരുന്നാളുകളിലും...... ബ്കുല്ഹൂൻയൗമോസൊ ദ്ഹായായ്ൻ ല്ഒൽമ്മീൻ.

### സെദ്റാ

സഭയുടെ അനിഷേധ്യ നേതാവായി ദൈവത്തിന്റെ സഭയിൽ അജപാലകനായിത്തീരുവാൻ തക്കവണ്ണം വിളിച്ചു വേർതിരിക്കപ്പെട്ട പരിശുദ്ധ പിതാവായ മോർ കൂറീലോസ് പൗലൂസിന്റെ പുകഴ്ചകളെ വർണ്ണിപ്പാൻ ബലഹീനരായ അടിയങ്ങൾ തുനിയുന്നു. തന്റെ ജീവിതകാലം മുഴുവനും ബ്രഹ്മചര്യം, അനുസരണം, ദാരിദ്ര്യം എന്നീ ദയറോയൂസോയുടെ ഗുണങ്ങളെ തന്റെ ജീവിതത്തിൽ പ്രാവർത്തികമാക്കിയ ഈ പിതാവ് പരിശുദ്ധ ചാത്തുരുത്തിൽ ഗ്രീഗോറിയോസ് ഗീവർഗ്ഗീസ് തിരുമേനിയുടെ പാത പിന്തുടരുന്നതിൽ ഉത്സുകനായി. തപോധനനായ ഈ പിതാവ് പരിശുദ്ധ അന്ത്യോഖ്യാ പാത്രിയർക്കീസ് ആയിരുന്ന അബ്ദേദ് ആലോഹോ രണ്ടാമൻ ബാവായിൽനിന്നും മെത്രാപ്പോലീത്താ സ്ഥാനം സ്വീകരിച്ചത് ദൈവതിരുഹിതമായിരുന്നു. മെത്രാപ്പോലീത്താ ആയും പിന്നീട് മലങ്കരമെത്രാപ്പോലീത്താ ആയും സഭാനൗകയെ സത്യവിശ്വാസത്തിൽ നയിച്ച പരിശുദ്ധ പിതാവിന് അടിയങ്ങൾ ഭാഗ്യം ആശംസിച്ചു പറയുന്നു: തക്കസമയത്ത് തന്റെ ഭവനക്കാർക്കു ഭക്ഷണം നൽകുവാൻ യജമാനനാൽ നിയമിച്ചാക്കപ്പെട്ട പരിശുദ്ധ മോർ കൂറീലോസ് പൗലൂസ് തിരുമേനി! അവിടുന്ന് ഭാഗ്യവാനാകുന്നു. "ദയറോയൂസൊ"യുടെ ഉത്തമ മാതൃകയായ പരിശുദ്ധ പിതാവേ! അങ്ങ് സൗഭാഗ്യശാലിയാകുന്നു. സഭാമക്കളുടെ ഇടയിലെ ഭിന്നത തീർക്കുവാൻ പരിശുദ്ധ റൂഹായാൽ നയിക്കപ്പെട്ട പരിശുദ്ധ പിതാവേ! അങ്ങ് ഭാഗ്യവാനാകുന്നു. തന്റെ മദ്ധ്യസ്ഥതയിൽ അഭയപ്പെട്ട് കണ്ണുനീരോടെ അപേക്ഷിക്കുന്ന മക്കളെ അനുഗ്രഹിക്കുന്ന പരിശുദ്ധ പിതാവേ! അങ്ങ് ഭാഗ്യവാനാകുന്നു. ജീവിതാന്ത്യം വരെയും പരിശുദ്ധ അന്ത്യോഖ്യാ സിംഹാസനത്തോട് വിധേയപ്പെട്ട് അപ്പോസ്തോലിക സത്യവിശ്വാസത്തിൽ നിലനിന്നിരുന്ന പരിശുദ്ധ പിതാവേ! അങ്ങ് ഭാഗ്യവാനാകുന്നു. ഇപ്പോൾ ഈ പരിശുദ്ധ പിതാവിന്റെ മദ്ധ്യസ്ഥതയിൽ രോഗികൾക്കു സൗഖ്യവും ദുഃഖിതർക്ക് ആശ്വാസവും അജപാലകർക്ക് വിശുദ്ധാത്മാവിന്റെ പുതുക്കവും പുരോഹിതന്മാർക്ക് നിർമ്മലതയും വിലപിക്കുന്നവർക്ക് സന്തോഷവും മാർഗ്ഗഭ്രംശം സംഭവിച്ചിരിക്കുന്നവർക്കു മാനസാന്തരവും തിരിച്ചുവരവും അനാഥർക്കു സംരക്ഷണവും വിധവമാർക്കു സഹായവും യുവാക്കൾക്കു സംയമനവും നേർവഴിയും ധനവാന്മാർക്ക് ദയയും ദരിദ്രന്മാർക്ക് സന്തുഷ്ടിയും വൃദ്ധജനങ്ങൾക്കു താങ്ങും ശിശുക്കൾക്കു പോഷണവും സ്ത്രീകൾക്കു സഹിഷ്ണുതയും പരിശുദ്ധ പിതാവിന്റെ മാദ്ധ്യസ്ഥം വഴിയായി സിദ്ധിക്കുമാറാകണമെ. കർത്താവേ! ബലഹീനരും പാപികളുമായ ഞങ്ങൾ അവിടുത്തോടു അപേക്ഷിക്കുന്നതെന്തെന്നാൽ വിശ്വാസത്തിലും പ്രത്യാശയിലും സ്നേഹത്തിലും ഈ പരിശുദ്ധ പിതാവിന്റെ പാത പിൻതുടരുവാൻ ഞങ്ങളെ യോഗ്യരാക്കിത്തീർക്കണമെ. എന്റെ പിതാവിനാൽ അനുഗ്രഹിക്കപ്പെട്ടവരേ! ലോകസ്ഥാപനത്തിനു മുമ്പെ നിങ്ങൾക്കായി ഒരുക്കപ്പെട്ടിരിക്കുന്ന ഭാഗ്യം അവകാശിച്ചുകൊള്ളുവീൻ എന്നുള്ള കർതൃശബ്ദം കേൾക്കുവാൻ ഈ പരിശുദ്ധ പിതാവിനോടുകൂടെ ഞങ്ങളെയും ഞങ്ങളുടെ വാങ്ങിപ്പോയവരെയും യോഗ്യരാക്കിത്തീർക്കുമാറാകണമെ. ഞങ്ങൾ നിനക്കും നിന്റെ പിതാവിനും നിന്റെ പരിശുദ്ധ റൂഹായ്ക്കും ഇപ്പോഴും എപ്പോഴും എന്നേക്കും സ്തുതിയും സ്തോത്രവും കരേറ്റുകയും ചെയ്യുമാറാകണമെ. ഹോശോ....



## മേൽപ്പട്ടക്കാരുടെ ഓർമ്മ നടത്തുമ്പോൾ

### പ്രുമിയോൻ

ആദിയിൽ തന്റെ സ്വരൂപത്തിലും സാദൃശ്യത്തിലും ആദാമിനെ മെനയുകയും, "നീ എന്നെ മെനഞ്ഞു, നിന്റെ കൈ എന്റെമേൽ വച്ചു" എന്ന് സങ്കീർത്തനക്കാരനായ ദാവീദ് പാടിയപ്രകാരം അവനു കൈവപ്പു നൽകി പൗരോഹിത്യപദവിയിലേക്ക് ഉയർത്തുകയും ഹാബേലിന്റെയും നോഹിന്റെയും അബ്രഹാമിന്റെയും മൂശെയുടെയും മൃഗബലിയെ

നീക്കി മൽക്കീസദേക്കിന്റെ ക്രമപ്രകാരമുള്ള വിശുദ്ധ കുർബ്ബാനാനുഷ്ഠാനകന്മാരായിത്തീരുവാൻ തക്കവണ്ണം മഹാപ്രധാനചാര്യന്മാരായും ആചാര്യന്മാരെയും ക്രമീകരിക്കുകയും നിങ്ങൾ ഭൂമിയിൽ കെട്ടുന്നതെല്ലാം സ്വർഗ്ഗത്തിലും കെട്ടപ്പെട്ടിരിക്കുമെന്നും ഭൂമിയിൽ അഴിക്കുന്നതെല്ലാം സ്വർഗ്ഗത്തിലും അഴിക്കപ്പെടുമെന്നും കൽപ്പിച്ചു ക്രമീകരിച്ച മ്ശിഹാ തമ്പുരാനു സ്തുതി. തനിക്ക് ഞങ്ങളുടെ പിതാവായ (........)ന്റെ ഓർമ്മ നിർവഹിക്കുന്ന ഈ സമയത്തും സകല പെരുന്നാളുകളിലും....... ബ്കുൽഹുൻ യവ്മോസൊദ് ഹായയ്ൻ ല് ഒൽമ്മീൻ.

## സെദ്റാ

വലിയവനും അനാദ്യന്തനും വിസ്മയനീയനും യഥാർത്ഥ മഹാപുരോഹിതനും പരിശുദ്ധ സഭയെ തനിക്ക് മണവാട്ടിയായി തെരഞ്ഞെടുക്കുകയും അതിൽ മഹാപുരോഹിതശുശ്രൂഷ നടത്തുന്നതിനായി പരിശുദ്ധ ശ്ലീഹന്മാരെ നിയോഗിക്കുകയും തന്റെ തിരുശരീര രക്തങ്ങളുടെ പരികർമ്മികളായിത്തീരുവാൻതക്കവണ്ണം മേൽപ്പട്ടക്കാരെയും പട്ടക്കാരെയും ക്രമീകരിച്ചവനുമായ ഞങ്ങളുടെ കർത്താവേ! പരി. അന്ത്യോഖ്യാ സിംഹാസനത്തിൻ കീഴിൽ സത്യവിശ്വാസത്തിൽ തന്റെ ആട്ടിൻകൂട്ടത്തെ മേയിക്കുകയും തന്നെ ഏൽപ്പിച്ച താലന്തുകൊണ്ട് അഞ്ചു താലന്തുകൂടെ വർദ്ധിപ്പിക്കുകയും രാപകലുകൾ പ്രാർത്ഥനയിലും ഉപവാസത്തിലും ദണ്ഡനമസ്ക്കാരത്തിലും കുറവുവരുത്താതെ അവിടുത്തോടു നിരപ്പായി ഉത്തമ അജപാലകനായി നല്ല പോരാട്ടം നടത്തുകയും, സത്യവിശ്വാസം കാത്തുസൂക്ഷിക്കുകയും, സ്വർഗ്ഗീയ കിരീടത്തിനു അർഹനായിത്തീരുകയും ചെയ്ത ഞങ്ങളുടെ പിതാവും മഹാപുരോഹിതനുമായ(.........)നെ ഓർത്ത് ഞങ്ങൾ പ്രാർത്ഥിക്കുന്നു. ഇഹലോകമോഹങ്ങളെയും ലൗകിക സമ്പാദ്യങ്ങളെയും പരിത്യജിച്ച് തന്റെ ആടുകൾക്കുവേണ്ടി ജീവൻ വച്ച നല്ല ഇടയന്റെ മാതൃക ആയിത്തീർന്ന ഞങ്ങളുടെ പിതാവ് ഈ ലോകത്തിലെ ഞെരുക്കങ്ങളിൽനിന്നും വൈഷമ്യങ്ങളിൽനിന്നും മരണംമൂലം മാറ്റപ്പെട്ടിരിക്കുന്നു. സ്വർഗ്ഗത്തിലും ഭൂമിയിലും അധികാരമുള്ള അവിടുത്തെ പരികർമ്മിയായി അദ്ദേഹം നിലകൊള്ളുമാറാകണമെ. പോരാട്ടത്തിൽ കഴിയുന്ന സഭാമക്കളെ ഓർത്ത് ഈ പിതാവ് പ്രാർത്ഥിക്കുകയും നിരന്തരമായ സ്തോത്രങ്ങളും ഹാലേലുയ്യാ ഗീതങ്ങളും ഇവിടെ എന്നതുപോലെ അവിടെയും കീർത്തിക്കുകയും, രക്ഷയുടെ “സോവാറാ”യ പർദീസായുടെ ഇമ്പങ്ങളിൽ



അദ്ദേഹം ആനന്ദം അനുഭവിക്കുകയും ചെയ്യുമാറാകണമെ. അറിവോടെയോ അറിവുകൂടാതെയോ മനസ്സോടെയോ മനസ്സുകൂടാതെയോ ഞങ്ങളിൽനിന്നും അദ്ദേഹത്തിൽനിന്നും വന്നുപോയിട്ടുള്ള തെറ്റുകളെയും കുറവുകളെയും മായിച്ചുകളയുകയും അദ്ദേഹത്തെ ഏൽപ്പിച്ച താലന്തുകളെ പലിശയോടുകൂടെ തിരുമുമ്പാകെ സമർപ്പിക്കുവാൻ യോഗ്യനാക്കിത്തീർക്കുകയും അതിവേദനകളിൽനിന്നും ദുഃഖങ്ങളിൽനിന്നും കഷ്ടതകളിൽനിന്നും അദ്ദേഹത്തെ രക്ഷിക്കുകയും പരിശുദ്ധ ശ്ലീഹന്മാരുടെ തലവനായ മോർ പത്രോസിനോടും അവന്റെ സഖികളോടും ചേർന്നു നിന്നുകൊണ്ട് നിനക്കു ഹാലേലുയ്യാ പാടുകയും മാലാഖമാരുടെ വിവിധ നിരകളോടു ചേർന്ന് അവിടുത്തേക്ക് “ബ്രീക്കു ഈഖോറെ” പാടുകയും അഹറോനോടും ഏലിയാസാറിനോടും ഒരുമിച്ച് അവിടുത്തെ ശുശ്രൂഷിക്കുകയും പ്രവാചകന്മാരോടൊപ്പം സ്തോത്രം അർപ്പിക്കുകയും സഹദേന്മാരോടുകൂടെ അവിടുത്തെ മഹത്വപ്പെടുത്തുകയും പ്രധാനാചാര്യത്വത്തിന്റെ മഹനീയ ഭൂഷണങ്ങളാൽ അലങ്കരിക്കപ്പെടുകയും ചെയ്യുമാറാകണമെ. കർത്താവെ! ആരുടെ ഓർമ്മ ഞങ്ങൾ കൊണ്ടാടുന്നുവോ ആ പിതാവിനോടു ചേർന്നുനിന്ന് ഞങ്ങൾ നിനക്കും നിന്റെ പിതാവിനും പരിശുദ്ധ റൂഹായ്ക്കും സ്തുതിയും സ്തോത്രവും കരേറ്റുകയും ചെയ്യുമാറാകണമെ. ഹോശൊ.....